# റബ്ബർ

ആഗസ്റ്റ് 2022 ● വാർഷികവരിസംഖ്യ ₹100

- റബ്ബറിന് രണ്ടാംഘട്ട വളപ്രയോഗം
- ഗുജറാത്തിലെ റബ്ബർകൃഷി സാധ്യത
- ആവരണവിളകൾ
- കെണ്ടുഗാഡി സംഘത്തിന്റെ വിജയഗാഥ
- റബ്ബർകൃഷിയിൽ അട്ടപ്പാടിയുടെ കുതിപ്പ്
- കൂൺകൃഷി: റബ്ബർകർഷകർക്കൊരു അധികവരുമാനം



ഇന്ത്യാ റബ്ബർ മീറ്റ് 2022


CHEERAKUZHY
Wonder Root ™
ROOT TRAINER RU BBER PLANT
മണ്ണ് തൊടാതെ,
തായ്‌വേര് മുറിക്കാതെ,
കപ്പ് റബ്ബർ തൈകൾ
ഉൽപാദിപ്പിക്കുന്ന
ആധുനിക
സാങ്കേതികവിദ്യ
രാഷ്ട്രപതിയിൽ നിന്നും അവാർഡ് നേടിയ
കർഷകശ്രീ
കെ.സി.കുര്യാക്കോസിന്റെ നഴ്സറി
സാധാരണ കപ്പ് തൈകളും
WONDER ROOT
കപ്പ് തൈകളും തമ്മിലുള്ള
വ്യത്യാസം നേരിൽ കണ്ടറിയുന്നതിന്
നഴ്സറി സന്ദർശിക്കുക.
വണ്ടർ റൂട്ട് തൈകൾ
അടുത്ത സീസണിലേക്ക്
ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു..!
കൂടുതൽ വിവരങ്ങൾക്ക്
9747500600
8592900400
ലഭ്യത പരിമിതം
ഉടൻ ബുക്ക് ചെയ്യുക
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuraikose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.
Kottappuram P.O, Srikrishnapuram, Palakkad 679513
Ph: 08592900400
09447011047. 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

UNION MKD

# ഉള്ളടക്കം


06 | ഇന്ത്യാ റബ്ബർ മീറ്റ് 2022

12 | റബ്ബറിന്
രണ്ടാംഘട്ട വളപ്രയോഗം

14 | ഗുജറാത്തിൽ റബ്ബർകൃഷിയുടെ
സാധ്യതാപഠനം

17 | മണ്ണും ജലവും സംരക്ഷിക്കാൻ
ആവരണവിളകൾ

20 | കെണ്ടുഗാഡി സംഘത്തിന്റെ
വിജയഗാഥ

22 | റബ്ബർകൃഷിയിൽ
അട്ടപ്പാടിയുടെ കുതിപ്പ്

24 | മഞ്ചേരി നഴ്സറി

27 | റബ്ബർചരിത്രം

31 | കൃഷിപ്പണികൾ

33 | കോൾസെന്റർ

36 | പരിശീലനപരിപാടികൾ

38 | കൂൺകൃഷി: കർഷകർക്കൊരു
അധികവരുമാനം

40 | വിപണി

42 | തോട്ടത്തിലാശാൻ





675

# റബ്ബർ

ആഗസ്റ്റ് 2022



**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 2301231, ഫാക്സ്: 2574902
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622



ചെയർമാൻ :
**ഡോ. സാവർ ധനാനിയ**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**ഡോ. കെ.എൻ. രാഘവൻ**

എഡിറ്റർ:
**പി. പ്രസാദ്**

അസിസ്റ്റന്റ് എഡിറ്റർ:
**ബി. ശ്രീകുമാർ**
**കെ.കെ. ബെന്നി**



**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.



*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# നിലനിൽപിന് ബഹുമുഖസമീപനങ്ങൾ

കാലാവസ്ഥാവ്യതിയാനവും പകർച്ചവ്യാധികളും രാജ്യാന്തരതലത്തിലുള്ള അസ്വസ്ഥതകളുമെല്ലാം ഉയർത്തുന്ന വെല്ലുവിളികൾ റബ്ബറടക്കമുള്ള കാർഷിക വിളകളെയെല്ലാം ബാധിച്ചിട്ടുണ്ട്. മറ്റു വിളകളെ അപേക്ഷിച്ച് ദീർഘകാലവിളയായ റബ്ബറിന്റെ കാര്യത്തിൽ പെട്ടെന്നുള്ള പകരം കണ്ടെത്തൽ എളുപ്പമല്ല. ആഗോള സാഹചര്യങ്ങൾക്കനുസരിച്ച് പുതിയ സമീപനങ്ങൾ സ്വീകരിക്കുകയും കൃഷിയിൽ തുടരുകയും ചെയ്യുക എന്നതുമാത്രമാണ് പ്രായോഗികം. കൊച്ചിയിൽ നടന്ന ഇന്ത്യാ റബ്ബർ മീറ്റിലെ മുഖ്യവിഷയം തന്നെ 'സുസ്ഥിരമായ ഭാവിക്ക് പ്രകൃതിദത്തറബ്ബർ' എന്നതായിരുന്നു.

മുഖ്യകൃഷിയിൽ തുടരുമ്പോൾതന്നെ കൃഷിയിടത്തിൽനിന്നുള്ള ഇതരവരുമാന സാധ്യതകൾ കൂടി പരമാവധി പ്രയോജനപ്പെടുത്തുക എന്ന ആശയം പുതുതല്ല. എന്നാൽ, റബ്ബർകൃഷിയുടെ കാര്യത്തിൽ അപക്വഘട്ടവും വിളവെടുപ്പുഘട്ടവുമടക്കം വളരെക്കാലത്തേക്ക് ലാഭകരമായി നിലനിൽക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ പ്രാദേശികമായ പരിഗണനകളോടെ യോജിച്ച വിവിധവരുമാനമാർഗ്ഗങ്ങൾ കണ്ടെത്തി ഒരേ സമയം നടപ്പാക്കിയാൽ മാത്രമേ സുസ്ഥിരത കൈവരിക്കാൻ കഴിയൂ.

റബ്ബറിനോടൊപ്പം ഔഷധസസ്യങ്ങൾ അടക്കമുള്ള ഇടവിളകൾ കൃഷിചെയ്ത് അവയിൽനിന്നുള്ള സംരംഭകത്വസാധ്യതകൾ പരീക്ഷിക്കൽ, കൃഷിയോടൊപ്പം കാർഷികവസ്തുക്കൾ നിർമ്മിക്കൽ, രോഗനിയന്ത്രണത്തിനായി ക്രൗൺ ബഡ്ഡിങ് നടത്തൽ, സ്വയം ടാപ്പിങ്ങിലൂടെയും യന്ത്രവത്കരണത്തിലൂടെയും ചെലവു കുറയ്ക്കൽ, റബ്ബറുത്പാദകസംഘങ്ങളുടെ നേതൃത്വത്തിൽ റബ്ബറുത്പന്നങ്ങൾ നിർമ്മിക്കൽ, ഉത്പാദനക്ഷമത വർദ്ധിപ്പിക്കൽ എന്നിങ്ങനെ മേഖലയുടെ സുസ്ഥിരതയ്ക്ക് സഹായകമായ കാര്യങ്ങൾ പുതിയ രീതികളിലൂടെ നടപ്പാക്കി വിജയം നേടിയ കർഷകർ റബ്ബർമീറ്റിൽ അവതരിപ്പിച്ച അനുഭവങ്ങൾ പ്രതീക്ഷ നൽകുന്നതാണ്.

ആഗോളസാമ്പത്തികരംഗം വളർച്ചയുടെ പാതയിൽ ആണെന്ന് വേൾഡ് ബാങ്കിന്റെ സാമ്പത്തികകാര്യവിദഗ്ധൻ ഡോ. ജോൺ ബാഫെസ് നൽകുന്ന സൂചന ആശ്വാസം പകരുന്നതാണ്. പുതിയ തലമുറയ്ക്കുകൂടി സ്വീകാര്യമായ ആശയങ്ങളിലൂടെയും കണ്ടെത്തലുകളിലൂടെയും റബ്ബർകൃഷിയെ സുസ്ഥിരമാക്കുക എന്നത് നമ്മുടെ കർത്തവ്യമായിത്തന്നെ കരുതുക.

- എഡിറ്റർ



## മാറുന്ന സമീപനങ്ങൾ

# പുതിയ പ്രതീക്ഷകൾ

റബ്ബർമേഖലയ്ക്ക് പുതിയ പ്രതീക്ഷകൾ നൽകിക്കൊണ്ടാണ് ഇന്ത്യാ റബ്ബർ മീറ്റിന്റെ ആറാമത് സമ്മേളനം കൊച്ചിയിൽ ഇക്കഴിഞ്ഞ ജൂലൈ 23-ന് സമാപിച്ചത്. 'സുസ്ഥിരമായ ഭാവിക്ക് പ്രകൃതിദത്തറബ്ബർ' എന്നതായിരുന്നു ഇത്തവണത്തെ പ്രധാന ചർച്ചാവിഷയം. വെല്ലുവിളികൾ നേരിടുന്നതിന് റബ്ബർശൃംഖലയിലെ ഏവർക്കും ഒരുപോലെ സ്വീകാര്യവും ഗുണകരവുമായ മാർഗ്ഗങ്ങളെക്കുറിച്ചാണ് മീറ്റിൽ പങ്കെടുത്ത വിദഗ്ധരെല്ലാം സംസാരിച്ചത്. സുസ്ഥിരതയ്ക്കുള്ള ശ്രമങ്ങളെല്ലാം സാമ്പത്തികവികസനം, സാമൂഹികസമത്വം, പരിസ്ഥിതി സംരക്ഷണം എന്നിവയോടൊപ്പം വരുംതലമുറയുടെ ആവശ്യങ്ങൾ കൂടി മുൻനിർത്തിക്കൊണ്ടുള്ളതായിരിക്കണം എന്ന പൊതുസമീപനം ഉണ്ടായി എന്നതാണ് ഏറെ ശ്രദ്ധേയം.

കാർബൺ ക്രെഡിറ്റ്, റബ്ബർതടിവ്യവസായം, പ്രകൃതിദത്തറബ്ബർ കൊണ്ടുള്ള കൈയ്യുറകളുടെ നിർമ്മാണം എന്നിവയുടെ സാധ്യതകളാണ് സുസ്ഥിരതയുമായി ബന്ധപ്പെട്ട് കൂടുതൽ ചർച്ച ചെയ്യപ്പെട്ടത്. ഈ മേഖലകളിലെ വളർച്ച ആത്യന്തികമായി പ്രയോജനപ്പെടുക റബ്ബർകർഷകർക്കുതന്നെ ആയിരിക്കും. പ്രകൃതിവിഭവങ്ങളുടെ ചൂഷണം തടയുന്നതുമായി ബന്ധപ്പെട്ട സുസ്ഥിരതാമാനദണ്ഡങ്ങൾ എല്ലാ രാജ്യങ്ങളിലും നിലവിൽ വന്നുകൊണ്ടിരിക്കുകയാണ്. റബ്ബറുത്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് 'എൻ.ഇ. മിത്ര', 'നാഷണൽ റബ്ബർ മിഷൻ' തുടങ്ങിയ പദ്ധതികളുമായി മുന്നോട്ടുപോകുമ്പോൾ അനുബന്ധവ്യവസായമേഖലകൾ പരിസ്ഥിതി സൗഹാർദ്ദപരമാക്കുന്നതിനുള്ള പുതിയ സമീപനം ആവശ്യമായിവരും.

കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് ഐക്യരാഷ്ട്രസഭ അടുത്തകാലത്ത് നടത്തിയ കോൺഫറൻസിൽ പങ്കെടുത്ത രാജ്യങ്ങൾ കാർബൺ ബഹിർഗമനം പരിമിതപ്പെടുത്താനും അതിലൂടെ ആഗോളതാപനം കുറയ്ക്കാനുമുള്ള പ്രതിജ്ഞയെടുത്തിരുന്നു. കാർബൺ ബഹിർഗമനം നിയന്ത്രിക്കാൻ എല്ലാ രാജ്യങ്ങൾക്കും അവരവരുടേതായ സമീപനങ്ങളുണ്ട്. പുനരുപയോഗസാധ്യതയുള്ള ഊർജസ്രോതസ്സുകളിലേക്കുള്ള മാറ്റം അതിലൊന്നാണ്. അതിലൂടെ ലഭ്യമാകുന്ന 'കാർബൺ ക്രെഡിറ്റ്' കണക്കാക്കാനും കഴിയും. രാജ്യാന്തരതലത്തിലുള്ള ഇത്തരം നടപടികൾക്ക് പുറമെ സ്വന്തം ശ്രമങ്ങൾ വഴി കിട്ടുന്ന കാർബൺ ക്രെഡിറ്റിലൂടെ ഇന്ത്യയ്ക്ക് വരുമാനം നേടാനും കഴിയും. കാർബൺ ക്രെഡിറ്റിനുള്ള ഇന്ത്യയുടെ വിവിധമാർഗങ്ങളിലൊന്ന് തോട്ടം മേഖലയാണ്. ഒരു ഹെക്ടർ റബ്ബർതോട്ടത്തിൽനിന്ന് പ്രതിവർഷം പുറത്തുവരുന്ന കാർബണിന്റെ ഇരട്ടിയോളം കാർബൺ പ്രകാശസംശ്ലേഷണത്തിനായി മരങ്ങൾ ഉപയോഗിക്കുന്നുണ്ട്. അങ്ങനെ 'നെഗറ്റീവ് കാർബൺ' മുഴുവൻ ക്രെഡിറ്റ് ചെയ്യാൻ കഴിയും എന്നതാണ് റബ്ബർതോട്ടങ്ങൾ നൽകുന്ന വലിയ സാധ്യത. ഈ ക്രെഡിറ്റിന്റെ നേട്ടം കർഷകർക്ക് നേരിട്ട് ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇനിയുണ്ടാകേണ്ടത്. റബ്ബർമേഖലയുടെ സുസ്ഥിരതയ്ക്ക് അത് വലിയൊരു നേട്ടമാകും.

ആവർത്തനക്കൃഷിക്ക് ആവശ്യമായ ചെലവിനുള്ള തുക മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ കിട്ടുന്നില്ല എന്നത് നമ്മുടെ കർഷകരെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. റബ്ബർതടിയുടെ സംസ്കരണത്തിലും ഫർണിച്ചർ നിർമ്മാണത്തിലും കൂടുതൽ സാങ്കേതികമികവ് ആർജിക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇനിയുണ്ടാകേണ്ടത്. മലേഷ്യയിൽ റബ്ബർതടിവ്യവസായത്തിൽ വലിയ പുരോഗതിയുണ്ടായിട്ടുണ്ട്. അവിടെ നിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തം മീറ്റിൽ ഉണ്ടായിരുന്നു എന്നത് തടിവ്യവസായമേഖലയിൽ ആവശ്യമായ സാങ്കേതികവിദ്യകളുടെ കൈമാറ്റം സാധ്യമാക്കുമെന്ന് പ്രതീക്ഷിക്കാം.

പുതിയ ആശയങ്ങൾ നടപ്പാക്കി അതിലൂടെ അധികവരുമാനം നേടി റബ്ബർകൃഷിയെ സുസ്ഥിരമായി നിലനിർത്തുന്നതിൽ വിജയം കണ്ടെത്തിയ കർഷകരുടെ അനുഭവങ്ങളാണ് ഇത്തവണത്തെ മീറ്റിന്റെ മറ്റൊരു പ്രത്യേകത. ഇടവിളക്കൃഷി, ഉത്പന്നനിർമ്മാണം, സമൂഹറബ്ബർസംസ്കരണം, ഉത്പാദനച്ചെലവ് കുറയ്ക്കൽ, സംരംഭകത്വം എന്നിങ്ങനെ വിവിധമേഖലകളിലെ വ്യത്യസ്തങ്ങളായ ഇത്തരം കണ്ടെത്തലുകൾ സുസ്ഥിരതയിലേക്കുള്ള ശ്രമങ്ങൾ എളുപ്പമാക്കും. പുതിയ കാഴ്ചപ്പാടുകൾ പങ്കുവെയ്ക്കാനും യോജിച്ചവ നടപ്പാക്കാനുമുള്ള ശ്രമങ്ങൾ തുടരണം എന്നത് ഓർക്കുക.

സ്നേഹപൂർവ്വം

ഡോ. കെ.എൻ. രാഘവൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്


MEET 2


MEET 2022






# ഇന്ത്യാ റബ്ബർ മീറ്റ് 2022

INDIA RUBBER
MEET 2022

## പ്രകൃതിദത്തറബ്ബറിന്റെ കമ്മി നികത്താൻ സുസ്ഥിരവും പരിസ്ഥിതിസൗഹാർദ്ദപരവുമായ ആസൂത്രണങ്ങൾ ആവശ്യം

**- സതീഷ് ശർമ്മ**

പ്രകൃതിദത്തറബ്ബറിന്റെ ആവശ്യകത ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും രാജ്യത്തെ റബ്ബറുത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം കുറയ്ക്കണമെങ്കിൽ സുസ്ഥിരവും പരിസ്ഥിതിസൗഹാർദ്ദപരവുമായ ആസൂത്രണങ്ങൾ ആവശ്യമാണെന്നും ആട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസ്സിയേഷൻ (ആത്മ) ചെയർമാൻ സതീഷ് ശർമ്മ പറഞ്ഞു. കൊച്ചിയിലെ ലേ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടന്ന ഇന്ത്യാ റബ്ബർമീറ്റ് 2022 ഓൺലൈനായി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ടയർ വ്യവസായമേഖല ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്കാണ് വിധേയമായിക്കൊണ്ടിരിക്കുന്നത്. 'സർക്കുലർ ഇക്കോണമി'-ക്ക് രാജ്യത്ത് തന്ത്രപരമായ പ്രാധാന്യവും വ്യക്തമായ ആസൂത്രിതസ്വഭാവവും കൈവന്നിരിക്കുന്നു. സുസ്ഥിരതയുമായി ബന്ധപ്പെട്ട വെല്ലുവിളികൾ കൂട്ടായി നേരിടുന്നതിന് ഉത്പാദകരോടൊപ്പം വ്യവസായമേഖലയും മുന്നോട്ട് വന്നിരിക്കുകയാണ്. റബ്ബർബോർഡും ആത്മയും ചേർന്ന് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ റബ്ബർകൃഷിവികസനത്തിനായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന എൻ.ഇ. മിത്ര (N.E. MITRA) എന്ന വ്യത്യസ്തവും സവിശേഷവുമായ പദ്ധതി കർഷകരെ സഹായിക്കുന്നതിനുള്ള വ്യവസായമേഖലയുടെ ശ്രമത്തിന്റെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു.



ഡോ. സാവർ ധനാനിയ



ഡോ. കെ.എൻ. രാഘവൻ



ഡോ. ജോൺ ബാഫെസ്



വിനോദ് റ്റി. സൈമൺ

റബ്ബർബോർഡ് സ്ഥാപിതമായതിന്റെ 75-ാം വർഷത്തിൽ തന്നെയാണ് സ്വാതന്ത്യപ്രാപ്തിയുടെ 75-ാമത് വാർഷികാചരണത്തോടനുബന്ധിച്ച് അമൃതോത്സവം രാജ്യത്ത് ആഘോഷിക്കപ്പെടുന്നതെന്നും ഈ സമയത്ത് പ്രകൃതിദത്തറബ്ബറിന്റെ കാര്യത്തിൽ രാജ്യത്തെ സുസ്ഥിരവും സ്വയംപര്യാപ്തവുമാക്കാനുള്ള ബോർഡിന്റെ ശ്രമങ്ങൾ നടക്കുന്നതെന്നും റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ പറഞ്ഞു. ഉദ്ഘാടനച്ചടങ്ങിൽ ദീപം തെളിയിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോവിഡ് മഹാമാരി ഉണ്ടാക്കിയ കെടുതികൾ റബ്ബർ മേഖലയെ ബാധിച്ചിട്ടുണ്ടെങ്കിലും ചുരുങ്ങിയ സമയം കൊണ്ട് അതിനെ അതിജീവിക്കാനും സാധാരണനിലയിലേക്ക് തിരികെ എത്തിക്കാനും കഴിഞ്ഞിട്ടുണ്ടെന്ന് ഐ.ആർ.എം. 2022 ഓർഗനൈസിങ് കമ്മിറ്റി ചെയർമാനും റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. പറഞ്ഞു. ജനങ്ങളുടെ സഞ്ചാരവും ചരക്ക് ഗതാഗതവും തടസ്സപ്പെട്ട നാളുകളിലാണ് പരസ്പരം ബന്ധപ്പെടുന്നതിലും ക്രയവിക്രയങ്ങൾ നടത്തുന്നതിലുമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിൽ ഡിജിറ്റൽ സാങ്കേതികവിദ്യകൾക്കുള്ള പ്രാധാന്യം നാം തിരിച്ചറിഞ്ഞത്. വരും തലമുറയ്ക്കായി റബ്ബർമേഖലയെ സുസ്ഥിരമായി നിലനിർത്തേണ്ടതുണ്ട്. പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം നാം തിരിച്ചറിയേണ്ടതുണ്ടെന്നും അദ്ദേഹം എടുത്തു പറഞ്ഞു. ഐ.ആർ.എം. 2022 ഓർഗനൈസിങ് കമ്മിറ്റി വൈസ് ചെയർമാൻ

## ആഗോള സാമ്പത്തികരംഗം മെച്ചപ്പെടും
### – ഡോ. ജോൺ ബാഫെസ്

ആഗോളസാമ്പത്തികരംഗം ഈവർഷം മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായി വേൾഡ് ബാങ്കിന്റെ ഡെവലപ്മെന്റ് ഇക്കണോമിക്സ് പ്രോസ്പെക്ട്സ് ഗ്രൂപ്പിലെ സീനിയർ അഗ്രിക്കൾച്ചറൽ ഇക്കണോമിസ്റ്റായ ഡോ. ജോൺ ബാഫെസ് പറഞ്ഞു. കൊച്ചിയിൽ നടന്ന ഇന്ത്യാ റബ്ബർ മീറ്റ് 2022 സമ്മേളനത്തിന്റെ ഭാഗമായി 'സസ്റ്റൈനബിലിറ്റി ഇൻ റബ്ബർ സെക്ടർ' എന്ന സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ സാമ്പത്തികവർഷത്തെ പ്രതീക്ഷിതവളർച്ച 2.9 ശതമാനമാണ്. 2022 ജനുവരിയിൽ 4.1 ശതമാനം സാമ്പത്തികവളർച്ച പ്രതീക്ഷിച്ചിരുന്നു. ആഗോളതലത്തിൽ ഇപ്പോഴുള്ള വിലക്കയറ്റം 2023-ലും തുടരാനാണ് സാധ്യത. കോവിഡ് മഹാമാരിയുടെ തീവ്രത കൂടിനിന്ന സമയത്തുതന്നെ ഉക്രൈയിനിലെ യുദ്ധം ഏൽപ്പിച്ച ആഘാതം, ഇന്ധനം, ഭക്ഷണം, വളങ്ങൾ തുടങ്ങി ഒട്ടു മിക്ക വസ്തുക്കളുടെയും വിതര




*'സസ്റ്റൈനബിലിറ്റി ഇൻ റബ്ബർ സെക്ടർ' എന്ന സെഷനിൽ പങ്കെടുത്തവർ. (ഇടത്തുനിന്ന്) ഡോ. കെ. എൻ. രാഘവൻ, ഡോ. ലക്ഷ്മി നായർ, ഡോ. ജോൺ ബാഫെസ്, ഡോ. അബ്ദുൾ അസീസ് എസ്. എ. കാദിർ, ആർ.ബി. പ്രേമദാസ, ഷീല തോമസ് ഐ.എ.എസ്. (റിട്ട.)*


ആർ.ബി. പ്രേമദാസ


ഡോ. അബ്ദുൾ അസീസ് എസ്.എ. കാദിർ


ഡോ. ലക്ഷ്മി നായർ


ഡോ. എസ്. സുപ്രമണിയം

ണത്തിൽ തടസ്സങ്ങളുണ്ടാക്കാൻ കാരണമായി. അവശ്യവസ്തുക്കളുടെ വിലകൾ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷത്തിൽ ഉയർന്നു നിൽക്കുമെന്നാണ് കരുതപ്പെടുന്നത്. ഊർജ്ജേതരവസ്തുക്കളുടെ വില പ്രത്യേകിച്ച് റഷ്യ, ഉക്രൈൻ എന്നിവിടങ്ങളിൽനിന്നും കയറ്റുമതി ചെയ്യപ്പെടുന്നവയുടെ വില 2022-ൽ 20 ശതമാനത്തോളം വർദ്ധിച്ചേക്കാം. ഈ അവലോകനങ്ങളുടെ സാധുത റഷ്യ-ഉക്രൈൻ യുദ്ധം എത്ര കാലം നീണ്ടു നിൽക്കും എന്നതിനെയും ചരക്കുകളുടെ വിതരണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങൾ എത്രമാത്രം തീവ്രമായിരിക്കും എന്നതിനെയും ആശ്രയിച്ചായിരിക്കും. വ്യാവസായികവസ്തുക്കളുടെ ആവശ്യകതയിലും വിതരണത്തിലും ഉണ്ടായ മാറ്റങ്ങൾക്ക് ചൈനയിലെ ലോക്ഡൗണിനും വലിയ പങ്കുണ്ട്. ഭക്ഷണത്തിന്റെയും ഇന്ധനത്തിന്റെയും വിലക്കയറ്റമുണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ ഏറെ സഹിക്കേണ്ടിവരുന്ന സാധാരണക്കാരെ സഹായിക്കുന്നതിനാവശ്യമായ ആസൂത്രണങ്ങൾ ഉണ്ടാകണമെന്നും ഡോ. ജോൺ ബാഫെസ് പറഞ്ഞു.

വിനോദ് റ്റി. സൈമൺ കൃതജ്ഞത പറഞ്ഞു,

ഉദ്ഘാടനച്ചടങ്ങിനെത്തുടർന്ന് 'സസ്റ്റൈനബിലിറ്റി ഇൻ റബ്ബർ സെക്ടർ', 'അവന്യൂസ് ഇൻ സ്പെഷ്യാലിറ്റി ആപ്ലിക്കേഷൻസ്', 'ചലഞ്ചസ് ആന്റ് ഓപ്പർച്ച്യൂണിറ്റീസ് ഇൻ റബ്ബർ പ്രോഡക്ട്സ് മാനുഫാക്ച്ചറിങ്' എന്നീ വിഷയങ്ങളെ ആസ്പദമാക്കി നടത്തിയ വിവിധ സെഷനുകളിൽ ഡോ. ജോൺ ബാഫെസ്, ആർ.ബി. പ്രേമദാസ (സെക്രട്ടറി ജനറൽ, അസോസിയേഷൻ ഓഫ് നാച്ചുറൽ റബ്ബർ പ്രൊഡ്യൂസിങ് കൺട്രീസ്, ക്വാലാലംപൂർ), ഡോ. അബ്ദുൾ അസീസ് എസ്.എ. കാദിർ (സെക്രട്ടറി ജനറൽ, ഇന്റർനാഷണൽ റബ്ബർ റിസേർച്ച് ആന്റ് ഡെവലപ്മെന്റ് ബോർഡ്, ക്വാലാലംപൂർ), ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്), ഡോ. ലക്ഷ്മി നായർ (ഹെഡ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ഇന്റർനാഷണൽ റബ്ബർ സ്റ്റഡി ഗ്രൂപ്പ്, സിങ്കപ്പൂർ), ഡോ. എസ്. സുപ്രമണിയം (പ്രസിഡന്റ്, മലേഷ്യൻ റബ്ബർ ഗ്ലൗ മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻ), ഗജേന്ദ്ര സിങ് സരീൻ (പ്രസിഡന്റ് & സി.ഇ.ഒ., ഒമ്നി യുണൈറ്റഡ് പ്രൈവറ്റ് ലിമിറ്റഡ്, സിങ്കപ്പൂർ), ദാത്തോ ജലാലുദ്ദീൻ ഹറൂൺ (മുൻ ഡയറക്ടർ ജനറൽ, മലേഷ്യൻ ടിമ്പർ ഇൻഡസ്ട്രി ബോർഡ്), ഡോ. ആർ. മുഖോപാദ്ധ്യായ് (ഡയറക്ടർ ആന്റ് സി.ഇ., ഹരി ശങ്കർ സിംഘാനിയ ഇലാസ്റ്റോമെർ ആന്റ് ടയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & ഡയറക്ടർ, ആർ ആന്റ് ഡി, ജെ.കെ. ടയേഴ്സ് ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്, മൈസൂർ),


ഗജേന്ദ്ര സിങ് സരീൻ


ദാത്തോ ജലാലുദ്ദീൻ ഹറൂൺ


ഡോ. ആർ. മുഖോപാദ്ധ്യായ്


ആൽവിൻ സാമുവൽ


രാജീവ് ബുധ്‌രാജ


ദീപ അഗർവാൾ


ജെറാൾഡ് ടാൻ


ഡോ. സജി ഗോപിനാഥ്

ആൽവിൻ സാമുവൽ (വൈസ് പ്രസിഡന്റ്, ബിസിനസ് ഡെവലപ്മെന്റ്, ടെക്സി റിസേർച്ച്, മുംബെ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഷീല തോമസ് ഐ.എ.എസ്. (റിട്ട.) (ചെയർമാൻ കേരള റബ്ബർ ലിമിറ്റഡ്), രാജേന്ദ്ര ഗാന്ധി (മാനേജിംഗ് ഡയറക്ടർ, ജി.ആർ.പി. ലിമിറ്റഡ്) എന്നിവരാണ് 'സസ്റ്റൈനബിലിറ്റി ഇൻ റബ്ബർസെക്ടർ', 'ചലഞ്ചസ് ആൻഡ് ഓപ്പർച്യൂണിറ്റീസ് ഇൻ റബ്ബർ പ്രോഡക്ട്സ് മാനുഫാക്ചറിങ്' എന്നീ സെഷനുകളിൽ യഥാക്രമം അദ്ധ്യക്ഷത വഹിച്ചത്.

കൃത്രിമറബ്ബറിന് പകരം പ്രകൃതിദത്തറബ്ബർ ഉപയോഗിച്ചുകൊണ്ട് ഗ്ലൗസ് നിർമ്മാണമേഖലയെ കൂടുതൽ സുസ്ഥിരവും പ്രകൃതിസൗഹാർദ്ദപരവുമാക്കുന്നതിൽ ഇന്ത്യയിലെ ഗ്ലൗസ് നിർമ്മാതാക്കൾക്ക് വലിയ പങ്കു വഹിക്കാൻ കഴിയുമെന്ന് റബ്ബർമീറ്റിൽ 'അവന്യൂസ് ഇൻ സ്പെഷ്യാലിറ്റി ആപ്ലിക്കേഷൻസ്' എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച മലേഷ്യൻ റബ്ബർ ഗ്ലൗ മാനുഫാക്ച്ചറേഴ്സ് അസോസിയേഷന്റെ പ്രസിഡന്റ് ഡോ. എസ്. സുപ്രമണിയം പറഞ്ഞു. 2022-ൽ ഗ്ലൗസുകളുടെ ആവശ്യകത നൂറുകോടിയോളം ആയിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗ്ലൗസ്സിന്റെ ഉപയോഗത്തിൽ വർഷംതോറും 12 ശതമാനത്തോളം വളർച്ചയുണ്ടായേക്കാം. ജനസംഖ്യ കൂടുതലുള്ള പല രാജ്യങ്ങളിലും ഗ്ലൗസുകളുടെ പ്രതിശീർഷ ഉപയോഗം ഇപ്പോഴും വളരെ കുറവാണെന്നും അതുകൊണ്ടുതന്നെ ഗ്ലൗസ് നിർമ്മാണരംഗത്ത് വലിയ വളർച്ച പ്രതീക്ഷിക്കാമെന്നും ഡോ. എസ്. സുപ്രമണിയം പറഞ്ഞു. എം. പി. ചെറിയാൻ (പ്രസിഡന്റ്, ഉപാസി) ഈ സെഷനിൽ അദ്ധ്യക്ഷത വഹിച്ചു.

ഡാറ്റാ ട്രാൻസ്ഫോർമേഷൻ രംഗത്തെ പുതിയ പ്രവണതകൾ പുതിയ ബിസിനസ് മോഡലുകളുടെ ആവിർഭാവത്തിന് കാരണമായിട്ടുണ്ട്. കൂടുതൽ ഉപയോഗയോഗ്യതയും വ്യത്യസ്തതയുമുള്ള മാനേജ്മെന്റ് സംസ്കാരമുണ്ടാക്കാൻ അതിന് കഴിയുമെന്നും കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ & ടെക്നോളജിയുടെ വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് പറഞ്ഞു. റബ്ബർവിപണനരംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ തുടങ്ങിയ സാങ്കേതികവിദ്യകൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നതിനെക്കുറിച്ച് റബ്ബർമീറ്റിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

'സപ്ലൈ ചെയിൻ സ്ട്രാറ്റജീസ്' എന്ന വിഷയത്തെ അധികരിച്ച് രാജീവ് ബുധ്‌രാജ (ഡയറക്ടർ ജനറൽ, ആട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ), ദീപ അഗർവാൾ (ചീഫ് റപ്രെസെന്റേറ്റീവ്, എസ്.ജി.എക്സ്. ഇന്ത്യ ലയ്സൺ ഓഫീസ്, മുംബെ), ജെറാൾഡ് ടാൻ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഹീവിയ കണക്ട് പ്രൈവറ്റ് ലിമിറ്റഡ്, സിങ്കപ്പൂർ) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സതീഷ് ഏബ്രഹാം (പ്രസിഡന്റ്, ലാറ്റക്സ് പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ) ആണ് ഈ സെഷനിൽ അദ്ധ്യക്ഷത വഹിച്ചത്.

റബ്ബർകർഷകരുടെ സംരംഭകത്വശ്രമങ്ങളും പുതിയ


ഷീല തോമസ് ഐ.എ.എസ്. (റിട്ട.)


ഡോ. എ. കെ. കൃഷ്ണകുമാർ


രാജേന്ദ്ര ഗാന്ധി


എം. പി. ചെറിയാൻ


സതീഷ് ഏബ്രഹാം



*സസ്റ്റൈനബിൾ ഫാമിങ് പ്രാക്ടീസസ് & ഇന്നവേഷൻസ് എന്ന സെഷനിൽ പങ്കെടുത്തവർ. (ഇടത്തുനിന്ന്) അശോക്നാഥ്, സെബാസ്റ്റ്യൻ മണിമല, കെ. എം. ചിന്മയൻ, ദേബേന്ദ്രനാഥ്, ഡോ. എ. കെ. കൃഷ്ണകുമാർ, ജോബി സെബാസ്റ്റ്യൻ, ജോമി മാത്യു, സുബ്രജ്യോതി പോൾ*



*'വിഷൻ 2047' എന്ന വിഷയത്തെ അധികരിച്ചു നടന്ന പാനൽചർച്ചയിൽ പങ്കെടുത്തവർ. (ഇടത്തുനിന്ന്) ജെയിംസ് തോമസ്, അനിൽ വാസു, അരുൺ കപൂർ, ഡോ. കെ.എൻ. രാഘവൻ, സന്തോഷ് കുമാർ, ഡോ. സെബാസ്റ്റ്യൻ തോമസ്, ആർ. രൂപേഷ്*

ആശയങ്ങളും ഉൾപ്പെട്ട 'സസ്സ്റ്റെനബിൾ ഫാമിങ് പ്രാക്ടീസസ് ആന്റ് ഇന്നൊവേഷൻസ്' (Sustainable farming practices and innovations) എന്ന സെഷനിൽ ഡോ. എ.കെ. കൃഷ്ണകുമാർ (മുൻ റബ്ബർപ്രൊഡക്ഷൻ കമ്മീഷണർ & ഇൻഫ്രാസ്ട്രക്ചർ ലീസിങ് ആന്റ് ഫൈനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ മുൻ അഡ്വൈസർ) മോഡറേറ്റർ ആയിരുന്നു. സുബ്രജ്യോതി പോൾ, അഗർത്തല, ത്രിപുര (ഔഷധസസ്യങ്ങൾ); സെബാസ്റ്റ്യൻ മണിമല, കണ്ണൂർ (ക്രൗൺ ബഡ്ഡിങ്), ജോബി സെബാസ്റ്റ്യൻ, കോതമംഗലം (കാർഷികസംരംഭകത്വം); ജോമി മാത്യു, ഷിമോഗ, കർണ്ണാടക (കാർഷികസംരംഭകത്വം); ദേബേന്ദ്രനാഥ്, പ്രസിഡന്റ്, കെണ്ടുഗഡി റബ്ബറുത്പാദകസംഘം, ഒഡീഷ (ഉത്പന്ന നിർമ്മാണം); കെ.എം. ചിന്മയൻ, പാലാ (തോട്ടങ്ങളിലെ യന്ത്രവത്കരണം); അശോക് നാഥ്, അഗിയ, അസം (എൻ.ഇ. മിത്ര. റബ്ബർകൃഷിവികസനപദ്ധതി) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

റബ്ബറുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ വിദഗ്ധർ പങ്കെടുത്ത 'വിഷൻ 2047' എന്ന പാനൽചർച്ചയിൽ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്) മോഡറേറ്റർ ആയിരുന്നു. ആർ. രൂപേഷ് (കൺവീനർ, സപ്ലൈ ചെയിൻ ആന്റ് റിസോഴ്സസ് ഗ്രൂപ്പ് ഓഫ് ആട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ), ഡോ. സെബാസ്റ്റ്യൻ തോമസ് (നോഡൽ ഓഫീസർ, കേരള റബ്ബർ ലിമിറ്റഡ്), സന്തോഷ് കുമാർ (വൈസ് പ്രസിഡന്റ്, ഹാരിസൺസ് മലയാളം ലിമിറ്റഡ്), അനിൽ വാസു (ഡി.ജി.എം., ഇന്ത്യൻ ഓയിൽ കോർപറേഷൻ), ജെയിംസ് തോമസ് (ജനറൽ മാനേജർ, സെന്റ് മേരീസ് റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്), അരുൺ കപൂർ (ടെക്നിക്കൽ അഡ്വൈസർ, ടിനാ റബ്ബർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്) എന്നിവർ പാനൽചർച്ചയിൽ പങ്കെടുത്തു.

റബ്ബർബോർഡും റബ്ബർമേഖലയിലെ പ്രമുഖസംഘടനകളും അംഗങ്ങളായി രജിസ്റ്റർചെയ്തിട്ടുള്ള ഇന്ത്യാ റബ്ബർമീറ്റ്ഫോറം (ഐ.ആർ.എം.എഫ്.) ആണ് മീറ്റ് സംഘടിപ്പിച്ചത്. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ ഐ.ആർ.എസ്. ചെയർമാനായി ദേശീയതലത്തിൽ സംഘടിപ്പിച്ചിട്ടുള്ള ഓർഗനൈസിങ് കമ്മിറ്റിയാണ് ഐ.ആർ.എം. 2022-ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ചെറുകിട, വൻകിട കർഷകപ്രതിനിധികൾ; റബ്ബർസംസ്കരണമേഖലയുടെയും വ്യാപാരമേഖലയുടെയും പ്രതിനിധികൾ; ടയർ, ടയറിതരമേഖലകളുടെ പ്രതിനിധികൾ; ആട്ടോ കംപോണന്റ് നിർമ്മാതാക്കൾ; കയറ്റുമതിരംഗത്തുള്ളവർ; ഗവേഷണ, നൈപുണ്യ വികസനസ്ഥാപനങ്ങളിൽ നിന്നുള്ളവർ; റബ്ബറുമായി ബന്ധപ്പെട്ട മാധ്യമങ്ങളിൽ പ്രവർത്തിക്കുന്നവർ തുടങ്ങിയവരെല്ലാം കമ്മിറ്റിയിൽ അംഗങ്ങളാണ്. രണ്ടു വർഷത്തിലൊരിക്കൽ നടത്തിവരുന്ന സമ്മേളനങ്ങളിൽ ആറാമത്തേതാണ് ഇപ്പോൾ കൊച്ചിയിൽ നടന്നത്.

ഇന്ത്യാ റബ്ബർ മീറ്റിന്റെ ഏഴാമത് സമ്മേളനം 2024-ൽ ഗുവഹതിയിൽ വെച്ചു നടക്കുമെന്ന് ഓർഗനൈസിങ് കമ്മിറ്റി ചെയർമാൻ ഡോ. കെ.എൻ. രാഘവൻ അറിയിച്ചു. റബ്ബർമീറ്റിന്റെ സമാപനച്ചടങ്ങിൽ ഐ.ആർ.എം. 2022 ഓർഗനൈസിങ് കമ്മിറ്റി വൈസ് ചെയർമാൻ വിനോദ് റ്റി. സൈമൺ കൃതജ്ഞത പറഞ്ഞു. •





ഡോ. അമ്പിളി കെ.കെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# റബ്ബറിന് രണ്ടാംഘട്ട വളപ്രയോഗം നടത്താം

**റബ്ബറിന് രണ്ടാം ഘട്ട വളപ്രയോഗം നടത്തേണ്ടത് സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിലാണ്. മണ്ണിലെ പോഷകമൂലകങ്ങൾ സുസ്ഥിരമായി നിലനിർത്തുന്നതിനും മരങ്ങളിൽനിന്നുള്ള ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും ശാസ്ത്രീയമായിത്തന്നെ വളമിടീൽ നടത്തേണ്ടതുണ്ട്. അതിനുള്ള മാർഗ്ഗങ്ങൾ, ആവശ്യകത തുടങ്ങിയ കാര്യങ്ങളാണ് ലേഖനത്തിൽ വിവരിച്ചിട്ടുള്ളത്.**

ഒരു ദീർഘകാലനാണ്യവിളയായ റബ്ബറിന് ശാസ്ത്രീയമായി വളപ്രയോഗം നടത്തേണ്ടത് രണ്ടു ഘട്ടങ്ങളിലായാണ്. ഒന്നാംഘട്ടത്തിലെ വളപ്രയോഗം ഏപ്രിൽ-മെയ് മാസത്തിലും രണ്ടാംഘട്ടത്തിലേത് സെപ്റ്റംബർ- ഒക്ടോബർ മാസത്തിലും നടത്താം. ചെടികൾ ഫലപ്രദമായി രാസവളങ്ങൾ ആഗിരണം ചെയ്യുന്നതിനും വളങ്ങളുടെ നഷ്ടം ഒഴിവാക്കുന്നതിനും ഘട്ടം ഘട്ടമായിട്ടുള്ള വളപ്രയോഗമാണ് കൂടുതൽ കാര്യക്ഷമം.

ആദ്യഘട്ടം കഴിഞ്ഞ് ഇപ്പോൾ രണ്ടാംഘട്ടത്തിലെ വളമിടുന്നതിനുള്ള സമയമായിരിക്കുകയാണ്. റബ്ബറിന്റെ ശരിയായ പോഷണത്തിനും മണ്ണിൽ പോഷകമൂലകങ്ങൾ സുസ്ഥിരമായി നിലനിർത്തുന്നതിനും റബ്ബർ മരത്തിൽനിന്നുള്ള ഉത്പാദനം മെച്ചപ്പെടുത്തുന്നതിനും രണ്ടാം ഘട്ടത്തിലെ വളപ്രയോഗം ഏറെ സഹായിക്കും.

റബ്ബറിന്റെ വളപ്രയോഗശുപാർശ റബ്ബർബോർഡ് നൽകുന്നത് ഒരു വർഷത്തേയ്ക്ക് ഒരു ഹെക്ടർ തോട്ടത്തിൽ എത്രമാത്രം വളമിട്ട് കൊടുക്കണം എന്ന കണ



ക്കിലാണ്. ഇത് രണ്ടു തുല്യതവണകളായി മുകളിൽ പറഞ്ഞ മാസങ്ങളിലാണ് ചേർത്തുകൊടുക്കേണ്ടത്. ഏപ്രിൽ-മെയ് മാസങ്ങളിൽ ആദ്യഗഡു വളപ്രയോഗം നടത്താൻ കഴിയാതിരുന്നവർക്ക് രണ്ടു ഗഡുക്കളും കൂടി ഒറ്റപ്രാവശ്യമായി സെപ്റ്റംബർ- ഒക്ടോബർ മാസങ്ങളിൽ ഇടാവുന്നതാണ്.

മണ്ണും ഇലയും പരിശോധിച്ചാണ് വളപ്രയോഗശുപാർശ നൽകുന്നത്. അവ ശേഖരിക്കുന്ന സമയം ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള കാലയളവിലാണ്. ഇതിൽ വളപ്രയോഗത്തിന്റെ സമയമായ സെപ്റ്റംബർ - ഒക്ടോബറും ഉൾപ്പെട്ടിരിക്കുന്നു. തന്മൂലം മണ്ണും ഇലയും ശേഖരിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അത് വളപ്രയോഗത്തിന് ശേഷം രണ്ടുമാസം കഴിഞ്ഞോ അല്ലെങ്കിൽ വളപ്രയോഗത്തിന് മുൻപോ ആയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

## വിവേചനാപൂർവ്വകമായ വളപ്രയോഗം

മണ്ണും ഇലയും പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ അതതു തോട്ടങ്ങളിലേക്കുള്ള രാസവളശുപാർശ അനുസരിച്ച് വളമിടുന്നതിനാണ് വിവേചനാപൂർവ്വകമായ വളപ്രയോഗം എന്നു പറയുന്നത്. നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നീ പ്രധാനമൂലകങ്ങൾ അവയുടെ സ്രോതസ്സുകളായ യൂറിയ, രാജ്ഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നീ രാസവളങ്ങളായിട്ടാണ് നൽകപ്പെടുന്നത്.

ഈ വളങ്ങൾ നിശ്ചിത അനുപാതത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സമയത്ത് ശരിയായ രീതിയിൽ ലഭ്യമാക്കുമ്പോഴാണ് ശാസ്ത്രീയ വളപ്രയോഗമാകുന്നത്. ഇതിലൂടെ നമുക്ക് ആവശ്യത്തിലധികം വളംചേർക്കുന്നത് ഒഴിവാക്കാൻ സാധിക്കും. പൂർണ്ണമായ പോഷണം ലഭ്യമാക്കുന്നതോടൊപ്പം അധികപോഷണം മൂലം ചെടികൾക്ക് ഉണ്ടാകാവുന്ന ദോഷഫലങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിനും സാധിക്കുന്നു. അങ്ങനെ മണ്ണിലെയും ചെടിയിലെയും പോഷകമൂലകങ്ങളുടെ സ്ഥിതിയ്ക്കനുസരിച്ചുള്ള സമീകൃതവളപ്രയോഗം സാധ്യമാകുകയും ചെയ്യും.

ശക്തമായ മഴയുള്ളപ്പോൾ വളമിടുന്നത് ഒഴിവാക്കണം. സെപ്റ്റംബർ - ഒക്ടോബർ മാസങ്ങൾ സാധാരണമായി മഴകിട്ടുന്ന സമയമാണ്. ഒന്നോരണ്ടോ നല്ല മഴയ്ക്കുശേഷം മണ്ണിൽ ആവശ്യത്തിന് ഈർപ്പമായാൽ വളങ്ങൾ ചേർത്തു കൊടുക്കാം.

## പൊതുവളപ്രയോഗശുപാർശ

മണ്ണും ഇലയും പരിശോധിക്കാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ റബ്ബർബോർഡ് ശുപാർശചെയ്യുന്ന



ഒരു പൊതുവളപ്രയോഗശുപാർശയും സ്വീകരിക്കാവുന്നതാണ്. ഇതിൽ ഓരോ പ്രദേശത്തേയ്ക്കും ഒരുപോലെ (മണ്ണിന്റെയും ഇലയുടെയും പോഷകസ്ഥിതി പരിഗണിക്കാതെ) വളങ്ങൾ നിശ്ചയിച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്.

## റബ്സിസ്




മുകളിൽ പറഞ്ഞ രണ്ടു രീതികളും കൂടാതെ ഒരു ഓൺലൈൻ വളപ്രയോഗശുപാർശയും (റബ്സിസ് - റബ്ബർ സോയിൽ ഇൻഫർമേഷൻ സിസ്റ്റം) കർഷകർക്കായി റബ്ബർബോർഡ് നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ അൻപത് ഹെക്ടറിന് ഒരു മണ്ണ് സാമ്പിൾ എന്ന കണക്കിൽ ശേഖരിച്ച് മണ്ണിലെ 13 വ്യത്യസ്ത മൂലകങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയാണ് വളപ്രയോഗത്തിനുള്ള ശുപാർശ നിർദ്ദേശിച്ചിരിക്കുന്നത്. ഇത് ലഭിക്കുന്നതിന് റബ്ബർബോർഡ് വെബ്സൈറ്റിൽ - www.rubberboard.gov.in-ൽ 'RubSIS' എന്ന ലിങ്കിൽ കൂടി പ്രവേശിക്കാവുന്നതാണ്. അല്ലെങ്കിൽ RubSIS എന്ന മൊബൈൽ ആപ്പു വഴിയും വളപ്രയോഗശുപാർശ ലഭിക്കുന്നതാണ്. •





# ഗുജറാത്തിൽ റബ്ബർകൃഷിയുടെ സാധ്യതാപഠനം

പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനത്തിൽ ഇന്ത്യയെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ റബ്ബർബോർഡ് റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിനും റബ്ബർതോട്ടങ്ങളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള തീവ്രശ്രമത്തിലാണ്. പ്രകൃതിദത്തറബ്ബർ ഏതൊരു രാജ്യത്തെയും സംബന്ധിച്ചിടത്തോളം തന്ത്രപ്രധാനമായ ഒരു വ്യാവസായിക അസംസ്കൃതവസ്തുവാണ്. രാജ്യത്തിന്റെ സാമ്പത്തികവും വാണിജ്യപരവുമായ വികസനത്തിന് ഒഴിച്ചുകൂടാനാകാത്ത നാല്പതിനായിരത്തോളം ഉത്പന്നങ്ങളുടെ നിർമ്മാണത്തിന് പ്രകൃതിദത്തറബ്ബർ ഉപയോഗിക്കുന്നുണ്ട്. കഴിഞ്ഞ ഒരു ദശകമായി രാജ്യത്ത് പ്രകൃതിദത്തറബ്ബറിന്റെ ഉപഭോഗം കാര്യമായതോതിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വ്യാവസായികവളർച്ച, പ്രത്യേകിച്ച് ടയർ മേഖലയിലെ റബ്ബറിന്റെ വർദ്ധിച്ച ഉപഭോഗം ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം വർദ്ധിപ്പിക്കുകയും റബ്ബറിന്റെ ഇറക്കുമതി കൂട്ടുകയും ചെയ്തു. 2021-22 കാലയളവിൽ 7500 കോടി രൂപയുടെ റബ്ബറാണ് നാം ഇറക്കുമതി ചെയ്തത്.

ഇന്ത്യയിൽ പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനം ഉപഭോഗത്തിന്റെ ഏകദേശം 65 ശതമാനം മാത്രമാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. 2021-22 സാമ്പത്തികവർഷത്തെ റബ്ബറുപഭോഗം 12,38,000 ടൺ ആയിരുന്നെങ്കിൽ ഉത്പാദനം 7, 75,000 ടൺ മാത്രമായിരുന്നു. ഉത്പാദനത്തിലെ ഈ കമ്മി നികത്തുന്നതിനായി ഇറക്കുമതിയെ ആശ്രയിക്കുക എന്നത് ഒരു താൽക്കാലിക പരിഹാരം മാത്രമാണ്. ദ്രുതഗതിയിൽ സാമ്പത്തിക വളർച്ചയിലേക്ക് മുന്നേറുന്ന ഇന്ത്യ പോലൊരു രാജ്യത്ത് റബ്ബറിന്റെ ഉപഭോഗം ഭാവിയിൽ കൂടുതൽ വർദ്ധിക്കുമെന്നത് സ്വാഭാവികമാണ്.

കേരളവും തമിഴ്നാടും ഉൾപ്പെടുന്ന പരമ്പരാഗത റബ്ബർകൃഷിമേഖലയിൽ കൂടുതലായി കൃഷിചെയ്യാനുള്ള സ്ഥലത്തിന്റെ ലഭ്യത കുറഞ്ഞിട്ടുണ്ട്. മാത്രമല്ല



റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ പെരിയ ഫാം സന്ദർശിച്ച വേളയിലെ ദൃശ്യം

തൊഴിലാളികളുടെ ലഭ്യതക്കുറവും വർദ്ധിച്ചുവരുന്ന കൂലിച്ചെലവും മൂലം കൂടുതലാളുകൾ ഈ പ്രദേശങ്ങളിൽ റബ്ബർ കൃഷിചെയ്യാൻ മുന്നോട്ടുവരുന്നതിൽ മടി കാണിക്കുന്നു. ഇവിടെ റബ്ബർകൃഷി കൂടുതലായി വ്യാപിപ്പിക്കുക പ്രായോഗികമല്ല. ഇന്ത്യയുടെ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ താരതമ്യേന ഈ പ്രശ്നങ്ങൾ കുറവാണ്. ഈ സംസ്ഥാനങ്ങളിൽ റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിനായി റബ്ബർബോർഡ് ആട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസ്സിയേഷനു (ATMA-



ഡോ. എം.ഡി. ജെസ്സിയും (ഇടത്ത്) ഡോ. ടി.ആർ. അഹ്ലാവത്തും ധാരണാപത്രം കൈമാറുന്നു

ആത്മ) മായി സഹകരിച്ച് രണ്ടുലക്ഷം ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിക്കുന്നതിനായി തീരുമാനമെടുക്കുകയും അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. അതോടൊപ്പം നിലവിൽ റബ്ബർകൃഷി ഇല്ലാത്തതും എന്നാൽ, അതിന് സാധ്യതയുണ്ടെന്ന് അനുമാനിക്കുകയും ചെയ്യുന്ന പ്രദേശങ്ങളിൽ സാധ്യതാപഠനം നടത്തുന്നത് ഭാവിയിൽ റബ്ബർകൃഷി വീണ്ടും വികസിപ്പിക്കാനുള്ള 'റബ്ബർമിഷ'ന്റെ മുന്നോടിയായിട്ടാണ്.

ഇതിന്റെ ഭാഗമായി ദക്ഷിണഗുജറാത്ത് മേഖലയിൽ റബ്ബർ കൃഷിചെയ്യുന്നതിനുള്ള സാധ്യതകൾ വിലയിരുത്തുന്നതിനായി 2022 ജൂലൈ 5-ന് റബ്ബർബോർഡും നവസാരി അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. സർവ്വകലാശാലയുടെ പെരിയ (Peria) ഫാമിൽ ഒരു ഹെക്ടർ റബ്ബർതോട്ടം സ്ഥാപിക്കുകയും മേഖലയിലെ വിവിധ കാർഷിക-കാലാവസ്ഥാസാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി സർവകലാശാലയുടെ 13 ഗവേഷണഫാമുകളിൽ പരീക്ഷണങ്ങൾ ആരംഭിക്കുകയും ചെയ്യും. ഇതിന്റെ തുടക്കമായാണ് 'പെരിയ' ഫാമിൽ റബ്ബർതൈനടീൽ ആരംഭിച്ചിരിക്കുന്നത്.

റബ്ബർഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. ജെസ്സി എം.ഡി., ഗുജറാത്തിലെ നവസാരി കാർഷികസർവകലാശാല (എൻഎയു) റിസേർച്ച് ഡയറക്ടർ ഡോ. ടി.ആർ. അഹ്ലാവത് എന്നിവർ ചേർന്നാണ് ധാരണാപത്രം ഒപ്പു വെച്ചത്. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ, നവസാരി കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ഇസഡ്.പി. പട്ടേൽ എന്നിവർ സന്നിഹിതരായിരുന്നു.

## കെ.ജി. സതീശ് കുമാർ വിരമിച്ചു



റബ്ബർബോർഡിന്റെ പബ്ലിസിറ്റി & പബ്ലിക് റിലേഷൻസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറും റബ്ബർമാസികയുടെ പത്രാധിപരുമായിരുന്ന കെ.ജി. സതീശ് കുമാർ ജൂലൈ 31-ന് സർവ്വീസിൽനിന്ന് വിരമിച്ചു. കഴിഞ്ഞ രണ്ടു വർഷമായി ഈ വിഭാഗത്തിന്റെ മേധാവിയായിരുന്നു. 1985 മാർച്ചിൽ ജൂനിയർ ഫീൽഡ് ഓഫീസറായി ബോർഡിൽ ചേർന്നു. തുടർന്ന് പി. & പി.ആർ. വിഭാഗത്തിൽ പബ്ലിസിറ്റി ഓഫീസറായി നിയമിതനായി. കഴിഞ്ഞ രണ്ടു വർഷമായി 'റബ്ബർ' മാസിക അടക്കമുള്ള ബോർഡിന്റെ മലയാളം, ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങളുടെ മുഖ്യ പത്രാധിപർ ആയിരുന്നു. റബ്ബർബോർഡിന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും കൂട്ടുടമസ്ഥതയിൽ പ്രവർത്തിക്കുന്ന സഹ്യാദ്രി റബ്ബേഴ്സ്, അടൂർ റബ്ബേഴ്സ് എന്നീ കമ്പനികളുടെ നിലവിലെ ചെയർമാനുമാണ്. കൂടാതെ റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപറേഷന്റെ ഡയറക്ടർ ബോർഡ് അംഗവുമാണ്. റബ്ബർമേഖലയിലെ എല്ലാ വിഭാഗങ്ങളും ചേർന്നു നടത്തുന്ന ഇന്ത്യാ റബ്ബർ മീറ്റിന്റെ ഓർഗനൈസിങ് കമ്മിറ്റി സെക്രട്ടറിയായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്.

തിരുവനന്തപുരം ആകാശവാണിയുടെ ഗ്രാമീണപരിപാടികളുടെ ഉപദേശകസമിതി (Rural Programme Advisory Committee) അംഗം, എം.ജി. യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഗൈഡൻസ് അഡ്വൈസറി കമ്മിറ്റി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ 'റബ്ബർ മറ്റൊരു കല്പവൃക്ഷം', റബ്ബർബോർഡ് പ്രസിദ്ധീകരിച്ച 'റബ്ബർ കർഷകർക്കൊരു കൈപ്പുസ്തകം' എന്നീ പുസ്തകങ്ങളുടെ രചയിതാവാണ്.

ഡോ. പട്ടേൽ, ഡോ. കെ.എൻ. രാഘവൻ, ഡോ. ടി.ആർ. അഹ്ലാവത്, ഡോ. ജെസ്സി എം.ഡി., ഡോ. ഡി.കെ. ശർമ്മ (അഗ്രിക്കൾച്ചറൽ എക്സ്പെരിമെന്റ് സ്റ്റേഷൻ ഹെഡ്, പെരിയ), ഡോ. മീന സിംഗ് (ഓഫീസർ ഇൻ-ചാർജ്, റീജിയണൽ റിസേർച്ച് സ്റ്റേഷൻ, ഡപ്ചാരി), ഡോ. തോംസൺ ഏബ്രഹാം (ഓഫീസർ ഇൻ-ചാർജ്, സെൻട്രൽ എക്സ്പെരിമെന്റ് സ്റ്റേഷൻ, ചേത്തക്കൽ ) എന്നിവർ ഫാമിൽ ആദ്യ തൈകൾ നട്ടു.

ഗുജറാത്തിന്റെ തെക്കൻ ജില്ലകളായ സൂറത്ത്, നവസാരി, ബറൂച്ച്, വൽസാദ്, നർമ്മദ, താപി, ഡാഗ്സ് എന്നീ ജില്ലകളാണ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തന മേഖലകൾ. ഗവേഷണപഠനങ്ങൾക്കായി പതിനഞ്ചു സ്ഥലങ്ങളിലായി ഇരുപത്തഞ്ച് ഗവേഷണകേന്ദ്രങ്ങൾ സർവ്വകലാശാലയ്ക്കുണ്ട്.

ദക്ഷിണഗുജറാത്തിൽ പ്രധാനമായും മാവ്, സപ്പോട്ട എന്നിവയാണ് കൃഷി ചെയ്യുന്നത്. ജനിതകവൈവിധ്യത്താൽ ലോകപ്രശസ്തമായ പശ്ചിമഘട്ടമലനിരകൾ തെക്ക് കന്യാകുമാരിയിൽ ആരംഭിച്ച് വടക്ക് ഗുജറാത്തിലെ താപി എന്ന സ്ഥലത്ത് അവസാനിക്കുന്നു. താപി മുതൽ വാപി വരെ വ്യാപിച്ചു കിടക്കുന്ന തെക്കൻ ഗുജറാത്തിലെ ആറ് ജില്ലകളിലെ 'പരശുരാമന്റെ സ്ഥലം' എന്ന പേരിൽ അറിയപ്പെടുന്ന പ്രദേശങ്ങൾ ഫലഭൂയിഷ്ഠങ്ങളാണ്. എന്നാൽ, തെക്കുപടിഞ്ഞാറൻ കാലവർഷം ലഭിക്കുന്ന ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ മാത്രമാണ് ഇവിടെ മഴ ലഭിക്കുന്നത്. എങ്കിലും കൃഷി ചെയ്യുന്നതിനായി മികച്ച ജലസേചന സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്.

നവസാരി കാർഷിക സർവ്വകലാശാലയുടെ അഗ്രിക്കൾച്ചർ എക്സ്പെരിമെന്റൽ സ്റ്റേഷൻ ആയ 'പെരിയ' ഫാമിലെ ഒരു ഹെക്ടർ സ്ഥലമാണ് പ്രധാനമായും റബ്ബർ കൃഷിക്കുള്ള പരീക്ഷണത്തോട്ടം ആക്കുന്നത്. വൽസാദ് ജില്ലയിലെ പർഡി താലൂക്കിൽ 1964-ലാണ് ഈ പരീക്ഷണ ഫാം തുടങ്ങിയത്. നിലവിൽ മാവ്, സപ്പോട്ട എന്നീ വിളകളിലെ ഗവേഷണങ്ങളാണ് പ്രധാനമായും ഇവിടെ നടന്നുവരുന്നത്.

വരൾച്ചബാധിതപ്രദേശങ്ങളിൽ കൃഷിയുടെ പ്രാരംഭഘട്ടത്തിൽ ജലസേചനം ലഭ്യമാക്കുകയാണെങ്കിൽ റബ്ബർകൃഷി സാധ്യമാണെന്നും തുടർന്ന് ഉത്പാദന കാലഘട്ടത്തിലും ജലസേചനം തുടരുകയാണെങ്കിൽ പരമ്പരാഗതമേഖലകളിൽ കിട്ടുന്നതിന് സമാനമായ ഉത്പാദനം സാധ്യമാണെന്നും റബ്ബർഗവേഷണകേന്ദ്രത്തിന്റെ വിവിധപഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. 'പെരിയ' ഫാമിലെ പ്രധാന പരീക്ഷണത്തോടൊപ്പം സർവ്വകലാശാലയുടെ പതിമ്മൂന്നു ഗവേഷണഫാമുകളിലും പരീക്ഷണാടിസ്ഥാനത്തിൽ റബ്ബർകൃഷി ആരംഭിച്ചിട്ടുണ്ട്. പ്രതിവർഷം ശരാശരി 1000 മില്ലീമീറ്ററിൽ താഴെ മഴ ലഭിക്കുന്ന ബറൂച്ച് സ്റ്റേഷൻ മുതൽ 2500 മില്ലീമീറ്ററോളം മഴ ലഭിക്കുന്ന വഘൈ ഉൾപ്പെടെയുള്ള വിവിധ പരീക്ഷണത്തോട്ടങ്ങളാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്.

നവസാരി കാർഷിക സർവ്വകലാശാലയുമായി ചേർന്ന് നടത്തുന്ന ഈ പരീക്ഷണങ്ങളുടെ ഫലത്തെ വിലയിരുത്തിയതിനുശേഷമായിരിക്കും ആ ഭാഗങ്ങളിൽ റബ്ബർകൃഷി വികസിപ്പിക്കുന്നതിനുള്ള തീരുമാനമെടുക്കുന്നത്.

*തയ്യാറാക്കിയത് :* **ഡോ. തോംസൺ ഏബ്രഹാം**
ഓഫീസർ ഇൻ-ചാർജ്, സെൻട്രൽ എക്സ്പെരിമെന്റ് സ്റ്റേഷൻ, ചേത്തക്കൽ



ആൻസമ്മ ജോർജ്
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

# മണ്ണും ജലവും സംരക്ഷിക്കാൻ ആവരണവിളകൾ

**വേനൽകാലത്ത് ശക്തമായ ചൂടിൽനിന്ന് രക്ഷ നൽകിയും മഴക്കാലത്ത് മഴത്തുള്ളികൾ ശക്തിയായി പതിച്ച് മേൽമണ്ണ് ഒലിച്ചുപോകാതെയും ആവരണവിളകൾ മണ്ണിനെ സംരക്ഷിക്കുന്നു. കൂടാതെ അന്തരീക്ഷത്തിലെ നൈട്രജനെ വലിച്ചെടുത്ത് ചെടികൾക്ക് ലഭ്യമാക്കുന്ന ഇവ റബ്ബർ തോട്ടങ്ങളിലെ മണ്ണും ജലവും സംരക്ഷിക്കുന്നതിൽ എത്രമാത്രം പങ്കു വഹിക്കുന്നു എന്ന് ലേഖനത്തിൽ വിശദീകരിച്ചിരിക്കുന്നു.**

റബ്ബർതോട്ടങ്ങളിലെ മണ്ണ് സംരക്ഷിക്കുന്നതിനും മണ്ണിന്റെ ഘടനയും ഫലപുഷ്ടിയും മെച്ചപ്പെടുത്തുന്നതിനും വേണ്ടിയാണ് ആവരണവിളകൾ നട്ടുപിടിപ്പിക്കുന്നത്. ഇത് മണ്ണിന് നല്ലൊരു ആവരണമായി നിലകൊള്ളുന്നു. റബ്ബർതൈകൾക്കൊപ്പം ആവരണവിളകളും നട്ടുപിടിപ്പിക്കുന്നതുകൊണ്ട് ഒട്ടേറെ പ്രയോജനങ്ങളുണ്ട്.

മഴത്തുള്ളികൾ ശക്തിയായി നേരിട്ട് മണ്ണിൽ പതിക്കുന്നത് തടയുന്നതിനാൽ ആവരണവിളകൾ വളക്കൂറുള്ള മേൽമണ്ണ് ഒലിച്ചുപോകാതെ സംരക്ഷിക്കുന്നു. ആവരണവിളകളുടെ ഇലകളും തണ്ടുകളും പഴുത്തു കൊഴിഞ്ഞ് മണ്ണിൽതന്നെ വീഴുന്നതുകൊണ്ട് മണ്ണിന്റെ ജൈവാംശം വർദ്ധിക്കും. വേരുപടലങ്ങൾ മണ്ണിൽ വളർന്നു പടർന്ന് മണ്ണിനെ ദൃഢമായി ബന്ധിപ്പിക്കുകയും വായുസഞ്ചാരമുള്ളതാക്കുകയും ചെയ്യുന്നു. കൂടാതെ



## ◆ ആവരണവിളകൾ

ആവരണവിളകൾ മണ്ണിലെ ചൂടു കുറയ്ക്കുന്നതിനും ഈർപ്പം നിലനിർത്തുന്നതിനും തോട്ടത്തിലെ കളകളെ അമർച്ചചെയ്യുന്നതിനും സഹായിക്കും.

പയറുവർഗത്തിൽപെട്ട ആവരണവിളകൾ അന്തരീക്ഷത്തിലെ നൈട്രജൻ വലിച്ചെടുത്ത് റബ്ബറിന് ഉപയോഗിക്കാൻ പാകത്തിൽ വേരിലുള്ള മൂലാർബുദങ്ങളിൽ ശേഖരിച്ച് മണ്ണിലേക്ക് നൽകുന്നു. കൂടാതെ നല്ല നിലാവരണമായി വളരുന്നതിനാലും തോട്ടങ്ങളിൽ പിടിപ്പിക്കുവാൻ എളുപ്പമായതിനാലും പയറുവർഗ്ഗത്തിൽപെട്ട ആവരണവിളകളാണ് റബ്ബർതോട്ടങ്ങളിൽ വളർത്താൻ യോജിച്ചത്. മ്യൂക്കുണ, പ്യൂറേറിയ, കലപ്പഗോണിയം, സെൻട്രോസീമ എന്നിവയെല്ലാം ആവരണവിളകളായി ഉപയോഗിക്കുമെങ്കിലും പ്യൂറേറിയ *(പ്യൂറേറിയ ഫാസിയോളോയ്ഡ്സ്)*, മ്യൂക്കുണ *(മ്യൂക്കുണ ബ്രാക്റ്റിയേറ്റ)* എന്നിവയാണ് നമ്മുടെ നാട്ടിൽ സാധാരണമായി ഉപയോഗിച്ചുവരുന്നത്.

### *പ്യൂറേറിയ ഫാസിയോളോയ്ഡ്സ്*

ഇന്ത്യയിലെ റബ്ബർതോട്ടങ്ങളിൽ സർവ്വസാധാരണമായി വളർത്തിവരുന്ന ആവരണവിളയാണിത്. കടുത്ത ചൂടിനെ കുറെയൊക്കെ അതിജീവിക്കുന്നതിനും കളകളെ അമർച്ചചെയ്യുന്നതിനും ഇവയ്ക്ക് കഴിവുണ്ട്. ഒരു ഹെക്ടറിൽ കൃഷിചെയ്യാൻ ഏകദേശം 3 മുതൽ 4.5 വരെ കിലോഗ്രാം വിത്ത് വേണ്ടിവരും. തണ്ടുകൾ മുറിച്ചുനട്ടും അവ തോട്ടങ്ങളിൽ വളരെയെളുപ്പം പിടിപ്പിക്കാം. തണലിലും വളരാൻ കഴിവുള്ള ഇവ വേനൽകാലത്ത് ഉണങ്ങുമെങ്കിലും മഴക്കാലത്ത് വീണ്ടും കിളിർക്കും. ഈ ആവരണവിള കന്നുകാലികൾ തിന്നുന്നവയാണ്.

### *മ്യൂക്കുണ ബ്രാക്റ്റിയേറ്റ*

ഈ ആവരണവിള ത്രിപുരയിൽ നിന്നും ശേഖരിച്ചതാണ്. കടുത്ത വേനലിനെ പ്രതിരോധിക്കാൻ കഴിവുള്ള ഇത് തണലിലും വളരും. കന്നുകാലികൾ തിന്നാത്ത ഇനമാണിത്. റബ്ബർതൈകൾ വളർച്ചയെത്തിയാലും ഇവ നിലനിൽക്കും. വേനൽകാലത്ത് ഉണങ്ങിനശിക്കാത്ത ഇവ മണ്ണിന് നല്ല സംരക്ഷണം നൽകുന്നു. വളരെവേഗം വളരുകയും നിലം മുഴുവൻ ആവരണം ചെയ്യുകയും ചെയ്യുന്നതിനാൽ കളകളെ വളരാൻ അനുവദിക്കില്ല. മ്യൂക്കുണയുടെ വളർച്ച വളരെ വേഗത്തിലായതിനാൽ നന്നായി ശ്രദ്ധിച്ചില്ലെങ്കിൽ അവ റബ്ബർതൈകളിൽ ചുറ്റിക്കയറി അവയെ നശിപ്പിക്കാൻ സാധ്യതയുണ്ട്. ഒരു ഹെക്ടർ തോട്ടത്തിലേക്ക് ഏകദേശം 200 ഗ്രാം വിത്ത് മതിയാകും. തണ്ടുകൾ മുറിച്ച് പ്രജനനത്തിനായി ഉപയോഗിക്കാമെങ്കിലും വേരുപിടിച്ചുകിട്ടുന്ന തൈകളുടെ എണ്ണം കുറവായിരിക്കും. ഊർജ്ജസ്വലമായി വളരുന്ന വള്ളിയിൽനിന്ന് രണ്ട് മുട്ടുകളെങ്കിലും ഉള്ള തണ്ടുകൾ മുറിച്ചെടുത്ത് കൂടകളിൽ നടാം. കൂടയിൽ മണ്ണിനോടൊപ്പം 50 ഗ്രാം ഉണക്കിപ്പൊടിച്ച ചാണകവും ചേർക്കണം. ഭാഗികമായി തണലും നൽകണം.

### ആവരണവിള പിടിപ്പിക്കൽ

പുതുക്കൃഷി നടത്തുന്ന തോട്ടങ്ങളിൽ നടീലിനായി സ്ഥലം തെളിക്കുന്നതോടൊപ്പംതന്നെ ആവരണവിള പിടിപ്പിക്കണം. ആവർത്തനക്കൃഷി നടത്താനുദ്ദേശിക്കുന്ന തോട്ടങ്ങളിൽ പഴയമരങ്ങൾ മുറിച്ചുമാറ്റിയാൽ ഉടൻതന്നെ തോട്ടപ്പയർ നടാം. വിത്തുകളോ തണ്ടുകളോ



നടാൻ ഉപയോഗിക്കാം. നന്നായി മഴലഭിക്കുന്ന മാസങ്ങളാണ് നടീലിന് ഉത്തമം. തണ്ടുകളാണ് നടാനുപയോഗിക്കുന്നതെങ്കിൽ 60 മുതൽ 90 വരെ സെന്റീമീറ്റർ നീളം ഉണ്ടായിരിക്കണം. വിത്തുകളാണ് ഉപയോഗിക്കുന്നതെങ്കിൽ മുൻകൂട്ടി തയ്യാറാക്കിയ തടങ്ങളിലാണ് നടേണ്ടത്. കാലവർഷത്തിന് തൊട്ടുമുമ്പ് ഒന്നോ രണ്ടോ മഴ ലഭിച്ചതിനുശേഷം വേണം വിത്തുകൾ നടാൻ. വാഴ പോലെയുള്ള ഇടവിളകൾ കൃഷിചെയ്തിട്ടുള്ള തോട്ടങ്ങളിൽ അവയോടൊപ്പംതന്നെ തോട്ടപ്പയറും പിടിപ്പിക്കാം. തോട്ടപ്പയറിന്റെ വളർച്ച നിയന്ത്രിച്ച് നിരപ്പുതട്ടുകളിൽ മാത്രമായി നിലനിർത്തണം. എന്നാൽ, കൈതപോലെയുള്ള ഇടവിളകൾ ചെയ്യുമ്പോൾ അവയോടൊപ്പം തോട്ടപ്പയർ പിടിപ്പിക്കുന്നത് ബുദ്ധിമുട്ടാണ്. അങ്ങനെയുള്ള തോട്ടങ്ങളിൽ ഇടവിളകൾ മാറ്റുന്ന മുറയ്ക്ക് തോട്ടപ്പയർ പിടിപ്പിക്കണം. ഇങ്ങനെയുള്ള തോട്ടങ്ങളിൽ *മ്യൂക്കുണ ബ്രാക്റ്റിയേറ്റ, കലപ്പഗോണിയം സെറൂലിയം* എന്നീ തോട്ടപ്പയറുകൾ നടുന്നതാണ് ഉത്തമം.

### വിത്തുകളുടെ പരിചരണം

ആവരണവിളകളുടെ വിത്തുകൾക്ക് തോടിന് കട്ടികൂടുതലായതിനാൽ സാധാരണ പരിസ്ഥിതിയിൽ അവയിൽ പലതും മുളയ്ക്കുകയില്ല. അതിനാൽ വിത്തുകൾ നടുന്നതിന് മുൻപുതന്നെ ചില പരിചരണങ്ങൾ ആവശ്യമാണ്.

### ആസിഡ് പരിചരണം

ഗാഢ സൾഫ്യൂരിക് ആസിഡിൽ വിത്തുകൾ കുറച്ചുനേരം കുതിർത്താൽ കിളിർക്കുന്ന വിത്തുകളുടെ എണ്ണം വർദ്ധിക്കും. ആസിഡ് ഒഴിച്ചാൽ ദോഷം വരാത്ത ഗ്ലാസ് പാത്രത്തിലോ മറ്റോ വിത്തുകൾ എടുത്ത് അവ മുങ്ങിക്കിടക്കുംവിധം സൾഫ്യൂരിക് ആസിഡ് ഒഴിക്കുകയാണ് ചെയ്യേണ്ടത്. വിത്തുകൾ ഇടയ്ക്ക് ഇളക്കിക്കൊടുക്കണം. ഓരോ ഇനം വിത്തുകളും ആസിഡിൽ മുക്കിയിടേണ്ട സമയം വ്യത്യസ്തമാണ്. പ്യൂറേറി



മറ്റോ ഇട്ട് ചെറുതായി ഇടിക്കുന്നതാണ് ഒരു രീതി. സാൻഡ് പേപ്പർ ലൈനിങ് ഉള്ള ഡ്രമ്മിൽ ഇട്ടു കറക്കുന്നതാണ് മറ്റൊരു രീതി. വിത്തുകൾ ഓരോന്നെടുത്ത് സാൻഡ് പേപ്പറിലോ പരുപരുത്ത സിമന്റ് തറയിലോ ഉരച്ചുള്ള പരിചരണവുമുണ്ട്. വിത്തുചേരുന്ന കറുത്ത പാടുള്ള ഭാഗത്തിന്റെ എതിർവശം വേണം ഉരയ്ക്കാൻ. ഉരച്ചശേഷം പാകുന്നതിനു മുമ്പായി ഒരു രാത്രി വെള്ളത്തിൽ മുക്കിയിടണം.

## നടീൽ

മുൻകൂട്ടി പരിചരിച്ച വിത്തുകൾ തുല്യമായ അളവിൽ റോക്ക്ഫോസ്ഫേറ്റ് ചേർത്ത് റബ്ബർതൈകളുടെ നിരകൾക്കിടയിൽ കളകൾനീക്കി തടമെടുത്ത് നടാം. ആറുമാസം വരെയുള്ള കാലയളവിൽ ചുറ്റും കളയെടുപ്പ് നടത്തുകയും തോട്ടപ്പയർ കന്നുകാലികൾ തിന്നാതെ സംരക്ഷിക്കുകയും വേണം.

## വളപ്രയോഗം

റോക്ക്ഫോസ്ഫേറ്റോ റോക്ക്ഫോസ്ഫേറ്റും മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും ചേർന്ന മിശ്രിതമോ വളമായി ഉപയോഗിച്ചാൽ ആവരണവിള പെട്ടെന്ന് വേരുപിടിച്ചു കിട്ടുകയും നൈട്രജൻ സംഭരിക്കാനുള്ള കഴിവ് വർദ്ധിക്കുകയും ചെയ്യും. ഒരു ഹെക്ടർ സ്ഥലത്തെ ആവരണവിളക്ക് 165 കിലോഗ്രാം റോക്ക്ഫോസ്ഫേറ്റ് രണ്ടു തുല്യതവണകളായി ചേർത്തു കൊടുത്താൽ മതിയാകും. വിത്തുപാകി ഒരു മാസം കഴിഞ്ഞ് ആദ്യവളപ്രയോഗം നടത്താം. അതിനുശേഷം രണ്ടുമാസം കഴിഞ്ഞ് രണ്ടാംതവണത്തെ വളം ചേർത്തുകൊടുക്കാം. പൊട്ടാസ്യത്തിന്റെ അളവ് കുറവായിട്ടുള്ള സ്ഥലങ്ങളിൽ ആവരണവിളയ്ക്ക് 165 കിലോഗ്രാം റോക്ക്ഫോസ്ഫേറ്റിനൊപ്പം 50 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷും ചേർത്തുകൊടുക്കണം. വളം ആവരണവിള നട്ടിരിക്കുന്ന തടങ്ങളിൽ വിതറിയാൽ മതിയാകും.

റബ്ബർതോട്ടങ്ങളിലെ മണ്ണും ജലവും സംരക്ഷിക്കുന്നതിനും ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനും കൃഷിച്ചെലവ് കുറയ്ക്കുന്നതിനും തോട്ടങ്ങളിൽ ആവരണവിളകൾ നട്ടുപിടിപ്പിക്കാം. •

യയ്ക്ക് 10 മിനിറ്റും മ്യൂക്കുണയ്ക്ക് 30 മിനിറ്റുമാണ് വേണ്ടത്. നടുന്നതിന് മുമ്പായി വിത്തുകൾ വെള്ളത്തിൽ നന്നായി കഴുകണം.

## ചൂടുവെള്ളം ഉപയോഗിച്ചുള്ള പരിചരണം

പ്യൂറേറിയ വിത്തുകൾക്കാണ് സാധാരണമായി ഈ രീതി ഉപയോഗിക്കുന്നത്. വിത്തുകൾ ഒരു ബക്കറ്റിൽ എടുത്ത് 60 – 80 ഡിഗ്രി സെന്റീഗ്രേഡ് ചൂടുള്ള വെള്ളം ഒഴിച്ച് നാലഞ്ചു മണിക്കൂർ വിത്തുകൾ മുങ്ങിക്കിടക്കാൻ അനുവദിക്കണം. വിത്തുകൾ നിശ്ചിത സമയത്തിൽ കൂടുതൽ വെള്ളത്തിൽ ഇടരുത്.

## ഉരയ്ക്കൽ രീതി

മ്യൂക്കുണ വിത്തുകൾക്കാണ് ഈ രീതി ഫലപ്രദം. ഒന്നോ രണ്ടോ ഇരട്ടി മണലുമായി ചേർത്ത് ഉരലിലോ

## ഡി.എൻ.എ. സീക്വൻസിങ്ങിന് റബ്ബർബോർഡിൽ സൗകര്യം

റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം സാങ്കർ ഡി.എൻ.എ. സീക്വൻസിങ് സേവനം ലഭ്യമാക്കുന്നു. ഗവേഷകർ, വിദ്യാർത്ഥികൾ, സ്വകാര്യ സ്ഥാപനങ്ങളിൽനിന്നുള്ളവർ എന്നിവർക്കെല്ലാം ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. എ.ബി.ഐ. 3500 എക്സ്. എൽ. 24 കാപ്പിലറി ഇലക്ട്രോഫോറെസിസ് സിസ്റ്റം ( ABI 3500 XL 24 Capillary Electrophoresis System) ഉപയോഗിച്ച് കോളം ബെയ്സ്ഡ് പ്യൂരിഫൈഡ് പി.സി.ആർ. ഉത്പങ്ങളുടെയും (Columnbased purified PCR products) പ്ലാസ്മിഡ് ഡി.എൻ.എ. സാംപിളുകളുടെയും (plasmid DNA samples) ജനിതകശ്രേണി നിർണ്ണയം ചെയ്യുതിനുള്ള സൗകര്യമാണ് ഇവിടെ ലഭ്യമാകുക. ഡിഎൻഎ-യുടെ അടിസ്ഥാന നിർമ്മാണ യൂണിറ്റുകളായ ന്യൂക്ലിയോറ്റൈഡുകളുടെ ശ്രേണി നിർണ്ണയിക്കുന്നതിനുള്ള ഏറ്റവും മികച്ച മാർഗ്ഗങ്ങളിലൊന്നാണ് സാങ്കർ സീക്വൻസിങ്. അതീവകൃത്യത (99.99%) ഉള്ളതിനാൽ സീക്വൻസിങ്ങിലെ 'ഗോൾഡ് സ്റ്റാൻഡേർഡാ'യാണ് ഇതിനെ കണക്കാക്കുന്നത്.

ഡി.എൻ.എ. സീക്വൻസിങ് ആവശ്യമുള്ളവർ അപേക്ഷകൾ നിശ്ചിത ഫോറത്തിൽ ഓൺലൈനായി thomasku@rubberboard.org.in എന്ന വിലാസത്തിൽ ഇ-മെയിൽ ചെയ്യണം. റിപ്പോർട്ടുകൾ ഇ-മെയിൽ ആയി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0481 2353311 (എക്സ്റ്റൻഷൻ 202) എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.



*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ കെണ്ടുഗാഡി സംഘത്തിന്റെ റബ്ബർബാൻഡ് യൂണിറ്റ് ഉദ്ഘാടനം ചെയ്യുന്നു*

# കെണ്ടുഗാഡി സംഘത്തിന്റെ വിജയഗാഥ

ഗുണമേന്മയുള്ള ഷീറ്റുറബ്ബർ ഉത്പാദിപ്പിച്ചു നൽകിയിട്ടും വിപണിയിൽ മെച്ചപ്പെട്ട വില ലഭിക്കാത്തതുമൂലമാണ് കെണ്ടുഗാഡി സംഘം റബ്ബറുത്പന്നനിർമ്മാണത്തെപ്പറ്റി ആലോചിക്കാൻ തുടങ്ങിയത്.

ഒഡീഷയുടെ വടക്കുകിഴക്കൻ ജില്ലയായ മയൂർഭഞ്ചിലെ ഒരു ഉൾനാടൻ ഗ്രാമമാണ് കെണ്ടുഗാഡി. ജില്ലാ ആസ്ഥാനമായ ബാരിപടയിൽ നിന്ന് ഏകദേശം 20 കി.മീ. ദൂരത്തായി സിമിലിപാൽ എന്ന വന്യജീവിസങ്കേതത്തോട് ചേർന്നു കിടക്കുന്ന ഒരു ആദിവാസി ഗ്രാമമാണ് കെണ്ടുഗാഡി. 1994-ൽ റബ്ബർബോർഡ് ബ്ലോക്ക് പ്ലാന്റേഷൻ ആരംഭിക്കുന്നതിന് മുൻപ് ഇവിടെയുള്ള ജനങ്ങളുടെ ഉപജീവനമാർഗ്ഗം നെൽകൃഷി, വനവിഭവങ്ങൾ എന്നിവയിൽ നിന്നും കിട്ടുന്ന വരുമാനം മാത്രമായിരുന്നു. ഇപ്പോൾ മയൂർഭഞ്ച് മേഖലയിൽ കെണ്ടുഗാഡി ഉൾപ്പെടെ 11 ബ്ലോക്ക് പ്ലാന്റേഷനുകൾ ഉണ്ട്. ഈ തോട്ടങ്ങളിൽ നിന്നും ലഭിക്കുന്ന റബ്ബർപാൽ സംസ്കരിച്ച് ഷീറ്റുറബ്ബർ ആയി വിപണനം നടത്തിവരികയാണ് പതിവ്.

ആർ.എസ്.എസ്. 3, 4 ഗ്രേഡ് ഷീറ്റുകൾ ഉത്പാദിപ്പിച്ചു നൽകിയിട്ടും വിപണിവിലയിൽ നിന്നും ഏകദേശം




*റബ്ബർബാൻഡ് യൂണിറ്റിന്റെ ഉദ്ഘാടനവേളയിലെ ദൃശ്യങ്ങൾ*

10 മുതൽ 20 വരെ രൂപ കുറച്ചുള്ള തുകയാണ് ഇവർക്ക് ലഭിക്കുന്നത്. പ്രസിഡന്റ് ദേബേന്ദ്രസിങ്ങിന്റെ നേതൃത്വത്തിലുള്ള സംഘം മെച്ചപ്പെട്ട വിപണിവില ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അന്വേഷിക്കുന്നതിന്റെ ഭാഗമായാണ് ഉത്പന്നനിർമ്മാണരംഗത്തേയ്ക്ക് തിരിഞ്ഞത്.

2018-ൽ കെണ്ടുഗാഡി റബ്ബറുത്പാദകസംഘം റബ്ബർബോർഡിലെ എഞ്ചിനീയറിങ് ആന്റ് പ്രോസസ്സിങ് വിഭാഗത്തെ സമീപിക്കുകയും 27.10 ലക്ഷം രൂപ ചെലവ് വരുന്ന ഒരു റബ്ബർബാൻഡ് യൂണിറ്റിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വാങ്ങുകയും ചെയ്തു.

നിർഭാഗ്യവശാൽ സംഘത്തിന് ബാങ്കുകളിൽ നിന്നും വായ്പ സംഘടിപ്പിക്കാൻ സാധിക്കാതെ വന്നു. തുടർന്ന് 2020 ഫെബ്രുവരി മാസത്തിൽ സംഘത്തിന്റെ ഭാരവാഹികൾ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവനെ നേരിൽ കണ്ട് പ്രശ്നങ്ങൾ അവതരിപ്പിച്ചു. അദ്ദേഹം സംഘത്തിന് പദ്ധതി തുടങ്ങുന്നതിനായി അഞ്ച് ലക്ഷം രൂപ അനുവദിക്കുകയും സാങ്കേതികസഹായം നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു.

പിന്നീട് സംഘത്തിന്റെ തെരഞ്ഞെടുത്ത മൂന്നു പ്രതിനിധികൾക്ക് കേരളത്തിലും തമിഴ്നാട്ടിലുമുള്ള റബ്ബർബാൻഡ് യൂണിറ്റുകളിൽ പരിശീലനം നൽകുകയും ഫാക്ടറിയുടെ നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ കേരളത്തിൽ നിന്ന് കയറ്റി അയയ്ക്കുകയും ചെയ്തു. എഞ്ചിനീയറിങ് ആന്റ് പ്രോസസ്സിങ് ഡിവിഷനിലെ ഉദ്യോഗസ്ഥൻ സ്ഥലത്ത് നേരിട്ടെത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. സംഘത്തിന്റെ തോട്ടത്തിൽ നിന്നും ലഭിക്കുന്ന പാൽ 'ക്രീമിങ്'എന്ന പ്രക്രിയയിലൂടെ സാന്ദ്രീകരിച്ച ശേഷമാണ് റബ്ബർബാൻഡുനിർമ്മാണത്തിന് ഉപയോഗിക്കുന്നത്. 2020 ഡിസംബർ മാസം യൂണിറ്റിന്റെ ആദ്യഘട്ടം കമ്മീഷൻ ചെയ്തു. സാധാരണ റബ്ബർബാൻഡുകളും കൈയ്യുറകളുമാണ് ഈ യൂണിറ്റിൽ നിർമ്മിക്കാൻ തുടങ്ങിയത്. നിർഭാഗ്യവശാൽ കോവിഡ് വ്യാപനം, റബ്ബർപാലിന്റെ ലഭ്യതക്കുറവ് മുതലായ കാരണങ്ങളാൽ യൂണിറ്റിന്റെ പ്രവർത്തനം 2021 ഏപ്രിൽ മാസം നിർത്തിവയ്ക്കേണ്ടതായി വന്നു.

2022 മെയ്മാസത്തിൽ കൂടുതൽ വിപണനസാധ്യതയുള്ള ഫ്ളൂറസെന്റ് റബ്ബർബാൻഡ് ഉത്പാദിപ്പിക്കാനുള്ള സാങ്കേതികസഹായത്തിനായി റബ്ബർബോർഡിലെ എഞ്ചിനീയറിങ് ആന്റ് പ്രോസസ്സിങ് ഡിവിഷനെ സമീപിക്കുകയും തുടർന്ന് 2022 ജൂൺ മാസത്തിൽ ഫ്ളൂറസെന്റ് റബ്ബർബാൻഡിന്റെ ഉത്പാദനം സംഘം ആരംഭിക്കുകയും ചെയ്തു.

2022 ജൂലൈ മാസത്തിൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ കെണ്ടുഗാഡി റബ്ബറുത്പാദകസംഘത്തിന്റെ റബ്ബർബാൻഡ് യൂണിറ്റ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു.

വിവിധ വർണ്ണങ്ങളിലും ആകൃതിയിലുമുള്ള റബ്ബർബാൻഡ് 'മയൂർ റബ്ബർബാൻഡ്'എന്ന ബ്രാൻഡിൽ ഒഡീഷ റബ്ബർ മാർക്കറ്റിങ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിജയകരമായി വിപണനം നടത്തിവരുന്നു. ഒരു കിലോഗ്രാം റബ്ബർബാൻഡ് ഉത്പാദിപ്പിക്കുമ്പോൾ ഏകദേശം 20 മുതൽ 30 വരെ രൂപ ലാഭം നേടാൻ സംഘത്തിന് സാധിക്കുന്നുണ്ട്. നിലവിൽ കേരളത്തിൽനിന്നാണ് ഒഡീഷയിലേക്ക് റബ്ബർബാൻഡ് എത്തിച്ചേരുന്നത്. മാത്രമല്ല, ഒഡീഷയിലെ ആദ്യത്തെ റബ്ബർബാൻഡ് നിർമ്മാണയൂണിറ്റ് എന്ന ഖ്യാതിയും സംഘത്തിന് നേടാൻ സാധിച്ചു. റബ്ബർബാൻഡ് നിർമ്മാണത്തിന് യോജിച്ച കാലാവസ്ഥയും ഉള്ളതിനാൽ സംഘത്തിന് കൂടുതൽ വിജയകരമായി ഈ സംരംഭം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. കെണ്ടുഗാഡി റബ്ബറുത്പാദകസംഘത്തിന്റെ സംരംഭകത്വശ്രമങ്ങൾ മറ്റു സംഘങ്ങൾക്ക് ഒരു മാതൃക തന്നെയാണ്.

*തയ്യാറാക്കിയത് :* **ബിജു എം. എൻ.**
അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ •



കള്ളമല സംഘത്തിന്റെ ഡിപ്പോയുടെ ഉദ്ഘാടനം അഗളി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് അംബിക ലക്ഷ്മണൻ നിർവ്വഹിക്കുന്നു



സി.എം. ജസ്റ്റിൻ
ഡെവലപ്മെന്റ് ഓഫീസർ

# റബ്ബർകൃഷിയിൽ അട്ടപ്പാടിയുടെ കുതിപ്പ്

**അട്ടപ്പാടിമേഖലയിലെ കൃഷിരീതികൾ, കാലാവസ്ഥയിൽ വന്നിട്ടുള്ള മാറ്റങ്ങൾ, റബ്ബർകൃഷി വികസനം തുടങ്ങിയവയെക്കുറിച്ചാണ് ലേഖനത്തിന്റെ ഉള്ളടക്കം. ആദിവാസിസമൂഹത്തിന്റെ വികസനത്തിന് റബ്ബർകൃഷി എങ്ങനെ പ്രയോജനപ്പെടുമെന്ന് ലേഖനത്തിൽ വിവരിച്ചിരിക്കുന്നു.**

പാലക്കാട് ജില്ലയുടെ വടക്കുകിഴക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന ഭൂപ്രദേശമാണ് അട്ടപ്പാടി. 745 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ഈ പ്രദേശത്തിന്റെ വടക്കുഭാഗത്ത് തമിഴ്നാട്ടിലെ നീലഗിരി ജില്ലയും കിഴക്കുഭാഗത്ത് കോയമ്പത്തൂർ ജില്ലയും തെക്കുഭാഗത്ത് മണ്ണാർകാട് താലൂക്കും പടിഞ്ഞാറ് മലപ്പുറം ജില്ലയും അതിരിട്ട് നിൽക്കുന്നു. തെക്കുപടിഞ്ഞാറ് ഭാഗത്താണ് 'സൈലന്റ് വാലി' ദേശീയ ഉദ്യാനം.

സമുദ്രനിരപ്പിൽനിന്ന് 450 മുതൽ 2300 വരെ മീറ്റർ ഉയരത്തിലാണ് ഈ ഭൂപ്രദേശത്തിന്റെ കിടപ്പ്. മഴയുടെ ലഭ്യതയനുസരിച്ച് അട്ടപ്പാടിയെ രണ്ട് വ്യത്യസ്ത മേഖലകളായി തിരിച്ചിട്ടുണ്ട്. 3000 മില്ലീമീറ്ററോളം മഴ ലഭിക്കുന്ന പടിഞ്ഞാറൻ അട്ടപ്പാടിയും 1000 മില്ലീമീറ്ററോളം മഴ ലഭിക്കുന്ന കിഴക്കൻ അട്ടപ്പാടിയും. പാലക്കാട് ജില്ലയിലെ തരിശുഭൂമിയുടെ 57 ശതമാനം അട്ടപ്പാടി പ്രദേശത്താണ് ഉള്ളത്. അട്ടപ്പാടിയിൽ ഉത്ഭവിച്ച് കിഴക്കോട്ട് ഒഴുകുന്ന 'ഭവാനി' നദി കേരളത്തിൽ ഉത്ഭവിച്ച് കിഴക്കോട്ട് ഒഴുകുന്ന മൂന്ന് നദികളിൽ ഒന്നാണ്. അഗളി പഞ്ചായത്തിൽ ഉൾപ്പെടുന്ന കള്ളമല, പാടവയൽ, അഗളി എന്നീ വില്ലേജുകളിലാണ് റബ്ബർകൃഷി കൂടുതൽ ഉള്ളത്. ഇവിടെ നിലവിൽ ഏകദേശം 120 ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷിയുണ്ട്. 1960-70 കാലഘട്ടത്തിലാണ് ഈ പ്രദേശത്ത് കുടിയേറ്റം ആരംഭിച്ചത്. കോട്ടയം, കാഞ്ഞിരപ്പള്ളി, പാല മുതലായ ഭാഗ




*കള്ളമല റബ്ബറുത്പാദകസംഘത്തിന്റെ ഡിപ്പോയ്ക്ക് മുന്നിൽ സംഘം പ്രസിഡന്റ് ബിജുവും മാനേജർ പോളും*



*ഡെവലപ്മെന്റ് ഓഫീസർ സി.എൻ. ജസ്റ്റിൻ കുടുംബശ്രീ അംഗങ്ങൾക്ക് സംഘത്തിന്റെ വക ടാപ്പിങ് കിറ്റ് വിതരണം ചെയ്യുന്നു*

ങ്ങളിൽ നിന്ന് കുടിയേറിയവരാണ് കൂടുതൽ. ആദ്യകാലങ്ങളിൽ രാമച്ചം, മരച്ചീനി, വാഴ, തെങ്ങ്, കമുക്, കുരുമുളക് മുതലായവയുടെ കൃഷിയിലും പുൽതൈലനിർമ്മാണത്തിലുമാണ് അവർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. കാലാവസ്ഥയിലുണ്ടായ മാറ്റവും കുരുമുളകിനെ ബാധിച്ച ദ്രുതവാട്ടരോഗവും ആദായകരമായ മറ്റ് കൃഷികളിലേക്ക് കടന്നുചെല്ലുവാൻ കർഷകരെ പ്രേരിപ്പിച്ചു. ഈ സമയത്ത് പലരും അങ്ങിങ്ങായി റബ്ബർ കൃഷി പരീക്ഷിച്ചുനോക്കിയിരുന്നു. വന്യമൃഗശല്യവും അതിശൈത്യവും റബ്ബറിനെ ബാധിക്കുന്ന പൊടിക്കുമിൾരോഗവും കൂടുതൽ പ്രദേശങ്ങളിലേക്ക് റബ്ബർകൃഷി വ്യാപിക്കുന്നതിന് തടസ്സമായി. എന്നാൽ, ഇപ്പോൾ കുറച്ചുകാലമായി റബ്ബറിന് അനുകൂലമായ മാറ്റം കാലാവസ്ഥയിൽ കാണപ്പെടുന്നുണ്ട്. അതിനെത്തുടർന്ന് കൂടുതൽപേർ റബ്ബർകൃഷിയിലേക്ക് കടന്നുവരുന്നുമുണ്ട്. കഴിഞ്ഞ കുറെ വർഷങ്ങളായി പൊടിക്കുമിൾ രോഗം ഗണ്യമായി കുറഞ്ഞതായി കാണാം. ഡിസംബർ, ജനുവരി മാസങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിശൈത്യത്തിനും മാറ്റം വന്നുതുടങ്ങി. റബ്ബറിന് നിലവിൽ ലഭിക്കുന്ന മെച്ചപ്പെട്ട വില സ്ഥിരമായി ലഭിച്ചാൽ കൂടുതൽ സ്ഥലങ്ങളിൽ റബ്ബർ കൃഷിചെയ്യാൻ കർഷകർ തയ്യാറാകും.

മണ്ണാർകാട് റീജിയണൽ ഓഫീസിന്റെ പരിധിയിൽപ്പെടുന്ന കള്ളമല, കൽക്കണ്ടി, ചിന്നപ്പറമ്പ്, അഗളി പ്രദേശങ്ങളിലെ റബ്ബർകർഷകരെ ഉൾപ്പെടുത്തി 1996-ൽ കള്ളമല റബ്ബറുത്പാദകസംഘം രൂപവത്കരിക്കുകയുണ്ടായി. നിലവിൽ 100-ൽപരം അംഗങ്ങളുള്ള ഈ സംഘം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കേരള സർക്കാരിന്റെ റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിപ്രകാരം സംഘാംഗങ്ങളായ കർഷകർക്ക് ആനുകൂല്യം ലഭിച്ചുവരുന്നു. ഈ സംഘത്തിന്റെ കീഴിൽ 2018-19 -ൽ ആരംഭിച്ച 'വനശ്രീ' കുടുംബശ്രീ കൂട്ടായ്മയിലെ പലരും ടാപ്പിങ്ങിലും വിളവെടുപ്പുമായി ബന്ധപ്പെട്ട മറ്റ് ഇതരജോലികളിലും ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. ഇവരുടെ പ്രവർത്തനമികവ് പരിഗണിച്ചുകൊണ്ട് കുടുബശ്രീ കൂട്ടായ്മയിലെ അംഗങ്ങൾക്ക് ഈ സാമ്പത്തികവർഷത്തിൽ 'ടാപ്പിങ് കിറ്റും' അനുബന്ധ ഉപകരണങ്ങളും റബ്ബർബോർഡിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. കുടുംബശ്രീ ഗ്രൂപ്പിലെ 10 അംഗങ്ങൾ ചേർന്ന് 2020-ൽ തേനീച്ചവളർത്തൽ പരിശീലനപരിപാടിയിൽ പങ്കെടുക്കുകയും തുടർന്ന് തേനീച്ചവളർത്തൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഒരു ലഘുസമ്പാദ്യപദ്ധതിയും നല്ല രീതിയിൽ ഇവർ നടത്തിവരുന്നു.

കള്ളമല റബ്ബറുത്പാദകസംഘത്തിന്റെ പരിധിയിൽ ചിന്നപ്പറമ്പ് കേന്ദ്രമാക്കി 15 കൃഷിക്കാരെയും ടാപ്പിങ് തൊഴിലാളികളെയും ഉൾപ്പെടുത്തി ഒരു ടാപ്പേഴ്സ് ഗ്രൂപ്പ് പ്രവർത്തിക്കുന്നുണ്ട്. റബ്ബർബോർഡിൽനിന്ന് പരിശീലനം ലഭിച്ച ഇവർ സ്വന്തം തോട്ടത്തിലും വേതനാടിസ്ഥാനത്തിൽ മറ്റുള്ളവരുടെ തോട്ടങ്ങളിലും ശാസ്ത്രീയമായ ടാപ്പിങ്ങും മറ്റ് പരിപാലനമുറകളും അനുവർത്തിച്ചുവരുന്നു. കൂടാതെ ലഘുസമ്പാദ്യപദ്ധതിയിലൂടെ ഒന്നരലക്ഷം രൂപ സമ്പാദിക്കാനും ഇവർക്ക് കഴിഞ്ഞിട്ടുണ്ട്.

അട്ടപ്പാടി പ്രദേശത്ത് ഏകദേശം 6000 കുടിയേറ്റക്കർഷകർ നിലവിലുണ്ട്. ആദിവാസി വിഭാഗങ്ങൾക്ക് സ്വന്തമായി റബ്ബർകൃഷി ഇല്ലെങ്കിലും റബ്ബർകൃഷിയുമായി ബന്ധപ്പെട്ട പണികൾ ചെയ്തുവരുന്നു. അട്ടപ്പാടിയിൽ 187 ഊരുകളിൽ ആദിവാസികൾ താമസിക്കുന്നുണ്ട്. മുടുഗർ, ഇരുളർ, കുറുമ്പർ എന്നീ ആദിവാസി വിഭാഗങ്ങളുള്ളതിൽ ഇരുളർ വിഭാഗത്തിൽപെട്ടവരാണ് ഏറ്റവും കൂടുതൽ ഉള്ളത്. അട്ടപ്പാടി ഹിൽസ് ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റി (AHADS) യുടെ പ്രവർത്തനം മൂലം ഇവിടുത്തെ ആദിവാസികൾക്ക് സാമൂഹികവും സാമ്പത്തികവുമായ പുരോഗമനം ഉണ്ടായിട്ടുണ്ട്. റബ്ബർബോർഡിന്റെ കമ്പനിയായ ഭാരതപ്പുഴ റബ്ബേഴ്സിന്റെ ഒരു ശാഖ കഴിഞ്ഞവർഷം കള്ളമലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാർഷികോപാധികളുടെയും എല്ലാത്തരം വിളകൾക്കുമുള്ള ജൈവ-രാസവളങ്ങളുടെയും വിൽപന, റബ്ബർഷീറ്റ് സംഭരണം എന്നിവയാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത്. റബ്ബർകൃഷിയിലൂടെ അഭിവൃദ്ധി നേടുന്നതിനുള്ള ശ്രമത്തിലാണ് അട്ടപ്പാടിയിലെ കർഷകർ. •



ഷാജി കെ.എം.
ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ്)

# മഞ്ചേരി നഴ്സറി

ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ലഭ്യമാക്കുക എന്നത് കർഷകരെ സംബന്ധിച്ച് ഏറെ പ്രാധാന്യമുള്ള ഒരു കാര്യമാണ്. ഏറ്റവും നല്ല റബ്ബർതൈകൾതന്നെ അവർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് റബ്ബർബോർഡ് പ്രാദേശികാടിസ്ഥാനത്തിൽ റബ്ബർനഴ്സറികൾ ആരംഭിച്ചത്. മലപ്പുറം ജില്ലയിൽ മഞ്ചേരിക്കടുത്ത് ചെങ്ങണയിൽ 1965 -ലാണ് റബ്ബർബോർഡിന്റെ പ്രാദേശികനഴ്സറി പ്രവർത്തനമാരംഭിച്ചത്. മദ്ധ്യമലബാറിലെ ആദ്യനഴ്സറികളിലൊന്നായി മഞ്ചേരി നഴ്സറിയെ വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല.

മുൻ ഫിഷറീസ്, പഞ്ചായത്ത് വകുപ്പ് മന്ത്രിയായിരുന്ന പരേതനായ അഹമ്മദ് കുരിക്കൾ ആയിരുന്നു നഴ്സറിക്ക് വേണ്ടി സ്ഥലം പാട്ടത്തിന് നൽകിയത്. തുടക്കത്തിൽ പുരുഷന്മാരും സ്ത്രീകളുമടക്കം 60 തൊഴിലാളികൾ ഇവിടെ ജോലിചെയ്തിരുന്നു. ചെങ്കുത്തായ ഭൂമി നിരപ്പാക്കി, നിരപ്പുതട്ടുകളാക്കിയാണ് നഴ്സറിക്ക് യോജിച്ച സ്ഥലമാക്കി മാറ്റിയത്.

1978-ൽ റബ്ബർബോർഡ് അഞ്ച് ഏക്കർ സ്ഥലം സ്വന്തമായി വാങ്ങി. താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന നഴ്സറിക്ക് സ്ഥിരം കെട്ടിടം ഉണ്ടായത് 1994-ലാണ്.

ആദ്യകാല നടീലിനങ്ങളായ റ്റിജെഐആർ-1,



*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ റബ്ബർബോർഡ് ഉദ്യോഗസ്ഥർക്കും മഞ്ചേരി നഴ്സറിയിലെ തൊഴിലാളികൾക്കുമൊപ്പം*

ജിഎൽ-1, ജിറ്റി-1 എന്നിവയായിരുന്നു അന്ന് വിതരണം ചെയ്തിരുന്നത്. 1980-നു ശേഷം ആർആർഐഐ 105, ആർആർഐഎം 600, പിബി 260 എന്നീ ഇനങ്ങളും വിതരണം ചെയ്യാൻ ആരംഭിച്ചു. അക്കാലത്തുതന്നെ ഇവിടെനിന്നും ഒട്ടുതൈക്കുറ്റികൾ മറ്റു സംസ്ഥാനങ്ങളിലേക്ക് അയയ്ക്കാറുണ്ടായിരുന്നു.

റബ്ബർബോർഡ് കപ്പുതൈകൾ പ്രോത്സാഹിപ്പിച്ചു തുടങ്ങിയതോടെ വിവിധ ഇനങ്ങളുടെ മുപ്പതിനായിരത്തിലധികം കപ്പുതൈകൾ വർഷംതോറും വിതരണം ചെയ്തു വരുന്നു. ആർആർഐഐ 105, 414, 417, 430, 422 ഇനങ്ങളുടെ കപ്പുതൈകൾ ആണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. 'യങ്ങ്' ബഡ് തൈകളും 'ഗ്രീൻ' ബഡ് തൈകളും ഇവിടെ ഉത്പാദിപ്പിച്ചുവരുന്നു.






മഞ്ചേരിനഴ്സറി വിസ്തൃതിയിൽ റബ്ബർബോർഡിന്റെ കേരളത്തിലെ ചെറിയ നഴ്സറികളിലൊന്നാണ്. ഇപ്പോൾ ഇവിടെ 18 തൊഴിലാളികളാണ് ജോലി ചെയ്യുന്നത്. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്ക് ഗുണമേന്മയുള്ള 18000-ത്തോളം തൈകൾ കയറ്റി അയയ്ക്കാൻ കഴിഞ്ഞു. 'തുള്ളിനന' നടപ്പാക്കി നഴ്സറിയിലെ തൈ ഉത്പാദനം വർധിപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്.

നഴ്സറിയുടെ വികസനത്തിന് ആവശ്യമായ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. കെ.എൻ. രാഘവൻ നഴ്സറി സന്ദർശിച്ചിരുന്നു. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭിക്കുമെന്ന തിരിച്ചറിവാണ് കർഷകരെ ബോർഡിന്റെ നിയന്ത്രണത്തിലുള്ള നഴ്സറികളിലേക്ക് എത്തിക്കുന്നത്. ശാസ്ത്രീയമായ രീതിയിൽ പരിചരിച്ച തൈകൾ നൽകാൻ കഴിയുന്നു എന്നതാണ് മഞ്ചേരി നഴ്സറിയുടെ വിജയം. മലബാറിലെ റബ്ബർകൃഷിവികസനത്തിൽ മഞ്ചേരി റീജിയണൽ റബ്ബർ നഴ്സറി വലിയ പങ്ക് വഹിച്ചിട്ടുണ്ട്. •

# GOLDEN TOUCH®



**GOLDEN TOUCH®**
RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**
FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** - **ALUMINIUM DISH**

**GOLDEN TOUCH®** - **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Packed & Marketed By*

GTC
Estd. 1991

*Geo Thomas & Co.*

II[nd] Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com



ഡോ. വിനോദ് തോമസ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

റബ്ബർചരിത്രം 13

# ആരോഗ്യത്തിൽ അധിഷ്ഠിതമായ ശൈലി

കോളനിവ്യാപനത്തിന്റെ ഭാഗമായി അധീനതയിലായ ഭൂദേശത്തെ മനുഷ്യരും മൃഗങ്ങളും മേലുദ്യോഗസ്ഥരുടെ ബൂട്ടുകൾക്കും കുതിരകളുടെ കാതടപ്പിക്കുന്ന കുളമ്പടിശബ്ദത്തിനും തോക്കുകളുടെ ഗർജ്ജനത്തിനും മുമ്പിൽ വിറയലോടെ തല കുനിച്ചുനിന്നു. മറ്റൊരു വെല്ലുവിളിയായിരുന്നത് സാംക്രമിക രോഗങ്ങളായിരുന്നു. തോട്ടം തൊഴിലാളികൾക്കിടയിൽ ശുചിത്വമില്ലായ്മമൂലം പടർന്നുപിടിച്ച സാംക്രമികരോഗങ്ങളെ നിർമാർജനം ചെയ്യുക എന്നത് ആരോഗ്യപ്രവർത്തകർക്ക് ഏറെ ശ്രമകരമായ ദൗത്യമായിരുന്നു. മലേറിയ, ഹുക്കുവേം എന്നിവയായിരുന്നു അവയിൽ പ്രധാനം. മാലിന്യങ്ങൾ നേരാംവിധം സംസ്കരിക്കുക, ഷൂ ധരിക്കുക, കൊയിനമരുന്ന് നൽകുക തുടങ്ങിയ ശ്രമകരമായ ദൗത്യത്തിനൊടുവിൽ രോഗങ്ങളെ നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞു. തൊഴിലാളികളുടെ ആരോഗ്യപരിപാലനരംഗത്ത് ഏറെ ശ്രദ്ധപതിപ്പിക്കാൻ ഫോർഡിനു കഴിയാതെ പോയപ്പോൾ ബ്രിട്ടീഷ്-ഡച്ച് അധീനതയിലുള്ള കിഴക്കൻമേഖലയിൽ ഇക്കാര്യം തുടക്കം മുതലേ ഗൗരവമായിക്കണ്ട് വിജയകരമായി പ്രാവർത്തികമാക്കാൻ കഴിഞ്ഞത് തോട്ടംമേഖലയ്ക്ക് ഗുണം ചെയ്തു. രോഗങ്ങൾ ഇല്ലാതെ കൂടുതൽ തൊഴിൽദിനങ്ങൾ പ്രയോജനപ്പെടുത്താൻ ആരോഗ്യ പ്രവർത്തകരുടെ സമഗ്രമായ ഇടപെടൽ സഹായിച്ചു.

ഉഷ്ണമേഖലാകാലാവസ്ഥയ്ക്ക് യോജിച്ച വിധം ആംഗ്ലോ-ഇന്ത്യൻമാതൃകയിൽ നിർമ്മിച്ചിരിക്കുന്ന എസ്റ്റേറ്റ് ബംഗ്ലാവുകൾക്ക് വലിയ മുറികൾ, ധാരാളം ജനലുകൾ, ഉയർന്ന മച്ച്, തീ കായുന്നതിനുള്ള സ്ഥലം എന്നിവയെല്ലാം ഉൾപ്പെടുത്തി തോട്ടത്തിനകത്ത് ഒറ്റപ്പെട്ട സ്ഥലത്തായിരുന്നു അവ പടുത്തുയർത്തിയിരുന്നത്. നീളത്തിൽ വലിയ കെട്ടിടങ്ങൾ പണിത് ഒറ്റവാതിൽ മാത്രമുള്ള ചെറിയ മുറികളായി തിരിച്ചുകൊണ്ട് 3-4 തൊഴിലാളികൾക്ക് അന്തിയുറങ്ങുന്നതിനുള്ള സംവിധാനമാണ് ലയങ്ങളിൽ ഒരുക്കിയിരിക്കുന്നത്. ജനൽ പോലുമില്ലാതിരുന്ന ഇത്തരം മുറികളിൽ വേണ്ടത്ര വെളിച്ചമോ വായുസഞ്ചാരമോ ഇല്ലായിരുന്നു.

കൃഷിചെയ്യുന്നതിനുവേണ്ടി കാടുകൾ അളന്നുതിരിച്ച് നിക്ഷേപകരായ കമ്പനികൾക്ക് പാട്ടത്തിനു നൽകി. കാടുകൾ വെട്ടുകയും ബാക്കിയുള്ളത് തീയിടുകയും ചെയ്തപ്പോൾ ഒട്ടേറെ പാരിസ്ഥിതികപ്രശ്നങ്ങൾ പുതിയതായി പിറവിയെടുത്തു. വൃക്ഷലതാദികളും അവയുടെ വേരുപടലങ്ങളും വിരാചിച്ചിരുന്ന ഫലപുഷ്ടിയുള്ളതും ജൈവസമ്പുഷ്ടമായതുമായ മേൽമണ്ണ് നഷ്ടപ്പെട്ടപ്പോൾ മഴവെള്ളത്തിന്റെ ആഗിരണ പ്രക്രിയ താളംതെറ്റി. പലയിടങ്ങളിലും വെള്ളക്കെട്ട് പ്രത്യക്ഷപ്പെടുകയും അത് മലേറിയ പരത്തുന്ന കൊതുകുകൾക്ക് പെരുകാനുള്ള ലാവണമായി മാറുകയും ചെയ്തു. റബ്ബർതോട്ടമേഖലയിൽ മലേറിയ പടർന്നുപിടിക്കാനുള്ള പ്രധാന കാരണങ്ങളിലൊന്നായിരുന്നു ഇത്.

തോട്ടംമേഖലയിലെ മലേറിയ നിർമാർജനത്തിന് കൈക്കൊണ്ട ശക്തമായ നടപടികൾ പിൽക്കാലത്ത് പൊതുജനങ്ങൾക്കും ഏറെ പ്രയോജനപ്പെട്ടു. കൊതുകുകളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മാലിന്യസംസ്കരണം നടത്തുക, വെള്ളക്കെട്ട് ഒഴിവാക്കുക, ഓടകൾ-ശുചിമുറികൾ എന്നിവ നിർമ്മിക്കുക,

കൊതുകുവലയുടെ ഉപയോഗം ഉറപ്പാക്കുക, പനിക്കുള്ള മരുന്നായ കൊയിനയുടെ ഉപയോഗം നടപ്പാക്കുക, താമസസ്ഥലങ്ങളിൽ വെളിച്ചവും വായുസഞ്ചാരവും ഉറപ്പാക്കുക, കെട്ടിടങ്ങൾ വെള്ളപൂശുക തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ചെയ്തുവെങ്കിലും സാധാരണക്കാരുടെ ഇടയിൽ വ്യക്തിഗതശുചിത്വം പ്രാവർത്തികമാക്കുന്നത് എളുപ്പമല്ലായിരുന്നു.

തൊഴിലാളികളുടെ ആരോഗ്യപരിപാലനരംഗത്ത് ചെലവഴിച്ചുകൊണ്ടിരുന്ന ഭീമമായ തുക മൂലം തോട്ടവിളകളിൽനിന്ന് ലഭിക്കുന്ന ലാഭം കുറഞ്ഞുപോകുന്നതിൽ കമ്പനികൾ ആശങ്കപ്പെടുകയും ആയത് ഏതു വിധേനയും കുറയ്ക്കുക എന്ന ചിന്ത നാമ്പെടുക്കുകയും ചെയ്തു. ആരോഗ്യമുള്ള തൊഴിലാളികൾ തോട്ടം മേഖലയുടെ അനിവാര്യഘടകമാണ് എന്നുള്ള മറുവാദവും ശക്തമായിരുന്നു. തുച്ഛമായ ചെലവിൽ വൻതോതിൽ കൃഷിക്കാവശ്യമായ ഭൂമി പാട്ടത്തിന് ലഭിച്ചതുപോലെ തൊഴിൽചെലവ് കുറയ്ക്കുന്നതിനെക്കുറിച്ചുള്ള ശ്രമങ്ങളുമുണ്ടായി.

## സിങ്കോണ എന്ന ഒറ്റമൂലി

വിവിധ രാജ്യങ്ങളിൽനിന്നുമെത്തിയ ആയിരക്കണക്കിനുവരുന്ന തൊഴിലാളികൾക്കിടയിൽ വലിയൊരു വെല്ലുവിളിയായി നിലയുറപ്പിച്ച സാംക്രമികരോഗങ്ങളെ വരുതിക്കുനിർത്തിയതാകട്ടെ തെക്കേ അമേരിക്കൻ കാടുകളിൽനിന്ന് പിഴുതെടുത്ത് കൂടെക്കൂട്ടിയ സിങ്കോണ എന്ന ചെടിയും. തോട്ടവ്യവസായത്തിന്റെ അവിഭാജ്യ ഘടകമായി മാറിയ ഈ ഔഷധച്ചെടി ഡച്ച്, ജാവ, ബ്രിട്ടീഷ് ഇന്ത്യ, സിലോൺ ജമൈക്ക, ഫ്രഞ്ച് ആൾജിയേഴ്സ് എന്നിവിടങ്ങളിൽ കൃഷിചെയ്തതു മൂലം ആരോഗ്യമുള്ള തോട്ടംതൊഴിലാളികളെ വാർത്തെടുക്കുന്നതിൽ മാത്രമല്ല, ഒപ്പംതന്നെ യൂറോപ്യൻ ഔഷധവിപണിയിൽ തിളക്കമാർന്ന നേട്ടം കൊയ്യുന്നതിനും കാരണമായി. പട്ടാളക്കാർ തിങ്ങിപ്പാർക്കുന്ന ക്യാമ്പുകളിലുണ്ടായിരുന്ന പല രോഗങ്ങൾക്കും അറുതി വരുത്താൻ സിങ്കോണക്ക് കഴിഞ്ഞതിലൂടെ കൊളോണിയലിസത്തിന്റെ സന്തതസഹചാരിയായി ഈ ഔഷധസസ്യം മാറുകയായിരുന്നു.

സിങ്കോണയിൽ അന്തർലീനമായിരിക്കുന്ന ഔഷധഗുണത്തിന്റെ പൊരുളറിയാൻ പ്രശസ്തങ്ങളായ പല പരീക്ഷണശാലകളും അക്കാലത്ത് തുനിഞ്ഞിറങ്ങി. പതിനൊന്നിൽപരം ആൽക്കലോയിഡുകൾ സിങ്കോണ മരത്തിന്റെ പട്ടയിൽനിന്നും വേർതിരിച്ചതിൽനിന്ന് രോഗശമനത്തിന് ഏറ്റവും ഫലപ്രദമായത് ക്വയിനിൻ ആണെന്ന് വെളിവായതോടെ ഈ മരത്തിന്റെ വ്യാപകമായ കൃഷിക്കുവേണ്ടി സംരംഭകരുടെ തള്ളിക്കയറ്റമുണ്ടായി. പഴമക്കാരുടെ മനസ്സിൽപ്പതിച്ച പച്ചനിറമുള്ള ഔൺസ് കുപ്പിയിൽ ആശുപത്രികളിൽനിന്നും അക്കാലത്ത് രോഗികൾക്ക് കിട്ടിയിരുന്ന ചുവന്ന മരുന്നിനെ അവർ വിളിച്ചതാകട്ടെ- 'കൊയിന വെള്ളം' എന്നായിരുന്നു. പനി, വയറിളക്കം, തൊണ്ടവേദന, വന്ധ്യത, പല്ലുവേദന തുടങ്ങി ഒരു പിടി അസുഖങ്ങളെ ശമിപ്പിക്കാനുള്ള ഒറ്റമൂലിയായി ക്വയിനിൻ നിലകൊണ്ടു. യൂറോപ്യൻ വിപണിയിൽ പ്രിയമേറിയപ്പോൾ ഈറ്റില്ലമായ തെക്കേ അമേരിക്കയിലെ പെറു, ബൊളീവിയ എന്നിവിടങ്ങളിലെ കാടുകളിൽ വ്യാപകമായി കണ്ടിരുന്ന സിങ്കോണമരങ്ങൾ വൻതോതിൽ വെട്ടി നശിപ്പിക്കപ്പെട്ടു. ഈ കടന്നുകയറ്റം വംശനാശഭീഷണിയുടെ വക്കുവരെ എത്തിയപ്പോൾ മർക്ക് ഹാം സായിപ്പ് നിർദ്ദേശിച്ചതിൻപ്രകാരം കൊളോണിയൽ രാജ്യങ്ങളിൽ കൃഷിചെയ്തതിലൂടെ ഈ മരത്തിന്റെ പുനരധിവാസം സാദ്ധ്യമാവുകയായിരുന്നു.

## വിനോദം

കൃഷിവ്യാപനത്തിനൊപ്പംതന്നെ തോട്ടമേഖലയിലെ ബ്രിട്ടീഷ് ഉദ്യോഗസ്ഥർ വൈവിദ്ധ്യമാർന്ന വിനോദങ്ങളിൽ വ്യാപൃതരാവുന്നതിലും തൽപരരായിരുന്നു. നായാട്ട് ഇഷ്ടവിനോദങ്ങളിലൊന്നായിരുന്നു. കാടിനകത്തുകയറി കടുവ, പുലി, ആന തുടങ്ങിയവയെ വെടിവച്ചിടുകയും അതിനുശേഷം അതിനോടൊപ്പംനിന്ന് ഫോട്ടോ എടുത്ത് തന്റെ വീര്യത്തിന് സാക്ഷ്യമാവുകയും ചെയ്തിരുന്നു. ഫോട്ടോഗ്രാഫറെക്കൂടി കൂട്ടിക്കൊണ്ടുള്ള ഒരു സംഘമായിട്ടായിരിക്കും നായാട്ടിന് യാത്ര തിരിക്കുന്നത്. ഇത്തരം ചിത്രങ്ങൾ ആദ്യകാല പ്രസിദ്ധീകരണങ്ങളിൽ ആലേഖനം ചെയ്തിട്ടുണ്ട്. മാൻ, കേഴ, കാട്ടുപോത്ത് തുടങ്ങിയ മൃഗങ്ങളുടെ തലയോട്ടി, തോൽ എന്നിവ രാസസംസ്കരണം ചെയ്ത് എസ്റ്റേറ്റ് ബംഗ്ലാവുകളുടെ ഭിത്തിക്കു മാറ്റുകൂട്ടാൻ പതിപ്പിച്ചിരിക്കുന്നത് ഇന്നും കാണാവുന്നതാണ്. കരിമൂർഖൻ, അണലി, അട്ട തുടങ്ങിയവ നായാട്ടുകാരുടെ സ്വതന്ത്രവിഹാരത്തിനു തടയിട്ടു കൊണ്ടിരുന്നു.

എസ്റ്റേറ്റ് മാനേജർമാരുടെ മറ്റൊരു മുഖമുദ്ര അവർ ഉപയോഗിച്ചിരുന്ന തൊപ്പിയായിരുന്നു. തൊപ്പി കണ്ടാൽ പറയാം ആരുടെ - ഏതു കാലഘട്ടത്തിലേതെന്ന്. ഇത്തരത്തിൽ തൊപ്പിയുടെ ഒരു ശേഖരം മൂന്നാർ ക്ലബ്ബിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ദൈനംദിനവേലകളുടെ മേൽനോട്ടം വഹിക്കുന്നതിനുവേണ്ടി തോട്ടത്തിനകത്തുകൂടിയുള്ള സഞ്ചാരങ്ങൾക്കും ഒഴിവുവേളകളിൽ സംഘടിപ്പിക്കുന്ന മത്സരങ്ങൾക്കുമായി ആദ്യം കുതിരകളും 1911 ആയപ്പോഴേയ്ക്കും മോട്ടോർ സൈക്കിളുകളും രംഗത്തെത്തി. തോട്ടപ്പണികളുടെ ആയാസവും പ്രകൃതിയോടുള്ള പോരാട്ടവും വിറങ്ങലിച്ചു നിൽക്കുന്ന മനസ്സുകളെ ത്രസിപ്പിക്കുവാനുതകുംവിധം വിവിധതരത്തിലുള്ള വിനോദോപാധികളിൽ വേട്ടയും പന്തയങ്ങളുമെല്ലാമുണ്ടായിരുന്നു. തന്റെ സിലോണിലെ പരിചയം വച്ചുകൊണ്ട് ഡബ്ല്യു. ഒ. മിൽനെ 1899-ൽ കുണ്ടള ഹണ്ടും തുടർന്നു മൂന്നാർ ഹണ്ടും തുടങ്ങി. 1902-ൽ ഹൈറേഞ്ച് ഹണ്ട് അടച്ചുപൂട്ടിയെങ്കിലും അതിനു വേണ്ടി ചെലവഴിച്ച വൻതുക തിരിച്ചുപിടിച്ചത് അവിടെ വളർത്തിയിരുന്ന ധാരാളം മുന്തിയയിനം പട്ടിക്കുട്ടികളെ നല്ലവിലയ്ക്ക് വിറ്റുകൊണ്ടായിരുന്നു. രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്ന് ഏറെ താമസിയാതെ ഇന്ത്യ സ്വതന്ത്രമായി. അതോടെ നായാട്ട് പോലുള്ള വിനോദങ്ങൾക്ക് മങ്ങലേൽക്കാൻ തുടങ്ങി. പിടിച്ചുനിൽക്കാനായ ഇഷ്ടവിനോദങ്ങളിലൊന്നായിരുന്നു ഗോൾഫ്. തോട്ടവിളസംരംഭകരുടെ സഹകരണത്തോടെ 1885-ൽ ലഫ്. കേണൽ ഗ്രിഗ്ഗ് വിഭാവനംചെയ്ത ദ ട്രാവൻകൂർ ഗോൾഫ് ക്ലബ്ബാണ് ഈ വിഭാഗത്തിൽ ഏറ്റവും പഴക്കമേറിയതെന്ന് വിശ്വസിക്കപ്പെടുന്നു. പൂർണ്ണമായും തോട്ടവിള സംരംഭകരുടേതായിട്ടുള്ള ഗോൾഫ് ക്ലബ്ബ് 1890-ൽ മൂന്നാറിൽ സ്ഥാപിതമായി. തുടർന്ന് 1924-ൽ പീരുമേട്, വണ്ടൻമേട് എന്നിവിടങ്ങളിലും 1930-ൽ ആനമലയിലും ഗോൾഫ് ക്ലബ്ബുകൾ ആരംഭിച്ചു. കൊച്ചിയിലെത്തുന്ന റബ്ബർ, തേയില, കാപ്പിത്തോട്ടമുടമകൾക്കുള്ള ഇഷ്ടവിനോദം വേമ്പനാട്ടുകായലിലൂടെയുള്ള ബോട്ടുയാത്ര

യായിരുന്നു. അങ്ങിനെ 1896-ൽ മലബാർ സെയിലിങ് ക്ലബ് കൊച്ചിയിൽ സ്ഥാപിതമായി.

വൻകിടതോട്ടവ്യവസായവുമായി നേരിട്ട് ബന്ധമുള്ള ക്ലിപ്പേർട്ട് തന്റെ ആത്മകഥയിൽ നായാട്ടിനെയും മീൻ പിടുത്തത്തെയുംകുറിച്ച് വിവരിക്കുന്നുണ്ട്. എസ്റ്റേറ്റിനകത്തും പുറത്തുമുള്ള അരുവികളും കല്ലിടുക്കുകളും മത്സ്യത്തെ തേടിയുള്ളവരുടെ വിഹാരകേന്ദ്രമാണ്. കാറിൽ പോകാവുന്ന അത്രയും സഞ്ചരിച്ചതിനുശേഷം കിലോമീറ്ററുകളോളം നടന്ന് പുഴക്കരയിലെത്തുന്നു. വളരെ ലളിതമായ സാധനങ്ങളാണ് മീൻപിടിക്കുന്നതിനുവേണ്ടി കൈയ്യിൽ കരുതുന്നത്. കുറച്ചു വെടിമരുന്ന്, മണ്ണെണ്ണവിളക്ക്, തീപ്പെട്ടി, വാള്, ചണച്ചാക്ക് എന്നിവയുമായിട്ടാണ് ദിവസങ്ങളോളം നീളുന്ന ഉദ്യമത്തിന് പുറപ്പെടുന്നത്. വെടിമരുന്ന് പൊട്ടിക്കുമ്പോൾ ജലനിരപ്പിലേയ്ക്ക് പൊങ്ങിവരുന്നവയിൽ വലുതിനെ മാത്രം പൊക്കിയെടുത്ത് ചെകിളക്കകത്തേയ്ക്ക് തള്ളവിരൽ കടത്തിക്കൊണ്ട് തൂക്കിയെടുക്കും. അങ്ങിനെ രുചിയുള്ള, പത്തു മുപ്പതു കിലോയോളം മീനുമായിട്ടാണു മടക്കം. അപകടകരമായ ഈ രീതി തുടരേണ്ടതില്ല എന്നും എസ്റ്റേറ്റ് സ്റ്റോറിൽ നിന്നും വെടിമരുന്ന് ഇനി നൽകേണ്ടതില്ല എന്നുമുള്ള നിയന്ത്രണങ്ങൾ മാനേജുമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി.

## വിങ്ഫുട്ട് എസ്റ്റേറ്റ്

1928-ൽ സുമാട്രയിലെ നാൽപതിനായിരം ഏക്കർ കാട് വെട്ടിത്തെളിച്ചുകൊണ്ട് റബ്ബർകൃഷി ആരംഭിച്ച വിങ്ഫുട്ട് എസ്റ്റേറ്റ് വിസ്തൃതിയുടെ കാര്യത്തിൽ ഒന്നാമതായിരുന്നു. തടി അറക്കുന്നതിനുള്ള മില്ല്, ഇഷ്ടിക ചൂള, യന്ത്ര തറയോട് സാമഗ്രികൾ വിൽക്കുന്ന കട, ജലവിതരണസംവിധാനം, വൈദ്യുതി, ഐസ് നിർമ്മാണയൂണിറ്റ്, റെയിൽസംവിധാനം, മെച്ചപ്പെട്ട റോഡുകൾ, തറയോടുപാകിയ കെട്ടിടങ്ങൾ, സർവ്വസന്നാഹങ്ങളുമുള്ള ആശുപത്രികൾ, സ്കൂൾ, ആരാധനാലയങ്ങൾ, പലവ്യഞ്ജനക്കടകൾ, മാനസികോല്ലാസത്തിനുള്ള ഉപാധികൾ എന്നിവയെല്ലാം പതിനായിരം വരുന്ന തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും വേണ്ടി എസ്റ്റേറ്റിനകത്തുതന്നെ ഒരുക്കിയിരുന്നു. അമേരിക്കക്കാരായിരുന്ന നാലും ഡച്ചുകാരായ ഇരുപതും പേരടങ്ങുന്ന ടീമിനായിരുന്നു എസ്റ്റേറ്റിന്റെ ചുമതല. വിനോദത്തിനായി ടെന്നീസ് കോർട്ട്, കെഗൽ ബാൻ അഥവാ സ്കിറ്റിൽസ് അലെ തുടങ്ങിയവയുമായി വിങ് ഫുട്ട് ക്ലബ്ബ് ആരംഭിച്ചു. അമേരിക്കക്കാരുടെയും ഡച്ചുകാരുടെയും വിനോദങ്ങൾ തമ്മിൽ അന്തരമുണ്ടായിരുന്നു. എല്ലാ തിങ്കളാഴ്ചയും വൈകുന്നേരങ്ങളിൽ കളികളും മത്സരങ്ങളും നടത്തിയിരുന്നതിൽ സമീപത്തുള്ള എസ്റ്റേറ്റുകളിൽനിന്നും പ്രാതിനിധ്യമുണ്ടായിരുന്നു. ലഘുതരംഗ റേഡിയോ ഉണ്ടായിരുന്നതിലൂടെ സാമാന്യം ഭേദപ്പെട്ട ശ്രവണശുദ്ധിയോടുകൂടി ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കോർപ്പറേഷന്റെ (ബി.ബി.സി.) പ്രക്ഷേപണങ്ങൾ കേൾക്കാൻ കഴിയുമായിരുന്നു. സമസ്തകൃഷികളെയും സംബന്ധിച്ച റേഡിയോപരിപാടികൾ താൽപര്യത്തോടെ കേൾക്കുന്ന ശ്രോതാക്കളെ നമുക്കുചുറ്റും ഇന്നും കാണാവുന്നതാണ്. ഉയരമുള്ള രണ്ടു മുളകളുടെ അഗ്രഭാഗത്ത് വലിച്ചുകെട്ടിയിരിക്കുന്ന നീളമുള്ള ആന്റിനയാണ് റേഡിയോതരംഗങ്ങളെ പിടിച്ചെടുക്കുന്നത്. റേഡിയോ ഉപയോഗിക്കുന്നതിന് വാർഷിക വരിസംഖ്യയായ 15 രൂപ പോസ്റ്റോഫീസിൽ അടക്കേണ്ടതായ സ്ഥിതിയായിരുന്നു നാലഞ്ചു പതിറ്റാണ്ടു മുമ്പു വരെ നിലനിന്നിരുന്നത്. ഫോട്ടോഗ്രഫിയായിരുന്നു മറ്റൊരു ഇഷ്ടവിനോദം.

## മൺകീലിട്ട റോഡുകൾ

1920 കാലഘട്ടത്തിൽ ജാവയിൽ റോഡുനിർമ്മാണവും അതിന്റെ പരിചരണവും ഏറെ ദുർഘടവും ചില വേറിയതുമായിരുന്നു. റോഡുകളെ താറുമാറാക്കുന്ന രണ്ടു മുഖ്യശത്രുക്കളായി കണ്ടിരുന്നത് മഴയും കാളവണ്ടികളുമായിരുന്നു. കാളവണ്ടികളുടെ ലോഹച്ചുറ്റുള്ള വലിയ മരച്ചക്രങ്ങൾ റോഡിന്റെ അടിത്തറ ഇളക്കുകയും അത് മഴവെള്ളത്തിൽ കുത്തിയൊലിച്ചു പോവുകയും ചെയ്യുന്നു. റബ്ബർപാലായിട്ടോ പൊടിയായിട്ടോ മിശ്രിതത്തിൽ ചേർത്തുകൊണ്ടുള്ള റോഡുനിർമ്മാണത്തിന് ബ്രിട്ടീഷ് റബ്ബർ ഡെവലപ്മെന്റ് ബോർഡ് 1844-ൽ പേറ്റന്റ് നൽകിയിരുന്നു. ഒരു മില്ലീമീറ്റർ കനത്തിൽ റോഡിന്റെ ഉപരിതലത്തിൽ ഒരു മേലങ്കി പോലെ നിലനിന്നുകൊണ്ട് മഴവെള്ളം റോഡിന്റെ ഉള്ളിലേയ്ക്ക് ആഴ്ന്നിറങ്ങുന്നതിനെ തടയുന്നതിനൊപ്പം തന്നെ അത് പ്രദാനംചെയ്യുന്ന പരുപരുത്ത പ്രതലം വാഹനഗതാഗതം സുരക്ഷിതമാക്കുകയും റോഡിന്റെ ആയുസ് വർദ്ധിപ്പിക്കുകയും ചെയ്യുന്നു. പൊതുമരാമത്ത് വിഭാഗത്തിലെ ചീഫ് എഞ്ചിനീയറായിരുന്ന എം.ഡി. വോൾഫ്, ഗ്രാമങ്ങളിലെ റോഡുകളുടെ മുകളിൽ കുറച്ചുകാലം ഈടുനിൽക്കുന്ന ഒരു പ്രത്യേകതരം മിശ്രിതമിട്ട് സ്റ്റീം റോളർ കൊണ്ട് ഒതുക്കി തന്റെ ആദ്യ പരീക്ഷണം നടത്തി. ടാർ പോലുള്ള ഒരു വസ്തു, മണൽ, ചരൽ എന്നിവ ചേർത്തുണ്ടാക്കുന്ന മൺകീല് (Asphalt) റോഡിനു മുകളിലായി അഞ്ചു മില്ലീമീറ്റർ കനത്തിൽ വിരിക്കുന്നതിലൂടെ റോഡുകൾക്ക് ദീർഘകാലം നിലനിൽക്കുവാനാകുമെന്നതുകൊണ്ട് ജാവയിൽ ഇത്തരത്തിലുള്ള കൂടുതൽ റോഡുകൾ നിർമ്മിക്കപ്പെടുകയും ആവശ്യാനുസരണം റിപ്പയറിങ്ങും നടത്തിക്കൊണ്ടിരുന്നു. കാളവണ്ടികൾ ഉൾപ്പെടെ മറ്റു വാഹനങ്ങളുടെ ബാഹുല്യം ഏറിവന്നതോടെ മൺകീൽ മിശ്രിതം റോഡുനിർമ്മാണത്തിന് ഉപയോഗിക്കുന്നത് മെച്ചമാണെന്നുകണ്ടു. ദീർഘകാലം ഈടു നിൽക്കുമെങ്കിലും ചെലവേറിയ ഒരു സാങ്കേതികവിദ്യയാണിത്. 1935-ൽ ബ്രിട്ടീഷ് ഇന്ത്യയുടെ കീഴിലായിരുന്ന ടൗൺ കൗൺസിൽ ഓഫ് ഡൽഹി ഏതാനും റോഡുകളിൽ ഇതേ രീതി പരീക്ഷിച്ചുനോക്കിയപ്പോൾ ജാവയിൽ കണ്ടതുപോലെതന്നെ മെച്ചപ്പെട്ടതാണെന്നു കണ്ടെത്തി. ഉരുക്കുവളയം ഘടിപ്പിച്ചതും കാറ്റുനിറച്ച ടയർ ഘടിപ്പിച്ചതുമായ ഓരോ കാളവണ്ടികൾ 500 ഇഷ്ടിക വീതം കയറ്റിക്കൊണ്ട് മൺകീലിട്ട രണ്ടു വ്യത്യസ്ത വഴികളിലൂടെ ഓടിച്ചുകൊണ്ട് റോഡിന്റെ ബലപരീക്ഷണം നടത്തി. ഉരുക്കുപുറംചട്ട പതിപ്പിച്ച വണ്ടിച്ചക്രം 140 തവണ ഉരുണ്ട വഴിയിൽ വിള്ളലുകൾ രൂപപ്പെടുത്തുകയും മുന്നൂറോളം യാത്രകൾ കഴിഞ്ഞപ്പോഴേയ്ക്കും പൂർണ്ണമായി പാത തകരുകയും ചെയ്തു. എന്നാൽ, റബ്ബർടയർ ഉപയോഗിച്ചുകൊണ്ട് ഇത്രയേറെ യാത്രകൾ നടത്തിയ റോഡിന് യാതൊരു തകരാറും സംഭവിച്ചതായി കണ്ടില്ല. റോഡിന്റെ ഉപരിതലം മിനുക്കുന്നതിനുവേണ്ട ടാറിന്റെകൂടെ റബ്ബർപൊടികൂടി ചേർക്കുന്നതിനുവേണ്ട സാങ്കേതികവിദ്യ വികസിപ്പിച്ചെടുന്നതിനുള്ള ശ്രമങ്ങൾക്ക് ഇന്തോനേഷ്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ തുടക്കംകുറിച്ചു. റോഡുകളുടെ ഈട് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ലണ്ടനിലെ റബ്ബർഗവേഷകനായിരുന്ന എ.ഇ.എച്ച്. ഡസെക്കിന്റെ നേതൃത്വത്തിൽ റബ്ബർപൊടി

ചേർത്തുകൊണ്ടുണ്ടാക്കിയ മൺകീല് തൃപ്തികരമായിരുന്നു. റോഡുനിർമ്മാണത്തിനുപയോഗിക്കുന്ന കല്ലു ചീളുകളെ ഉറപ്പിക്കാൻ ഏറ്റവും ഉത്തമം ടാർമിശ്രിതം തന്നെയെന്നു വിശ്വസിപ്പിച്ചിരുന്ന റോഡുനിർമ്മാണവിദഗ്ദ്ധരുടെ മുന്നിലാണ് റബ്ബർചേർത്ത മിശ്രിതത്തെ അവതരിപ്പിച്ചത്. റോഡിൽ പുറത്തു രൂപപ്പെടുന്ന തെന്നൽ, ചൂട്, തണുപ്പ് എന്നിവ സൃഷ്ടിക്കുന്ന വൈതരണികൾ എന്നിവയെല്ലാം മറികടന്ന് പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ച റോഡ് ശക്തമായ വാഹനഗതാഗതത്തെ അതിജീവിച്ചുകൊണ്ട് പത്തുവർഷത്തിലേറെ നിലകൊണ്ടു. പുതിയ ഉദ്യമം ഉത്തമമാണെന്നുള്ള വിലയിരുത്തൽ ഇന്നും അഭംഗുരം തുടർന്നുവരുന്നു. മോട്ടോർവാഹനങ്ങൾക്കാവശ്യമായ ഗുണമേന്മയുള്ള റോഡുകളെ ഇരുമ്പുപട്ട ഘടിപ്പിച്ച കാളവണ്ടികൾ താറുമാറാക്കുന്നു എന്നുകണ്ട് ഇന്ത്യയിലെ ഏതാനും നിരത്തുകളിലൂടെയുള്ള കാളവണ്ടി ഗതാഗതം നിരോധിച്ചിരുന്നു. നെല്ല് കരിമ്പ്, ചണം, പരുത്തി തുടങ്ങിയ കൃഷിയുടെ അവിഭാജ്യഘടകമായിരുന്ന കാളവണ്ടികളെ കർഷകരെ സംബന്ധിച്ചിടത്തോളം ഒഴിവാക്കാനാകുമായിരുന്നില്ല. നിലവിലുള്ള പ്രശ്നത്തിനു പരിഹാരമായി കാറ്റുനിറച്ച ടയറുകൾ കാളവണ്ടികളിൽ പ്രചാരത്തിലാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നികുതിയിളവ്, ധനസഹായം എന്നിവ കർഷകർക്ക് നൽകി പ്രോത്സാഹിപ്പിച്ചു. ഇരുമ്പുചക്രങ്ങൾ പതിയുന്നതിനേക്കാൾ വീതിയിൽ താരതമ്യേന മൃദുവായ, കാറ്റുനിറച്ച ടയർ റോഡിൽ പതിയുന്നതുമൂലം റോഡിന് ബലക്ഷയമുണ്ടാക്കാതെതന്നെ കൂടുതൽ ഭാരം ലക്ഷ്യസ്ഥാനത്തെത്തിക്കാൻ ന്യൂമാറ്റിക് ടയറുകൾക്കായി. അങ്ങിനെ എല്ലാ അർത്ഥത്തിലും യാത്രകളെ സുഗമമാക്കിക്കൊണ്ട് യാത്രക്കാരുടെയും റോഡുകളുടെയും മിത്രമായി ടയർ ഇന്നും നിലകൊള്ളുന്നു. ഇന്ത്യയിൽ 1936 കാലഘട്ടത്തിൽ 12,000 കാളവണ്ടികളിൽ കാറ്റുനിറച്ച ടയറുകൾ ഉപയോഗിച്ചിരുന്നത് 1939 ആയപ്പോഴേയ്ക്കും 20,000 ആയി ഉയർന്നു. കാളകൾക്കും കുതിരകൾക്കും മോട്ടോർ വാഹനങ്ങൾക്കും വേണ്ടി പ്രത്യേകം ടയറുകൾ ഉണ്ടാക്കി അവയെ എ.ഡി.ഡബ്ല്യൂ. (A.D.W. Animal Drawn V ehicle), എച്ച്.ഡി.വി. (H.D.V. Horse Drawn Vehicle), എസ്.എം.വി. (S.M.V. Slow Moving Vehicle) എന്നിങ്ങനെയാണ് വിപണനം ചെയ്തിരുന്നത്.

മനുഷ്യന് വിരലടയാളം എന്നകണക്കേ കടന്നുപോകുന്ന വാഹനങ്ങൾ നിരത്തുകളിൽ പതിപ്പിക്കുന്ന മുദ്ര ടയറുകളുടേതാണ്. ഇത്തരത്തിലുള്ള അടയാളങ്ങൾ സൃഷ്ടിക്കുന്ന ടയറുകളുടെ വലുപ്പം, കട്ടകളുടെ ഡിസൈൻ, തേയ്മാനം തുടങ്ങിയ ഘടകങ്ങൾ ജീവിതത്തിലും കുറ്റാന്വേഷണകഥകളിലും ഇടംപിടിച്ചിട്ട് കാലമെത്രയായി! ടയർ ഉരഞ്ഞ് റോഡിലുണ്ടാകുന്ന പാടുകൾ വാഹനങ്ങളുടെ അമിതവേഗം, റോഡുനിർമ്മാണത്തിലെ അപാകം തുടങ്ങി ഒരു പിടി കാര്യങ്ങളിലേക്ക് നയിക്കുന്ന സൂചികയായി നിലകൊള്ളുന്നു. യാത്രയ്ക്കും ചരക്കുനീക്കത്തിനുമായി ഉപയോഗിച്ചിരുന്ന മരം, ലോഹം എന്നിവ കൊണ്ടുനിർമ്മിച്ച വാഹനങ്ങളുടെ ചാലകശക്തി മൃഗങ്ങളായ കുതിര, കാള എന്നിവയായിരുന്നു. ചക്രങ്ങളുടെ തേയ്മാനം കുറച്ചുകൊണ്ട് ആയുസ്സ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആദ്യകാലത്ത് വാഹനങ്ങളുടെ ചക്രങ്ങളുടെ പുറത്ത് ഇരുമ്പുപട്ട ഉറപ്പിക്കുമായിരുന്നു. ചക്രത്തിന്റെ വലുപ്പത്തിൽ കട്ടിയുള്ള പട്ടയുടെ വളയമുണ്ടാക്കി അതു ചൂടാക്കിക്കൊണ്ട് ചക്രത്തിനു ചുറ്റുമായി ഉറപ്പിക്കുന്നു. പട്ടയുടെ കാലം കഴിഞ്ഞപ്പോൾ കട്ടറബ്ബറും പിന്നീട് കാറ്റുനിറച്ച ടയറും ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ വണ്ടികൾ മോഡേണായി. നമ്മുടെ നാട്ടിലുണ്ടായിരുന്ന മനുഷ്യൻ വലിക്കുന്ന റിക്ഷകളുടെയും കട്ടവണ്ടി -പിടിവണ്ടി - ഭാരവണ്ടി എന്നൊക്കെ പരക്കെ അറിയപ്പെടുന്ന ചരക്കുവണ്ടിയുടെയും കാളവണ്ടിയുടെയും ചക്രങ്ങളിൽ മേൽപറഞ്ഞ പ്രകാരം വന്നിരിക്കുന്ന പരിണാമം പഴമക്കാരുടെ സ്മൃതിമണ്ഡലത്തിൽ ഒളിമങ്ങാത്ത ഓർമ്മകളായി നിലകൊള്ളുന്നു. തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്ന ഏതാനും കുതിരവണ്ടികളുടെ ചക്രങ്ങളുടെ പുറത്ത് ഉറപ്പിച്ചിരിക്കുന്ന കട്ടറബ്ബർ പഴക്കത്തിന്റേതായ പുഴുക്കുത്തലുകൾ കാര്യമായി ഏൽക്കാതെ ഇന്നും കാണാവുന്നതാണ്. മൃഗങ്ങളെക്കൊണ്ട് വലിപ്പിക്കുന്ന വാഹനങ്ങൾക്ക് ഗുണഗണങ്ങളേറെയുണ്ടെന്നാണ് വിലയിരുത്തൽ. വാഹനങ്ങളുടെ പരിരക്ഷയ്ക്കും ചരക്കുനീക്കത്തിനും താരതമ്യേന കുറഞ്ഞ ചെലവ് മതി. വാഹനങ്ങൾ ഇടയ്ക്കു വച്ച് വഴിയിൽ കിടക്കുന്ന രീതിയില്ല. കുതിരകളാകട്ടെ യാത്ര തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും ഏറെ കൃത്യതയോടെയാണ്. പൊട്ടിപ്പോകുന്ന സാധനസാമഗ്രികൾ സൂക്ഷ്മതയോടെ കൊണ്ടുപോകാൻ കഴിയുന്നു. തുടങ്ങി നിരവധി സൗകര്യങ്ങൾ പ്രദാനം ചെയ്യാൻ കാറ്റുനിറച്ച ന്യൂമാറ്റിക് ടയറുകൾ ഘടിപ്പിച്ചതിലൂടെ സാധ്യമായി. ശബ്ദരഹിതവും വിറയലില്ലാത്തതുമായ യാത്രയായിരുന്നു മറ്റൊരു ആകർഷകത്വം. ഇതിനായിട്ട് കുതിരകളുടെ കാലുകളിൽ റബ്ബർഷൂ അണിയിച്ചിരുന്നു. പന്തയങ്ങളിൽ പങ്കെടുക്കുകയും ഭാരം വലിക്കുകയും ചെയ്യുന്ന മൃഗങ്ങൾക്ക് അണിയാനുള്ള വിവിധതരം റബ്ബറുത്പന്നങ്ങൾ മാത്രം വിറ്റിരുന്ന സ്ഥാപനങ്ങൾ അന്ന് ലണ്ടനിലുണ്ടായിരുന്നു. 1930-കളിൽ ലണ്ടനിലെ തെരുവുകളിൽ മോട്ടോർ വാഹനങ്ങളുടെ ബാഹുല്യം ഏറിവന്നപ്പോൾ കുതിരവണ്ടികളുടെ എണ്ണം കുറഞ്ഞു കൊണ്ടിരുന്നുവെങ്കിലും റെയിൽവേയിലെ ഉന്നത ഉദ്യോഗസ്ഥർക്കും ചില പ്രഭുക്കന്മാർക്കും ഇഷ്ടവാഹനം കുതിരവണ്ടി തന്നെയായിരുന്നു. ചെറിയ ദൂരങ്ങൾ ചെലവുകുറച്ച് അനായാസം സഞ്ചരിക്കാമെന്നതും സ്ഥിരമായ യാത്രയുടെ തുടക്കവും അവസാനവും അറിയാവുന്ന കുതിരകളെ പ്രത്യേകിച്ച് നിയന്ത്രിക്കേണ്ടതില്ല എന്നതും മോട്ടോർ വാഹനത്തെ അപേക്ഷിച്ചുള്ള മെച്ചങ്ങളാണ്.

അക്കാലത്ത് ലണ്ടനിലെ ഏതാനും ബിയർക്കമ്പനികൾ മുന്തിയ ഇനം കുതിരകൾ വലിക്കുന്നതും കാറ്റുനിറച്ച ടയറുകളുള്ളതുമായ തുറസ്സായ വണ്ടിയിൽ മദ്യക്കുപ്പികൾ നിരത്തിക്കൊണ്ട് പ്രൗഢിക്കും പരസ്യത്തിനുമായി തുനിഞ്ഞിറങ്ങിയത് അക്കാലത്തെ വലിയ വാർത്തയായിരുന്നു. റോഡുകളിൽ മാത്രമല്ല, കൃഷിയിടങ്ങളിലും വിവിധ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ചലനങ്ങളിൽ ടയർ തന്റെ തനതായ മുദ്ര പതിപ്പിച്ചിരുന്നു.

ഭാരത്തിനനുസൃതമായി ടയറിന്റെ വലുപ്പം കൂട്ടുകയാണെങ്കിൽ കൂടുതൽ ചരക്കുനീക്കം അനായാസം കഴിയുമെന്ന് യൂണിവേഴ്സിറ്റി ഓഫ് റീഡിങ് നടത്തിയ പഠനങ്ങളിൽ കണ്ടെത്തി. ദുർഘടമേറിയ മലയിടുക്കുകളിൽ യുദ്ധക്കോപ്പുകൾ എത്തിക്കുന്നതിന് ബ്രിട്ടീഷ് ആർമി ഇത്തരം സംവിധാനത്തെ ഏറെ പ്രയോജനപ്പെടുത്തിയിരുന്നു.

*(തുടരും)*

# സെപ്റ്റംബർമാസത്തെ കൃഷിപ്പണികൾ



മഴക്കാലമാകുന്നതോടെ തോട്ടങ്ങളിൽ കളകൾ കൂടുതലായി വളർന്നിട്ടുണ്ടാവും. അവ നീക്കം ചെയ്യണം. കളകൾ ഉണങ്ങിയശേഷം വേനൽക്കാലത്ത് തൈകളുടെ ചുവട്ടിൽ പുതയിടാൻ ഉപയോഗിക്കാം.



## നഴ്സറി

ഒട്ടുകമ്പിനുള്ള മാതൃസസ്യങ്ങൾ വളർത്തിയെടുക്കാൻ നഴ്സറിയിൽ തൈകൾ നടാവുന്നതാണ്. 90 സെ.മീ. x 60 സെ.മീ. അകലത്തിൽ വേണം അവ നടാൻ. കൂടത്തൈകളോ കപ്പുതൈകളോ ഒട്ടുതൈക്കുറ്റികളോ ഇതിനായി ഉപയോഗിക്കാം. വിവിധയിനം തൈകൾ വെവ്വേറെ തടങ്ങളിൽ നട്ട് തിരിച്ചറിയാനായി ബോർഡു വയ്ക്കണം.

ഒട്ടുകമ്പു നഴ്സറിയിൽ തൈകൾ നട്ട് രണ്ടുമൂന്നു മാസമാകുമ്പോൾ അഥവാ ബഡ്ഡുചെയ്തു മുറിച്ചുവിട്ട് രണ്ടുമൂന്നു മാസമാകുമ്പോൾ ആദ്യ വളപ്രയോഗം നടത്താം. എൻ.പി.കെ. എം.ജി. 10-10-4-1.5 മിശ്രിതം തൈ ഒന്നിന് 125 ഗ്രാം എന്ന തോതിലാണ് ചേർക്കേണ്ടത്. പഴയ ഒട്ടുകമ്പു നഴ്സറികളിൽ ഒട്ടുകമ്പു മുറിച്ചെടുത്ത് രണ്ടുമൂന്നു മാസത്തിനുശേഷം മേൽപറഞ്ഞ വളം തൈ ഒന്നിന് 125 ഗ്രാം വീതം ചേർക്കണം.

ഈ വർഷം കൃഷിചെയ്ത തൈകളടക്കം അപക്വകാലഘട്ടത്തിലുള്ള മരങ്ങൾക്ക് വളം ചേർക്കാം. മണ്ണിൽ ആവശ്യത്തിന് ഈർപ്പമുള്ള സമയത്താണ് വളം ചേർക്കേണ്ടത്.

നഴ്സറി തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം തെളിച്ച് രണ്ടരയടി ആഴത്തിൽ കിളച്ച് മണ്ണിളക്കി രണ്ടു മുതൽ നാലു വരെ അടി വീതിയിലും സൗകര്യപ്രദമായ നീളത്തിലും തടങ്ങൾ ഉണ്ടാക്കണം. ചെരിവുള്ള സ്ഥലങ്ങളിൽ ചെരിവിനു കുറുകെ വേണം തടങ്ങളെടുക്കാൻ. തടങ്ങൾക്കിടയ്ക്ക് നടപ്പാതകൾ ക്രമീകരിക്കണം.

മുളപ്പിക്കാനുള്ള വിത്തുകൾ ഇതുവരെ തവാരണകളിൽ ഇട്ടിട്ടില്ലെങ്കിൽ ഇപ്പോൾ അതു ചെയ്യാം. മുളച്ചവിത്തുകൾ ഉടനെതന്നെ മുൻകൂർ തയ്യാറാക്കിയിട്ടുള്ള നഴ്സറിത്തടങ്ങളിലേക്കു മാറ്റി നടണം.



## ◆ കൃഷിപ്പണികൾ

### കൃഷിയിടത്തിൽ

കൃഷിയിടത്തിൽ ഇതുവരെ തൈകൾ നടാത്തവർക്ക് മണ്ണിൽ ഈർപ്പമുള്ളപക്ഷം ഈ മാസത്തിലും കൂടത്തൈകളോ കപ്പുത്തൈകളോ നടാം.

**ശാഖകൾ മുറിക്കൽ:** നിലനിരപ്പിൽ നിന്ന് ഏതാണ്ട് രണ്ടരമീറ്റർ വരെ ഉയരത്തിൽ വളരുന്ന എല്ലാ ശാഖകളും തണ്ടിനോടു ചേർത്തുവച്ച് മുറിച്ചു മാറ്റണം.

### കളയെടുപ്പ്

മഴക്കാലമാകുന്നതോടെ തോട്ടങ്ങളിൽ കളകൾ കൂടുതലായി വളർന്നിട്ടുണ്ടാവും. അവ നീക്കം ചെയ്യണം. കളകൾ ഉണങ്ങിയശേഷം വേനൽക്കാലത്ത് തൈകളുടെ ചുവട്ടിൽ പുതയിടാൻ ഉപയോഗിക്കാം.

കൃഷിയിടത്തിൽ നട്ടിട്ടുള്ള തോട്ടപ്പയറിന് വളം ചെയ്യാം. ഒരു ഹെക്ടറിന് 165 കിലോഗ്രാം റോക്ക് ഫോസ്ഫേറ്റ് രണ്ടുതവണയായി ഇട്ടുകൊടുക്കാം. പൊട്ടാഷ് കുറവുള്ള മണ്ണിൽ റോക്ക് ഫോസ്ഫേറ്റിനോടൊപ്പം 50 കി. ഗ്രാം പൊട്ടാഷ്കൂടി ചേർത്ത മിശ്രിതമാണ് നൽകേണ്ടത്. പയർ നട്ട തടങ്ങളിൽ വളം വിതറിക്കൊടുത്താൽ മതിയാകും.

### രോഗനിയന്ത്രണം

**പിങ്കുരോഗം:** വർഷകാലകാലത്താണ് മരങ്ങളെ പിങ്കുരോഗം (ചീക്ക്) ബാധിക്കുന്നതെങ്കിലും പ്രത്യക്ഷ രോഗലക്ഷണങ്ങൾ കാര്യമായിക്കാണുന്നതും മരങ്ങൾ ഉണങ്ങുന്നതും ജൂലൈ മുതൽ നവംബർ വരെയുള്ള മാസങ്ങളിലാണ്. രോഗബാധ കണ്ടാലുടൻ ആ ഭാഗത്ത് ബോർഡോക്കുഴമ്പു പുരട്ടണം. ഉണങ്ങിയ കമ്പുകളും ചില്ലകളും മുറിച്ചുമാറ്റി കത്തിച്ചു കളയുകയും വേണം.

**കൂമ്പുചീയൽ:** കൂമ്പുചീയൽ തടയാനായി തൈകൾക്ക് ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കണം. മഴക്കാലത്ത് മഴയില്ലാത്ത ദിവസങ്ങളിലും തോർച്ചയുള്ളപ്പോഴും ഇതു ചെയ്യാം.

**പാച്ച്കാങ്കർ:** മഴക്കാലത്താണ് സാധാരണമായി മരങ്ങൾക്ക് ഈ രോഗം പിടിപെടുക. ടാപ്പിങ് പാനലിലോ തടിയുടെ മറ്റേതെങ്കിലും ഭാഗത്തോ രോഗബാധയുണ്ടാകാം. രോഗം ബാധിച്ച ഭാഗത്തുനിന്ന് റബ്ബർപാൽ ഒഴുകുകയും പട്ട പൊട്ടിക്കീറുകയും ചെയ്യും. രോഗബാധയേറ്റ ഭാഗത്തെ പട്ട നീക്കം ചെയ്താൽ അവിടെ ദുർഗന്ധം വമിക്കുന്ന റബ്ബർചണ്ടി കാണാം. കേടുവന്ന പട്ടയും റബ്ബർചണ്ടിയും ചുരണ്ടി നീക്കിയശേഷം ആ ഭാഗം കുമിൾനാശിനി ഉപയോഗിച്ച് കഴുകണം. മാങ്കോസെബ് (0.75 ശതമാനം) എന്ന കുമിൾനാശിനി 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയാണ് ഉപയോഗിക്കേണ്ടത്. കുമിൾനാശിനി ഉണങ്ങിയതിനുശേഷം, റബ്ബർകോട്ടോ മുറിവുണക്കാൻ സഹായിക്കുന്ന മറ്റേതെങ്കിലും പെട്രോളിയം ഉത്പന്നങ്ങളോ പുരട്ടുക.

**പട്ടചീയൽ:** റെയിൻഗാർഡുചെയ്ത് ടാപ്പുചെയ്യുമ്പോൾ പട്ടചീയൽ ഉണ്ടാകാതിരിക്കാൻ വെട്ടുപട്ട ആഴ്ചയിലൊരിക്കൽ കുമിൾനാശിനി ഉപയോഗിച്ച് കഴുകണം. ഇതിന് മാങ്കോസെബ് (0.375 ശതമാനം) അഞ്ചുഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയ മിശ്രിതം മതിയാകും.

### ഉത്തേജകൗഷധപ്രയോഗം

മഴയില്ലെങ്കിൽ, ടാപ്പുചെയ്യുന്ന മരങ്ങളിൽ സെപ്റ്റംബറിൽ ഉത്തേജകൗഷധം പുരട്ടാം. പട്ടമരപ്പിന്റെ ലക്ഷണങ്ങൾ കാട്ടുന്ന മരങ്ങളിലും ദിവസേനയോ ഒന്നിരാടമോ ടാപ്പുചെയ്യുന്ന മരങ്ങളിലും ഉത്തേജകൗഷധ പ്രയോഗം ശുപാർശ ചെയ്യുന്നില്ല.



വെട്ടിയിറങ്ങിയ പട്ടയിൽ രണ്ടര ശതമാനം വീര്യമുള്ള എത്തഫോൺ ബ്രഷുപയോഗിച്ച് പുരട്ടുകയാണ് ചെയ്യുന്നത്. ടാപ്പിങ്ങിന്റെ ഇടവേളയും റബ്ബറിന്റെ ഇനവ്യത്യാസവുമനുസരിച്ച് ഉത്തേജകൗഷധപ്രയോഗത്തിന്റെ തോതും വ്യത്യാസപ്പെടും. ആർആർഐഐ 105 എന്ന ഇനം മൂന്നു ദിവസത്തിലൊരിക്കൽ (ആഴ്ചയിൽ രണ്ട്) ടാപ്പുചെയ്യുമ്പോൾ ആണ്ടിൽ മൂന്നു തവണ (ഏപ്രിൽ, സെപ്റ്റംബർ, നവംബർ)യും നാലു ദിവസത്തിലൊരിക്കൽ (രണ്ടാഴ്ചയിൽ മൂന്ന്) ടാപ്പുചെയ്യുമ്പോൾ ആണ്ടിൽ ആറു തവണയും (ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ, നവംബർ, ഡിസംബർ) ആഴ്ചയിൽ ഒന്ന് ടാപ്പുചെയ്യുമ്പോൾ ആണ്ടിൽ 12 തവണയും (എല്ലാമാസവും ഓരോ തവണ) ഉത്തേജകൗഷധപ്രയോഗം നടത്താം. ആർആർഐഎം 600, ജിടി 1 എന്നീ ഇനങ്ങൾ മൂന്നു ദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുമ്പോൾ നാലു തവണയും (ഏപ്രിൽ, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ) ജിടി 1 നാലുദിവസത്തിലൊരിക്കൽ ടാപ്പുചെയ്യുമ്പോൾ ആണ്ടിൽ ഏഴു തവണ (ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, ഡിസംബർ, ജനുവരി) ഉത്തേജകൗഷധം പ്രയോഗിക്കാം. •



# കോൾ സെന്ററിൽനിന്ന്...

'പുകപ്പുരകളുടെ നിർമ്മാണവും അപാകങ്ങൾ പരിഹരിക്കലും', 'റബ്ബർ പാൽ സംഭരിച്ച് വിപണനം നടത്തുമ്പോൾ കർഷകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ' എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് റബ്ബർബോർഡ് കോൾ സെന്റർ നടത്തിയ പ്രത്യേക ഫോൺ ഇൻ പരിപാടികളിൽ പങ്കെടുത്തവരുടെ ചോദ്യങ്ങൾക്ക് റബ്ബർബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ (എഞ്ചിനീയറിങ്) തോംസൺ ഫ്രാൻസിസ്, ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ് ) ജോർജ് തോമസ് എന്നിവർ നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## പുകപ്പുരനിർമ്മാണം

1. ***പുകപ്പുരനിർമ്മാണത്തിന് സ്ഥലം തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?***
മഴക്കാലത്ത് ഉറവയും വെള്ളക്കെട്ടും ഉണ്ടാകുന്ന സ്ഥലങ്ങൾ പുകപ്പുര നിർമ്മാണത്തിന് തെരഞ്ഞെടുക്കരുത്. ഒരു കാരണവശാലും വായു പുറന്തള്ളുന്ന വാതായനങ്ങൾ സ്ഥിരമായി കാറ്റ് വീശുന്നതിനഭിമുഖമായി വരുന്ന വിധത്തിൽ പുകപ്പുരകൾ നിർമ്മിക്കരുത്. അവ ഷീറ്റടിക്കുന്നതിനുള്ള മെഷീൻ വച്ചിരിക്കുന്ന ഷെഡ്ഡിനോട് ചേർന്ന് നിർമ്മിക്കുന്നതാണ് നല്ലത്. വിറക് നനയാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതും ഉചിതമാണ്.

2. ***പുകപ്പുരയുടെ വലിപ്പം നിർണയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?***
ദിവസവും ലഭിക്കുന്ന ഷീറ്റുകളുടെ എണ്ണത്തിന്റെ അഞ്ച് ഇരട്ടി ഷീറ്റുകൾ കൊള്ളത്തക്ക വലിപ്പമുള്ള പുകപ്പുരകളാണ് നിർമ്മിക്കേണ്ടത്. ഉദാഹരണത്തിന് പ്രതിദിനം 40 ഷീറ്റുകളാണ് കിട്ടുന്നതെങ്കിൽ പുകപ്പുര 200 ഷീറ്റ് ഇടാൻ തക്ക വലുപ്പമുള്ളതായിരിക്കണം.

3. ***ഇഷ്ടികയോ വെട്ടുകല്ലോ കൊണ്ട് നിർമ്മിച്ച പുകപ്പുരയുടെ ഭിത്തി സിമന്റ് ഉപയോഗിച്ച് തേയ്ക്കേണ്ട ആവശ്യമുണ്ടോ?***
പുകപ്പുരയുടെ പുറംവശത്തെ ഭിത്തി തേയ്ച്ചില്ലെങ്കിലും ഉൾവശത്തെ ഭിത്തി നിർബന്ധമായും സിമന്റ് ഉപയോഗിച്ച് തേയ്ക്കണം. കൂടാതെ തറ കോൺക്രീറ്റ് ചെയ്ത് പ്ലാസ്റ്റർ ഇട്ടു മിനുസപ്പെടുത്തി ഒരു വശത്തേക്ക് അല്ലെങ്കിൽ ഒരു കോണിലേക്ക് ചെരുവോടെ നിർമ്മിക്കണം. വെള്ളം പുറത്തേക്ക് ഒഴുകിപോകുന്നതിന് ഭിത്തിയിൽ ദ്വാരവും ഉണ്ടായിരിക്കണം.

4. ***റബ്ബർഷീറ്റുകൾ റോളറുകളിൽ അടിച്ചെടുത്ത ശേഷം എപ്പോഴാണ് പുകപ്പുരയിൽ ഇടേണ്ടത്?***
റബ്ബർഷീറ്റുകൾ അടിക്കുന്ന ദിവസം തന്നെ പുകപ്പുരയിലിട്ട് പുകയ്ക്കണം. നനഞ്ഞ ഷീറ്റുകൾ രാത്രികാലങ്ങളിൽ പുറത്തിട്ടാൽ അതിൽ പൂപ്പൽ ഉണ്ടാവുകയും ഷീറ്റുകൾ ഉണങ്ങാൻ കാലതാമസം വരികയും ചെയ്യും. അടിച്ചെടുത്ത ഷീറ്റുകൾ വേനൽക്കാലത്ത് വെയിലത്തിടുകയാണെങ്കിൽ കുറച്ചു സമയത്തിന് ശേഷം അത് മറിച്ചിടുകയും അതേ ദിവസം തന്നെ പുകപ്പുരയിൽ ഇടുകയും വേണം.

5. ***പുകപ്പുരയിൽ ഇടുന്ന ഷീറ്റുകളിൽ വിയർപ്പുണ്ടാകുന്നത് എന്തുകൊണ്ടാണ്?***
പുകയ്ക്കുമ്പോൾ പുകപ്പുരയ്ക്ക് അകത്തുണ്ടാകുന്ന നീരാവി നിറഞ്ഞ പുക പുറത്തേക്ക് കളയുന്നതിന് വെന്റിലേഷൻ ഇല്ലാത്തതുകൊണ്ടാണ് ഷീറ്റുകളിൽ വിയർപ്പുണ്ടാകുന്നത്. സീലിങ്ങിന് അടിയിലായി പുകയറയുടെ ഭിത്തിയിൽ വേണം വെന്റിലേഷൻ കൊടുക്കാൻ. മുറിയുടെ വലിപ്പത്തിനനുസരിച്ചാണ് ദ്വാരമിടേണ്ടത്. ഒരു ക്യൂബിക് മീറ്റർ അളവിന് 100 ചതുരശ്ര സെന്റീമീറ്റർ എന്ന കണക്കിൽ ദ്വാരം ഇടണം.

6. ***പുകപ്പുരകൾ ശാസ്ത്രീയമായി നിർമ്മിക്കുന്നതിന് സാങ്കേതികോപദേശം എവിടെ നിന്ന് ലഭിക്കും?***
പുകപ്പുരയുടെ പ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ റബ്ബർ ബോർഡിന്റെ എഞ്ചിനീയറിങ് ആന്റ് പ്രോസസിങ് ഡിവിഷനിൽ നിന്ന് ലഭ്യമാണ് (ഫോൺ നമ്പർ-0481-2353311).



*തോംസൺ ഫ്രാൻസിസ് കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു*

## റബ്ബർപാൽസംഭരണവും വിപണനവും

1. ***റബ്ബർപാൽ ശേഖരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്?***

പാൽ സംഭരിക്കുന്നതിനുള്ള ചിരട്ടകൾ, ബക്കറ്റുകൾ, അരിപ്പ മുതലായവ പരമാവധി വൃത്തിയായി സൂക്ഷിക്കണം. റബ്ബർപാൽ ശേഖരിക്കുന്ന വീപ്പകൾ വൃത്തിയുള്ളതും ചോർച്ച ഇല്ലാത്തതും ആണെന്ന് ഉറപ്പുവരുത്തണം. ആവശ്യമായ അളവിൽ അമോണിയയും രാസവസ്തുക്കളുടെ മിശ്രവും (അമോണിയലായനി 8 കി.ഗ്രാം, ടി.എം.ടി.ഡി. മിശ്രം 250 ഗ്രാം) നിറച്ചിട്ടുണ്ടോ എന്നും കാലിവീപ്പയുടെ തൂക്കം രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും പരിശോധിക്കണം. വൃത്തിയുള്ള പാത്രങ്ങളിൽ റബ്ബർപാൽ ശേഖരിച്ച് 40 മെഷിന്റെ അരിപ്പയിൽ അരിച്ചെടുത്ത ശേഷം വീപ്പയിൽ നിറയ്ക്കുക. തരിച്ച പാലോ പാത്രം കഴുകിയ വെള്ളമോ ഒഴിക്കരുത്. ടാപ്പിങ് കഴിഞ്ഞാൽ പരമാവധി രണ്ടര മണിക്കൂറിനകം റബ്ബർപാൽ ശേഖരിച്ച് വീപ്പയിൽ ഒഴിക്കണം. പാൽ ഒഴിക്കുന്നതിനായി വീപ്പയുടെ അടപ്പ് തുറന്നാൽ എത്രയും പെട്ടെന്ന് പാലൊഴിച്ച് അടപ്പ് നന്നായി അടയ്ക്കണം. അല്ലെങ്കിൽ അമോണിയ ബാഷ്പീകരിച്ചു പോകുന്നതിനും തന്മൂലം റബ്ബർപാൽ കേടാകുന്നതിനും ഇടയായേക്കാം. വീപ്പയുടെ മുകൾഭാഗത്ത് പത്ത് സെന്റീമീറ്റർ വിട്ടു മാത്രമേ പാൽ നിറയ്ക്കാവൂ. പാൽ നിറച്ചശേഷം വൃത്തിയുള്ള കമ്പ് ഉപയോഗിച്ച് ഇളക്കി അടപ്പ് നന്നായി അടച്ച ശേഷം തണലിൽ സൂക്ഷിക്കുക.

2. ***റബ്ബർപാൽ നിറച്ചിരിക്കുന്ന വീപ്പകളിൽനിന്ന് സാമ്പിൾ ശേഖരിക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?***

വീപ്പകളിലെ റബ്ബർപാൽ നന്നായി ഇളക്കി യോജി


# BHRT റബ്ബർ ടാപ്പിംഗ് മെഷീൻ



ഇതാ ഞങ്ങളുടെ പുതിയ
ലൈറ്റ് വെയ്റ്റ് മോഡൽ BHRT- 3000
ലേഡി ടാപ്പർമാർക്ക് വേണ്ടിയും പുതിയ
മരങ്ങൾക്ക് വേണ്ടിയും ഇപ്പോൾ
വിപണിയിൽ ലഭ്യം

FINAL PRICE
RS.15,000
50% SUBSIDY
MRP-
RS 30,000



BHRT -2000 മോഡൽ
എല്ലാത്തരം
പ്രായമായ മരങ്ങൾക്കു
വേണ്ടിയും

റബർ ടാപ്പിംഗ് മെഷീൻ
കമ്പനി ഷോറും &
സർവ്വീസ് സെന്റർ
കോട്ടയത്ത്
ആരംഭിച്ചിരിക്കുന്നു

മെഷീൻ ഉപയോഗിച്ച് ടാപ്പിംഗ് നിലവാരം ഉറപ്പാക്കാം
1. തൃപ്തികരമായ പാലൊഴുക്കും ആദായവും.
2. കൃത്യമായ അളവിൽ ടാപ്പിംഗ് പട്ടയുടെ വിനിയോഗം നിയന്ത്രിക്കാൻ സാധിക്കും.
3. സെൻസർ സിസ്റ്റം ഉള്ളതിനാൽ തടിയിൽ കയറാതെ ടാപ്പ് ചെയ്യാൻ സാധിക്കും, അതിനാൽ മരത്തിൽ കായം വരില്ല.
4. Machine basic weight 1.5 kg

BHRT റബ്ബർ ടാപ്പിംഗ് മെഷീനിൽ സ്റ്റെപ്പർ മോട്ടറും ലിഥിയം അയൺ ബാറ്ററിയും ഉപയോഗിച്ചിരിക്കുന്നു.
ഓരോപ്രാവശ്യം ബാറ്ററി ഫുൾ ചാർജ്ജ് ചെയ്യുമ്പോൾ 800 മരം ടാപ്പ് ചെയ്യാം

Dealers/ Sales Outlets for Kerala, Karnataka, TN & NE India
We are looking to create Dealer networks in Kerala..
Interested Tool Shop owners and other
Rubber Produce Outlets kindly contact for Dealership.

Bholanath®
RUBBER TAPPING MADE EASY
Bholanath Kerala Showroom and Service Centre
PH: 0481 -2373777

DEALERS : SOLUTION TOOLS THAMARASSERY - 96450 12344, BHOLANATH KERALA SHOWROOM - 0481 -2373777
NORTH WAYANAD RUBBER MARKETING SOCIETY, MANANDHAVADI- 6238898921




*ജോർജ് തോമസ് കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു*

പ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷം ആറു മില്ലീമീറ്റർ വ്യാസമുള്ള ഒരു പൈപ്പ് ഉപയോഗിച്ച് എല്ലാ വീപ്പയിൽനിന്നും റബ്ബർപാലിന്റെ സാമ്പിളുകൾ എടുത്ത് വൃത്തിയുള്ള പാത്രത്തിലേക്ക് പകരണം. ഇങ്ങനെ എടുക്കുന്ന സാമ്പിൾ വീപ്പയിലെ മൊത്തം പാലിന്റെ സ്വഭാവഗുണം ഉള്ളതായിരിക്കും. സാമ്പിൾ റബ്ബർപാൽ നന്നായി യോജിപ്പിച്ചശേഷം 100 മുതൽ 200 വരെ മി. ലിറ്റർ കൊള്ളുന്ന മൂന്നു പ്ലാസ്റ്റിക് കുപ്പികളിൽ കഴുത്തറ്റം വരെ നിറയ്ക്കുക. സാമ്പിൾ നിറച്ച കുപ്പികളിൽ ലേബൽ ഒട്ടിച്ചശേഷം അതിൽ ഒരു കുപ്പി സീൽ ചെയ്യുക. ഉണക്കത്തൂക്കം അഥവാ ഡി.ആർ.സി. (ഡ്രൈ റബ്ബർ കണ്ടന്റ്) യുടെ കാര്യത്തിൽ തർക്കം ഉണ്ടായാൽ സീൽ ചെയ്ത സാമ്പിൾ റബ്ബർബോർഡ് അംഗീകൃത പരിശോധനശാലയിൽ കൊടുത്ത് ഡി.ആർ.സി. നിർണ്ണയിക്കാവുന്നതാണ്.

3. ***റബ്ബർപാൽ വീപ്പയിൽ നൽകുമ്പോൾ കിട്ടുന്ന വില നിശ്ചയിക്കുന്നത് എങ്ങനെയാണ്?***

റബ്ബർപാലിൽ ഉള്ള ഉണക്കറബറിന്റെ (ഡി.ആർ.സി.) തൂക്കത്തിനെ ആധാരമാക്കിയാണ് വില ലഭിക്കുന്നത്. ഉദാഹരണത്തിന് 35 ശതമാനം ഡി.ആർ.സി. യുള്ള 200 കി.ഗ്രാം പാലിൽ 70 കി.ഗ്രാം ഉണക്കറബ്ബർ ഉണ്ടായിരിക്കും. അമോണിയ ചേർത്ത പാലിന് വില കണക്കുകൂട്ടുന്നത് 60 ശതമാനം ഡി.ആർ.സി. ഉള്ള സാന്ദ്രീകൃത പാലിന്റെ (സെനെക്സ് ) വില ആധാരമാക്കിയാണ്. ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്ന 60 ശതമാനം സെനെക്സ് വിലയെ 100 ശതമാനത്തിലേക്ക് മാറ്റി അതിൽ നിന്നും സംസ്കരണച്ചെലവായി ഏകദേശം 45 രൂപ കുറവു ചെയ്യും. ഉദാഹരണത്തിന് 60 ശതമാനം ഡി. ആർ. സി. ഉള്ള സെനക്സിന്റെ വില 124 രൂപയാണെങ്കിൽ അതിനെ 1.66 കൊണ്ട് ഗുണിക്കുമ്പോൾ 100 ശതമാനം ഡി.ആർ. സി. യുടെ വില ലഭിക്കുന്നു. അതായത് 205.84 രൂപ. അതിൽനിന്നും 45 രൂപ കുറവ് ചെയ്ത വിലയായ 160.84 രൂപയായിരിക്കും ഒരു കിലോഗ്രാം ഉണക്ക തൂക്കത്തിന്റെ വില. ഇതിൽനിന്ന് നേരിയ വ്യത്യാസത്തിൽ കൂടിയതോ കുറഞ്ഞതോ ആയ ഒരു വില കർഷകർക്ക് ലഭിക്കാവുന്നതാണ്. ഇത് വിലയുടെ ഒരു മാനദണ്ഡമായി കർഷകർക്ക് എടുക്കാവുന്നതാണ്.

4. ***വീപ്പയിൽ നിറച്ച റബ്ബർപാൽ എത്രനാൾ സൂക്ഷിച്ചുവയ്ക്കാം?***

ശരിയായ രീതിയിൽ റബ്ബർപാൽ നിറച്ചിട്ടുള്ള വീപ്പകൾ മൂന്നുനാലു മാസം വരെ കേടാകാതെ സൂക്ഷിച്ചുവെക്കാം. വീപ്പകൾ തണലത്ത് സൂക്ഷിക്കണം. അധികനാൾ സൂക്ഷിക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഇടയ്ക്കിടയ്ക്ക് ഉരുട്ടി റബ്ബർപാൽ ഇളക്കി യോജിപ്പിക്കുന്നത് നന്നായിരിക്കും.

തയ്യാറാക്കിയത്

**ആൻസമ്മ ജോർജ്ജ്**
(അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ)

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



### റബ്ബറിന്റെ ഇ-വിപണന സംവിധാനം 'എംറൂബി'

റബ്ബറിന്റെ ഇ-വിപണന സംവിധാനമായ 'എംറൂബി' (mRube)യെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് 2022 ആഗസ്റ്റ് 18 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ റബ്ബർബോർഡിലെ മാർക്കറ്റ് പ്രമോഷൻ ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബിനോയ് കെ. കുര്യൻ മറുപടി പറയും.

### റബ്ബറിന് വളപ്രയോഗം

റബ്ബറിനുള്ള വളപ്രയോഗത്തെ സംബന്ധിച്ചുള്ള ചോദ്യങ്ങൾക്ക് 2022 ആഗസ്റ്റ് 24 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. അമ്പിളി കെ.കെ. മറുപടി പറയും.

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2022 സെപ്റ്റംബർ മാസത്തെ പരിശീലനപരിപാടികൾ

1. **മലിനജലനിയന്ത്രണം**
   മലിനീകരണനിയന്ത്രണത്തെക്കുറിച്ചും മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള നൂതന മാർഗങ്ങളെക്കുറിച്ചും അറിവ് നൽകുന്നതിനുള്ള പരിശീലനം സെപ്റ്റംബർ 01, 02 തീയതികളിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ചു നടക്കും. പരിശീലനഫീസ് 6000 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ)

2. **തേനീച്ചവളർത്തൽ**
   റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ ഏകദിന പരിശീലനം (ഓൺലൈൻ) സെപ്റ്റംബർ 02-ന് നടക്കും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ)

3. **ഉണക്കറബ്ബർ നിർണയം**
   റബ്ബർപാലിലെ ഉണക്കറബ്ബർ പരിശോധിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം സെപ്റ്റംബർ 05 മുതൽ 07 വരെയുള്ള തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ചു നടക്കും. പരിശീലനഫീസ് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി പുറമെ).

4. **രോഗ-കീടനിവാരണം**
   റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളെയും കീടങ്ങളെയും നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിന പരിശീലനം സെപ്റ്റംബർ 06-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ചു നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ)

5. **ഇടവേള കൂടിയ ടാപ്പിങ്**
   വിവിധ തരത്തിലുള്ള ഇടവേള കൂടിയ ടാപ്പിങ് രീതികൾ, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഉത്തേജകൗഷധ പ്രയോഗം, എന്നിവ ഉൾപ്പെടുത്തിയുള്ള പരിശീ



ലനം സെപ്റ്റംബർ 14-ന് നടക്കും. പരിശീലന ഫീസ് 500 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ)

6. **ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ**
   ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ റബ്ബർബോർഡ് ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനം സെപ്റ്റംബർ 15,16 തീയതികളിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ചു നടക്കും. കർഷകർ, വ്യാപാരികൾ, റബ്ബർപാൽസംസ്കരണത്തിലേർപ്പെട്ടിരിക്കുന്നവർ, ഷീറ്റു നിർമ്മാതാക്കൾ, ഉത്പന്നനിർമ്മാതാക്കൾ തുടങ്ങിയവർക്ക് പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ)

7. **റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണം**
   റബ്ബർപാലിൽനിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം (ഓൺലൈൻ) സെപ്റ്റംബർ 19 മുതൽ 23 വരെയുള്ള യുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ, ലാറ്റക്സ് കോമ്പൗണ്ടിങ് / പ്രൊഡക്ട് ടെക്നോളജി, എംഎസ്എംഇ സ്കീമുകൾ, മാർക്കറ്റിങ് എന്നിവ കോഴ്സിൽ ഉൾപ്പെടുന്നു. പരിശീലനഫീസ് 3750 രൂപ (18 ശതമാനം ജി.എസ്.റ്റി പുറമെ).

8. **റെയിൻഗാർഡിങ്**
   റബ്ബർ റെയിൻഗാർഡിങ്ങിന്റെ വിവിധവശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം സെപ്റ്റംബർ 21-ന് കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ചു നടക്കും. പരിശീലന ഫീസ് 500 രൂപ(18 ശതമാനം ജി.എസ്.ടി. പുറമെ)

9. **ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമ്മാണം**
   ഉണക്കറബ്ബറിൽനിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം സെപ്റ്റംബർ 26 മുതൽ 30 വരെയുള്ള തീയതികളിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ചു നടത്തും. റബ്ബർ കോമ്പൗണ്ടിങ്, പ്രോസസ് കൺട്രോൾ ടെസ്റ്റുകൾ, വൾക്കനൈസേറ്റ് ടെസ്റ്റിങ്, എംഎസ്എംഇ സ്കീമുകൾ, മാർക്കറ്റിങ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്നു. റബ്ബർവ്യവസായങ്ങളിൽ നിന്നുള്ള സംരംഭകർ, സാങ്കേതികോദ്യോഗസ്ഥർ, സ്റ്റാർട്ടപ്പ് മിഷനുകളിൽ നിന്നുള്ളവർ തുടങ്ങിയവർക്ക് പങ്കെടുക്കാം. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

10. **വളമിടീൽ**
    റബ്ബർമരങ്ങളുടെ വളമിടീലിനെക്കുറിച്ചുള്ള ഏകദിന പരിശീലനം സെപ്റ്റംബർ 27-ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ചു നടക്കും. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.ടി. പുറമെ)

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവു ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 04812353201 (വ്യവസായം), 7994650941 (കൃഷി) ബന്ധപ്പെടുക.





മോഹനൻ കെ.
ഡെവലപ്മെന്റ് ഓഫീസർ

# കൂൺകൃഷി: റബ്ബർകർഷകർക്കൊരു അധികവരുമാനം

റബ്ബർകൃഷിയിലെ സുസ്ഥിരത ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. റബ്ബറിൽ നിന്നുള്ള വരുമാനത്തോടൊപ്പം തോട്ടങ്ങളിലും ഗൃഹാന്തരീക്ഷത്തിലുമെല്ലാം അധിക വരുമാനം നൽകുന്ന സംരംഭങ്ങളിൽ ഏർപ്പെടുക എന്നത് റബ്ബർകൃഷിമേഖലയുടെ നിലനിൽപിന് അത്യന്താപേക്ഷിതമായി മാറിയിരിക്കുന്നു. ഇത്തരത്തിലുള്ള സംരംഭങ്ങൾക്ക് റബ്ബർബോർഡ് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിക്കൊണ്ടാണിരിക്കുന്നത്. അല്പമൊരു ശ്രദ്ധയും സമയവും ചെലവഴിക്കാൻ തയ്യാറുണ്ടെങ്കിൽ റബ്ബർകർഷകർക്ക് അധിക വരുമാനം നേടാൻ സഹായിക്കുന്ന ഒന്നാണ് കൂൺകൃഷി. ഇത്തരത്തിൽ കൂൺകൃഷിയിലും കൂൺ ഉത്പാദനത്തിലും ശ്രദ്ധേയമായ നേട്ടം കൈവരിച്ച ഒരു സംഘമാണ് മംഗലാപുരം റീജിയണിലെ അറുവ റബ്ബറുത്പാദകസംഘം.

കോവിഡാനന്തരകാലത്ത് കൂടുതൽ വരുമാനം ലഭിക്കുന്നതിനായി സ്വയംതൊഴിൽ കണ്ടെത്തുകയും അതോടൊപ്പംതന്നെ റബ്ബർകൃഷി സുസ്ഥിരമാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (NIRT) നിന്നുള്ള നിർദ്ദേശപ്രകാരമാണ് കൂൺകൃഷി പരിശീലനപരിപാടി മംഗലാപുരം റീജിയണൽ ഓഫീസിനു കീഴിലുള്ള

വിവിധ റബ്ബറുത്പാദകസംഘങ്ങളിൽ നടപ്പാക്കിയത്. എൻ. ഐ.ആർ. ടി. ഇത്തരത്തിലുള്ള ഒട്ടേറെ പരിശീലനങ്ങൾ കർഷകർക്ക് നൽകിവരുന്നു.

ബെൽത്തങ്ങാടി താലൂക്കിലുള്ള അറുവ റബ്ബറുത്പാദകസംഘമാണ് പരിശീലനപരിപാടി സംഘടിപ്പിച്ചത്. 2019-ൽ ഈ സംഘം രൂപീകരിക്കപ്പെട്ടെങ്കിലും പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംഘം ഭാരവാഹികൾ ഉൾപ്പെട്ട 'അളദംഗാടി' ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (എഫ്.പി.ഒ.) രൂപീകരിച്ചതോടെയാണ് പ്രവർത്തനങ്ങൾക്ക് ലക്ഷ്യബോധവും വേഗവും കൈവന്നത്. റബ്ബറും മറ്റ് അനുബന്ധ സംരംഭങ്ങളുമാണ് അളദംഗാടി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷന്റെ പ്രവർത്തനമേഖലകൾ. ഈ എഫ്.പി.ഒ.-യുടെ കീഴിൽ പത്തിലധികം വനിതാ സ്വാശ്രയസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്വാശ്രയസംഘങ്ങളുടെ സേവനം സംഘത്തിന് ലഭിക്കുന്നതിനാൽ വിവിധ പരിശീലനപരിപാടികൾ വിജയകരമായി സംഘടിപ്പിക്കാൻ കഴിയുന്നു. നല്ല രീതിയിൽ പ്രവർത്തിക്കുന്നതിനാൽ വിവിധ കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങളിൽ നിന്നുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാനും ഈ എഫ്.പി.ഒ.-യ്ക്ക് കഴിയുന്നുണ്ട്.

റബ്ബർ ഉൾപ്പെടെ വിവിധ കാർഷികവിളകളുമായി ബന്ധപ്പെട്ട പരിശീലനപരിപാടികൾ അറുവ റബ്ബറുത്പാദകസംഘം 'അളദംഗാടി' എഫ്.പി.ഒ.-യുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ചു വരുന്നു. ടാപ്പിങ് പരിശീലന പരിപാടി, ഗുണമേന്മയുള്ള ഷീറ്റുനിർമ്മാണം, തേനീച്ച വളർത്തൽ തുടങ്ങിയവയെല്ലാം ഈ പരിശീലനപരിപാടികളിൽ ചിലതാണ്. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന് കീഴിലുള്ള ലേബർ വെൽഫയർ ഓർഗനൈസേഷനുമായി ചേർന്ന് ഒരു മെഡിക്കൽ ക്യാമ്പും കഴിഞ്ഞ വർഷം സംഘം സംഘടിപ്പിച്ചിരുന്നു. തൊഴിലാളികൾക്ക് സൗജന്യ ഇൻഷുറൻസ് ലഭ്യമാക്കുന്ന 'ശ്രമിക് കാർഡ്' വിതരണവും ഇതിനോടനുബന്ധിച്ച് നടപ്പാക്കി. മംഗലാപുരം റീജിയണൽ ഓഫീസിന്റെ പരിധിയിലുള്ള റബ്ബറുത്പാദകസംഘങ്ങളിൽ ഒരു വനിത സാരഥ്യം വഹിക്കുന്ന ഏക സംഘമാണ് ഇതെന്ന പ്രത്യേകതയും ഉണ്ട്. രണ്ടുദിവസത്തെ പരിശീലനപരിപാടിയിൽ കൂൺകൃഷിയുമായി ബന്ധപ്പെട്ട പ്രായോഗിക പരിശീലനവും ഉൾപ്പെട്ടിരുന്നു. കാസറഗോഡ് കേന്ദ്രതോട്ടവിളഗവേഷണ കേന്ദ്രത്തിൽനിന്നുള്ള 'റിസോഴ്സ് പേഴ്സൺ' ആയ പാണ്ഡുരംഗ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. പരിശീലനപരിപാടി വിജയകരമായി പൂർത്തിയാക്കിയ പഠിതാക്കൾക്ക് എൻ.ഐ.ആർ.ടി. യുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. തുടർന്ന് റബ്ബറുത്പാദകസംഘത്തിന്റെയും 'അളദംഗാടി' ഫാർമേഴ്സ് പ്രോഡ്യൂസേഴ്സ് ഓർഗനൈസേഷനു കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെയും ആഭിമുഖ്യത്തിൽ കൂൺകൃഷി ആരംഭിച്ചു.







കൂൺകൃഷി വിജയമാണെന്ന് കണ്ടതോടെ കൂടുതൽ ആളുകൾ അതിനായി മുന്നോട്ടുവരുന്നുണ്ട്. കാസറഗോഡ് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്സ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (സി.പി.സി.ആർ.ഐ.) നിന്നാണ് കൂൺവിത്തുകൾ (spawn) വാങ്ങുന്നത്. ഉത്പാദക സംഘം കൂൺവിത്തുകൾ ശേഖരിച്ച് സ്വാശ്രയസംഘങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നു. 'ചിപ്പിക്കൂൺ' (oyster mushroom) ആണ് കൃഷിക്കായി പ്രധാനമായും ഉപയോഗിക്കുന്നത്. ലാഭകരമായി ചെയ്യാൻ കഴിയുന്ന ഒന്നാണ് കൂൺകൃഷി എന്ന് അനുഭവസ്ഥരായ കർഷകർ പറയുന്നു.

പ്രാദേശിക വിപണികളിൽതന്നെ കൂണിന് ആവശ്യക്കാർ ഏറെയുണ്ട്. 200 ഗ്രാമിന്റെ പാക്കറ്റുകളിലാണ് ഇപ്പോൾ കൂൺ വിപണനം നടത്തുന്നത്. ഉത്പാദനം കൂടുകയാണെങ്കിൽ മംഗലാപുരം കേന്ദ്രീകരിച്ച് വിപണനം വ്യാപിപ്പിക്കാനാണ് സംഘം ഉദ്ദേശിക്കുന്നത്. കൂൺകൃഷി പോലെ അധികവരുമാനം നൽകുന്ന സംരംഭങ്ങളിൽ ഏർപ്പെടുന്നതിലൂടെ റബ്ബർകർഷകർക്ക് കൂടുതൽ സാമ്പത്തികഭദ്രത കൈവരുമെന്നത് തീർച്ചയാണ്. പ്രതിസന്ധികൾ ഉണ്ടായാലും റബ്ബർകൃഷിയിൽ തുടരുന്നതിന് അധികവരുമാനമാർഗങ്ങൾ കർഷകരെ പ്രാപ്തരാക്കും. •

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2022 ജൂലൈ 1 | 17900 | 17650 | 12260 | 17850 | 17650 | 15649 | 15582 |
| 2022 ജൂലൈ 2 | 17900 | 17650 | അവധി | 17900 | 17650 | അവധി | അവധി |
| 2022 ജൂലൈ 3 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ജൂലൈ 4 | 17900 | 17650 | 12365 | 17900 | 17650 | 15569 | 15502 |
| 2022 ജൂലൈ 5 | 17900 | 17650 | 12470 | 17900 | 17650 | 15503 | 15437 |
| 2022 ജൂലൈ 6 | 17750 | 17500 | 12470 | 17750 | 17500 | 15360 | 15294 |
| 2022 ജൂലൈ 7 | 17700 | 17500 | 12470 | 17700 | 17500 | 15275 | 15209 |
| 2022 ജൂലൈ 8 | 17700 | 17450 | 12520 | 17700 | 17450 | 15143 | 15078 |
| 2022 ജൂലൈ 9 | 17650 | 17400 | അവധി | 17650 | 17400 | അവധി | അവധി |
| 2022 ജൂലൈ 10 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ജൂലൈ 11 | 17650 | 17350 | 12520 | 17650 | 17350 | 15052 | 14986 |
| 2022 ജൂലൈ 12 | 17650 | 17350 | 12470 | 17650 | 17350 | 15149 | 15083 |
| 2022 ജൂലൈ 13 | 17600 | 17300 | 12470 | 17600 | 17300 | അവധി | അവധി |
| 2022 ജൂലൈ 14 | 17550 | 17200 | 12365 | 17550 | 17200 | അവധി | അവധി |
| 2022 ജൂലൈ 15 | 17500 | 17100 | 12260 | 17500 | 17100 | 14804 | 14738 |
| 2022 ജൂലൈ 16 | 17450 | 17100 | അവധി | 17450 | 17100 | അവധി | അവധി |
| 2022 ജൂലൈ 17 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ജൂലൈ 18 | 17450 | 17100 | 12260 | 17450 | 17100 | 14682 | 14617 |
| 2022 ജൂലൈ 19 | 17400 | 17050 | 12100 | 17400 | 17050 | 14592 | 14527 |
| 2022 ജൂലൈ 20 | 17350 | 17000 | 12045 | 17350 | 17000 | 14602 | 14536 |
| 2022 ജൂലൈ 21 | 17350 | 17000 | 11995 | 17350 | 17000 | 14607 | 14541 |
| 2022 ജൂലൈ 22 | 17300 | 17000 | 11940 | 17300 | 17000 | 14339 | 14274 |
| 2022 ജൂലൈ 23 | 17300 | 16950 | അവധി | 17300 | 16950 | അവധി | അവധി |
| 2022 ജൂലൈ 24 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2022 ജൂലൈ 25 | 17250 | 16900 | 11780 | 17250 | 16900 | 14349 | 14284 |
| 2022 ജൂലൈ 26 | 17150 | 16800 | 11730 | 17150 | 16800 | 14409 | 14343 |
| 2022 ജൂലൈ 27 | 17000 | 16700 | 11625 | 17000 | 16700 | 14439 | 14373 |
| 2022 ജൂലൈ 28 | 17000 | 16600 | 11625 | 17000 | 16600 | അവധി | അവധി |
| 2022 ജൂലൈ 29 | 16900 | 16500 | 11625 | 16900 | 16500 | 14369 | 14304 |
| 2022 ജൂലൈ 30 | 16800 | 16400 | അവധി | 16800 | 16400 | അവധി | അവധി |
| 2022 ജൂലൈ 31 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| **ശരാശരി** | **17463** | **17148** | **12160** | **17462** | **17148** | **14883** | **14817** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ്, റബ്ബർബോർഡ്*

India 's No 1 Quality Rubber Roller & Sheeters Available All Over India
From - JOSE BROTHERS COIMBATORE - 641 027.
Branch - MARTHANDAM, Contact No. 94434 16380, 04651-270962






# പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ഏപ്രിൽ 2022 | ഏപ്രിൽ 2021 | ഏപ്രിൽ 2021 & മാർച്ച് 2022 | ഏപ്രിൽ 2020 & മാർച്ച് 2021 | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ |
|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) |
| **ഉത്പാദനം (ടൺ)** | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 22720 | 22850 | 491090 | 462915 | |
| ബ്ലോക്കുറബ്ബർ | 10200 | 9300 | 155125 | 143355 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 7000 | 6750 | 109250 | 88680 | |
| മറ്റുള്ളവ | 1080 | 1100 | 19535 | 20050 | |
| ആകെ | 41000 | 40000 | 775000 | 715000 | 8.4 |
| **ഉപഭോഗം* (ടൺ)** | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 46500 | 54445 | 516275 | 522260 | |
| ബ്ലോക്കുറബ്ബർ | 58500 | 45100 | 594160 | 463860 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി. ആർ. സി.) | 8050 | 7780 | 100050 | 84645 | |
| മറ്റുള്ളവ | 2950 | 2675 | 27515 | 25645 | |
| ആകെ | 116000 | 110000 | 1238000 | 1096410 | 12.9 |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 82069 | 81247 | 904574 | 780588 | 15.9 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | |
| ഇറക്കുമതി (p) | 36403 | 46444 | 546369 | 410478 | |
| കയറ്റുമതി (p) | 316 | 736 | 3560 | 11343 | |

**2022 ഏപ്രിൽ അവസാനത്തെ സ്റ്റോക്ക് (ടൺ)**

| | | | |
|---|---|---|---|
| കർഷകർ | 98000 | ഷീറ്റുറബ്ബർ | 235050 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 135000 | ബ്ലോക്കുറബ്ബർ | 95750 |
| ടയർ നിർമ്മാതാക്കൾ (c) | 118000 | റബ്ബർപാൽ (ഡിആർസി) | 30300 |
| മറ്റു വ്യവസായികൾ | 35000 | മറ്റുള്ളവ | 24900 |
| ആകെ | 386000 | ആകെ | 386000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്
c- ട്രാൻസിറ്റ് ഉൾപ്പെടെ, R-പുതുക്കിയ കണക്കുകൾ പ്രകാരം. (ഡി.ജി.സി.ഐ. & എസ്., കൊൽക്കൊത്ത)
# കർഷകരുടെയും വ്യാപാരികളുടെയും പ്രോസ്സസേഴ്സിന്റെയും പക്കൽ പ്രോസ്സസ് ചെയ്യാതെയുള്ള റബ്ബർ ഉൾപ്പെടെ
*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിപ്പാർട്ട്മെന്റ്, റബ്ബർബോർഡ്*



# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്



# ഗുണമേന്മയുള്ള നടീൽവസ്തുക്കൾക്ക്

# റബ്ബർബോർഡ് നഴ്സറികൾ

| റബ്ബർബോർഡിന്റെ<br>കേരളത്തിലെ നഴ്സറികൾ | |
|---|---|
| **സെൻട്രൽ നഴ്സറി**<br>കരിക്കാട്ടൂർ, മുക്കട പി.ഒ.<br>ഇ-മെയിൽ: cnkkr@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി,**<br>മഞ്ചേരി.<br>ഇ-മെയിൽ: romji@rubberboard.org.in |
| **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>കടയ്ക്കാമൺ, പുനലൂർ.<br>ഇ-മെയിൽ: ropnr@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>ഉളിക്കൽ, കണ്ണൂർ.<br>ഇ-മെയിൽ: roskm@rubberboard.org.in |
| **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>കാഞ്ഞിക്കുളം, പാലക്കാട്.<br>ഇ-മെയിൽ:ropgt@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>ആലക്കോട്, തളിപ്പറമ്പ്.<br>ഇ-മെയിൽ: rotba@rubberboard.org.in |



RUBBER MONTHLY (MALAYALAM )
Published on 11 August 2022
RNI. 7842/65

Registered KL / KTM/ 44 / 2021-23
Licence No. KL / CR / KTM / WPP-30 / 2021-23
Licensed to post without pre-payment




Printed and Published by P. Prasad, Deputy Director (I/C), Publicity and Public Relations, Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: P. Prasad